POSTAL REG NO GDP-44/2017-2019

بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

The weekly **BADAR** Qadian Malayalam


വാല്യം 2

വാർഷിക വരിസംഖ്യ 300 രൂപ

ലക്കം 42

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2017 ഒക്ടോബർ 19/ഹി:ശം:1396 ഇഖാ 19/ഹി:ഖ: 1439 മുഹർറം 28


## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. അമീറുൽ മുഅ്മിനീൻ 15-09-2017ന് മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് മോർഡൻ(ലണ്ടൻ)നിൽ ജുമുഅ ഖുത്ബ നിർവഹിച്ചു. അതിന്റെ പൂർണ രൂപം ഈ ലക്കം 3-ാം പേജിൽ വായിക്കുക. സ്നേഹിതന്മാർ ഹുദൂർ അൻവറിന്റെ ആരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയം വരിക്കുന്നതിനും പ്രത്യേകമായ കാവലുണ്ടാകുന്നതിനും ദുആ ചെയ്തുകൊണ്ടേ ഇരിക്കുക. അല്ലാഹു എപ്പോഴും ഹുദൂർഅൻവറിന്റെസംരക്ഷകനും സഹായിയുമായിരിക്കട്ടെ. സഹായവും തുണയും നല്കുമാറാകട്ടെ. ആമീൻ. അല്ലാഹുമ്മ അയ്യിദ് ഇമാമനാ ബി റൂഹിൽ ഖുദുസ് വ ബാരിക്ലനാ ഫീ ഉംരിഹീ വ അംരി ഹീ.

**ആയിരക്കണക്കിന് ആളുകളെ അല്ലാഹു സൃഷ്ടിച്ചു. അവരുടെ മനസ്സുകളിൽ എന്നോടുള്ള സ്നേഹം അവൻ നിറച്ചു. ചിലർ എനിക്കുവേണ്ടി ജീവൻ നല്കി. ചിലർ എനിക്കുവേണ്ടി തങ്ങളുടെ സമ്പത്ത് നശിക്കുന്നത് ഇഷ്ടപ്പെട്ടു. ചിലർ എനിക്കുവേണ്ടി തങ്ങളുടെ രാജ്യത്തുനിന്ന് പുറത്താക്കപ്പെട്ടു. പീഢിപ്പിക്കപ്പെട്ടു. സ്വന്തം ആവശ്യങ്ങളേക്കാളുപരി എന്നെ മുന്തിച്ചുകൊണ്ട് തങ്ങളുടെ പ്രിയപ്പെട്ട ധനം എന്റെ മുമ്പിൽ വെച്ചുതന്ന ആയിരക്കണക്കിനാളുകളുണ്ട്**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

**ദൃഷ്ടാന്തം 71.** സയ്യിദ് ഹാമിദ് ശാഹ് സാഹിബ് സിയാൽക്കോട്ടി എഴുതുന്നു: ഹാഫിള് സുൽത്വാൻ സിയാൽകോട്ടി ഹുദൂറിന്റെ കഠിനശത്രുവായിരുന്നു. ഇയാൾ സിയാൽക്കോട്ടിൽ ഹുദൂറിന്റെ യാത്രാസംഘം കടന്നുപോകുമ്പോൾ അദ്ദേഹത്തിനുമേൽ ചാരമിടാൻ തീരുമാനിച്ച ആളായിരുന്നു. അവസാനം അയാൾ കഠിനമായ പ്ലേഗ് ബാധിച്ച് 1906ൽ നാശമടഞ്ഞു. അയാളുടെ വീട്ടിലെ 9,10 ആളുകളും പ്ലേഗ് പിടിപെട്ട് മരിച്ചു. ഇപ്രകാരം തന്നെ സിയാൽക്കോട്ട് നഗരത്തിൽ നടന്ന ഇക്കാര്യം എല്ലാവർക്കും അറിയുന്നതാണ്. ഹക്കീം മുഹമ്മദ് ശഫീ എന്ന ആൾ ബയ്അത്ത് ചെയ്ത് മുർത്തദ്ദായിപോയി. അയാൾ മദ്റസത്തുൽ ഖുർആന് അടിത്തറയിട്ടിരുന്നു. മസീഹ് മൗഊദ്(അ)ന്റെ കഠിനവിരോധിയായിരുന്നു. ഈ ദൗർഭാഗ്യവാന് തന്റെ ശാരീരികമായ ഉദ്ദേശ്യങ്ങൾ കാരണത്താൽ ബയ്അത്തിൽ നിലകൊള്ളാൻ സാധിച്ചില്ല. സിയാൽക്കോട്ടിലെ ലോഹാറാൻ മഹല്ലിലെ ആളുകൾ കഠിനവിരോധികളായിരുന്നു. അവർ ശത്രുതയിലും വെറുപ്പിലും അയാളോടൊപ്പം ചേർന്നു. അവസാനം അവരും പ്ലേഗിന്നിരയായി. അയാളുടെ ഭാര്യ അയാളുടെ മാതാവ്, അയാളുടെ സഹോദരൻ എല്ലാവരും ഒന്നിനുശേഷം മറ്റൊന്നായി പ്ലേഗ് പിടിപെട്ട് മരിച്ചു. അയാളുടെ മദ്റസയ്ക്കുവേണ്ടി സഹായം നല്കിയ ആളും പ്ലേഗ് ബാധിച്ച് മരിച്ചു.

ഇപ്രകാരംതന്നെ മിർസാ സർദാർ ബേഗ് സിയാൽക്കോട്ടി തന്റെ ദുർഭാഷണത്തിലും അഹങ്കാരത്തിലും വളരെ അതിരുകടന്നിരുന്നു. എപ്പോഴും പരിഹസിക്കുകയും അപഹസിക്കുകയുമായിരുന്നു അയാളുടെ ജോലി. എപ്പോഴും അയാൾ സംസാരിച്ചിരുന്നത് അഹങ്കാരത്തോടുകൂടിയായിരുന്നു. അയാളും കഠിനമായ പ്ലേഗ് പിടിപെട്ട് നശിച്ചു. ഒരുദിവസം അയാൾ അഹങ്കാരത്തോടെ അഹ്മദിയ്യാ ജമാഅത്തിലെ ഒരംഗത്തോട് പറഞ്ഞു 'എന്തിനാണ് നിങ്ങൾ പ്ലേഗ് പ്ലേഗ് എന്ന് പറഞ്ഞ് നടക്കുന്നത്. ഞങ്ങൾക്ക് പ്ലേഗുണ്ടാകട്ടെ, അപ്പോൾ ഞങ്ങൾ അറിയും'. അത് കഴിഞ്ഞ് രണ്ട് ദിവസത്തിനുശേഷം അയാളും പ്ലേഗ് പിടിപെട്ട് മരിച്ചു.

**ദൃഷ്ടാന്തം 72:** ചില കഠിനവിരോധികൾ മുബാഹല എന്ന നിലയിൽ ലഅ്നത്തുല്ലാഹി അലൽ കാദിബീൻ (കള്ളം പറയുന്നവരുടെമേൽ അല്ലാഹുവിന്റെ ശാപമുണ്ടാകട്ടെ)എന്നു പറഞ്ഞിരുന്നു. അവർ അല്ലാഹുവിന്റെ ശിക്ഷയിൽ അകപ്പെട്ട് മരിച്ചു. മൗലവി റശീദ് അഹ്മദ് ഗംഗോഹി ആദ്യം അന്ധനായി. പിന്നീട് പാമ്പ് കടിയേറ്റു മരിച്ചു. ചിലർ ഭ്രാന്ത് പിടിപെട്ട് മരിച്ചു. മൗലവി ശാഹ് ദീൻ ലുധിയാനവിയും മൗലവി അബ്ദുൽ അസീസും മൗലവി മുഹമ്മദും, മൗലവി അബ്ദുല്ലാ ലോധാനവിയും മുൻപന്തിയിലുണ്ടായിരുന്ന എതിരാളികളായിരുന്നു. മൂന്നുപേരും മരിച്ചു. അപ്രകാരംതന്നെ ലഖോകെക്കാരനായ അബ്ദുർറഹ്മാൻ മുഹ്യുദ്ദീൻ തനിക്കുണ്ടായ ഇൽഹാമിനുശേഷം -അതായത് കള്ളന്റെമേൽ ദൈവശിക്ഷ ഇറങ്ങും- മരിക്കുകയുണ്ടായി.

**ദൃഷ്ടാന്തം 73:** മൗലവി ഗുലാം ദസ്തഗിർ ഖസൂരി തന്റേതായ നിലയിൽ എന്നോട് മുബാഹല ചെയ്തു. കള്ളവാദിയെ അല്ലാഹു നശിപ്പിക്കട്ടെ എന്ന് തന്റെ ഗ്രന്ഥത്തിൽ ദുആ ചെയ്തുകൊണ്ട് അയാളെഴുതി. ഈ ദുആ ചെയ്ത് കുറച്ചുദിവസത്തിനുശേഷം അയാൾ സ്വയം നാശമടഞ്ഞു. എതിരാളികളായ മൗലവിമാർക്കുള്ള എത്ര അടയാളമായിരുന്നു ഇത്. അവർ മനസ്സിലാക്കിയിരുന്നുവെങ്കിൽ!

**ദൃഷ്ടാന്തം 74:** ഇപ്രകാരംതന്നെ ഭീൻകാരനായ മൗലവി മുഹമ്മദ് ഹസനും എന്റെ പ്രവചനമനുസരിച്ച് മരിച്ചു. അത് ഞാൻ എന്റെ മവാഹിബുർറഹ്മാൻ എന്ന ഗ്രന്ഥത്തിൽ വിശദമായി എഴുതിയിട്ടുണ്ട്.

**ദൃഷ്ടാന്തം 75:** ഞാൻ എന്റെ ഗ്രന്ഥമായ നൂറുൽ ഹഖിന്റെ 35 മുതൽ 38 വരെയുള്ള പേജുകളിൽ ഈ പ്രവചനം എഴുതിയിരുന്നു: 'അല്ലാഹു എന്നെ അറിയിച്ചു. റമളാനിൽ സൂര്യനും ചന്ദ്രനും ഗ്രഹണമുണ്ടായി. ഇത് വരാൻപോകുന്ന ശിക്ഷയുടെ ഒരു കേസാണ്. അങ്ങനെ ഈ പ്രവചനമനുസരിച്ച് രാജ്യത്ത് എങ്ങനെയുള്ള പ്ലേഗാണ് പടർന്നുപി ടിച്ചതെന്നാൽ ഇതുവരെ മൂന്ന് ലക്ഷത്തിനടുത്ത് ആളുകൾ മരിച്ചു.

**ദൃഷ്ടാന്തം 76:** ബറാഹീനെ അഹ്മദിയ്യായിൽ എന്നെ സംബന്ധിച്ച് അല്ലാഹുവിന്റെ ഈ പ്രവചനമുണ്ട്. അൽഖയ്ത്തു അലയ്ക്ക മഹബത്തൻ മിന്നീ വലത്തുസ്സ്നഅ അലാ അയ്നീ. അതായത് അല്ലാഹു പറയുന്നു: 'ഞാൻ നിന്നോടുള്ള സ്നേഹം ജനമനസ്സുകളിൽ ഇടുന്നതായിരിക്കും. ഞാൻ എന്റെ കൺമുമ്പിൽ നിന്നെ പരിപാലിക്കുന്നതായിരിക്കും.' ഞാനുമായി ആർക്കും ബന്ധമില്ലാതിരുന്ന കാലത്തുണ്ടായ ഒരു ഇൽഹാമാണിത്. പിന്നീട് ഒരു കാലഘട്ടത്തിനുശേഷം ഈ ഇൽഹാം പുലർന്നു. ആയിരക്കണക്കിന് ആളുകളെ അല്ലാഹു സൃഷ്ടിച്ചു. അവരുടെ മനസ്സുകളിൽ എന്നോടുള്ള സ്നേഹം അവൻ നിറച്ചു. ചിലർ എനിക്കുവേണ്ടി ജീവൻ നല്കി. ചിലർ എനിക്കുവേണ്ടി തങ്ങളുടെ സമ്പത്ത് നശിക്കുന്നത് ഇഷ്ടപ്പെട്ടു. ചിലർ എനിക്കുവേണ്ടി തങ്ങളുടെ രാജ്യത്തുനിന്ന് പുറത്താക്കപ്പെട്ടു. പീഢിപ്പിക്കപ്പെട്ടു. സ്വന്തം ആവശ്യങ്ങളേക്കാളുപരി എന്നെ മുന്തിച്ചുകൊണ്ട് തങ്ങളുടെ പ്രിയപ്പെട്ട ധനം എന്റെ മുമ്പിൽ വെച്ചുതന്ന ആയിരക്കണക്കിനാളുകളുണ്ട്.* അവരുടെ മനസ്സ് സ്നേഹംകൊണ്ട് ഭരിതമാണെന്ന് ഞാൻ കാണുന്നു. ഒരുപാടാളുകളുണ്ട്; അവരോട് ഞാൻ പറയുകയാണെങ്കിൽ തങ്ങളുടെ ധനം പൂർണമായും ഉപേക്ഷിക്കാൻ അവർ തയ്യാറാണ്. അല്ലെങ്കിൽ തങ്ങളുടെ ജീവനെ എനിക്കുവേണ്ടി നശിപ്പിക്കാൻ അവർ തയ്യാറാണ്. ഞാൻ ഈ പദവിയിലുള്ള സത്യസന്ധതയും സ്നേഹവും എന്റെ ജമാഅത്തിലെ ഭൂരിഭാഗം അംഗങ്ങളിലും കാണുമ്പോൾ 'എന്റെ സർവ്വശക്തനായ അല്ലാഹുവേ! യഥാർഥത്തിൽ ഓരോ അണുവിലും നിന്റെ നിയന്ത്രണമാണുള്ളതെന്നും നീ യാണ് ഈ മനസ്സുകളെ ഇത്രമാത്രം വിഷമം നിറഞ്ഞ കാലഘട്ടത്തിൽ എന്നിലേക്ക് വലിച്ചടുപ്പിച്ചതെന്നും അവർക്ക് സ്ഥിരചിത്തത നല്കിയതെന്നും ഇത് നിന്റെ ശക്തിപ്രഭാവത്തിന്റെ മഹത്തായ അടയാളമാണെന്നും അനിയന്ത്രിതമായി പറഞ്ഞുപോകുന്നു.' (ഹഖീഖത്തുൽ വഹ്യ്, റൂഹാനി ഖസായിൻ, വാല്യം 22, പേജ് 238-240)

---

* ഞാൻ ഈ സ്ഥലംവരെയെത്തി ഈ വാക്യം എഴുതികഴിഞ്ഞതേയുള്ളൂ, ക്ഷണത്തിൽ എന്റെ ജമാഅത്തിൽപെട്ട സത്യസന്ധനായ ഒരാളുടെ കത്ത് എനിക്ക് വന്നു. ഈ വാക്യം എഴുതിയ അതേ നേരത്താണ് ആ കത്ത് വന്നത്. അതുകൊണ്ട് അത് ഇവിടെ എഴുതുന്നത് അനുയോജ്യമായിരിക്കുമെന്ന് കരുതുന്നു:അദ്ദേഹം തന്റെ കത്തിൽ പറയുന്നു:

'എന്റെ ഏറ്റവും വലിയ ആഗ്രഹം ഇപ്പോഴുള്ളതുപോലെ ഖിയാമത്തുന്നാളിൽ അങ്ങയുടെ തണലിൽ അനുഗൃഹീത ജമാഅത്തിൽ ചേരുകയെന്നുള്ളതാണ്. ആമീൻ. ഈ വിനീതന് എത്രമാത്രം സ്നേഹിക്കുന്ന വിശേഷഗുണങ്ങൾ നല്കിയിരിക്കുന്നുവെന്നാൽ എന്റെ എല്ലാ ധനവും ജീവനും

ശേഷം പേജ് 12ൽ

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്റാൻ ബദർ ബോർഡ്,ഖാദിയാൻ

# സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹു തആലാ ബിനസ്രിഹിൽ അസീസിന്റെ ജർമൻ സന്ദർശനം 2017 (ആഗസ്റ്റ്)

(റിപ്പോർട്ട്: അബ്ദുൽമാജിദ് ത്വാഹിർ, അഡീഷണൽ വക്കീലുത്തബ്ശീർ ലണ്ടൻ)

## 2017 ആഗസ്റ്റ് 19 (ശനിയാഴ്ച)

**ലണ്ടനിൽനിന്നുള്ള നിർഗമവും ഫ്രാങ്ക്ഫോർട്ടിൽ (ജർമനി)ആഗമവും.**

അമീറുൽ മുഅ്മിനീൻ ജർമനിയിലേക്ക് യാത്ര പുറപ്പെടുന്നതിനുവേണ്ടി പരിപാടിയനുസരിച്ച് 10 മണിക്ക് താമസസ്ഥലത്തുനിന്ന് പുറത്തുവന്നു. അദ്ദേഹത്തെ യാത്രയയക്കുന്നതിനുവേണ്ടി രാവിലെ മുതൽതന്നെ പുരുഷന്മാരും സ്ത്രീകളുമടങ്ങിയ ജമാഅത്തംഗങ്ങൾ മസ്ജിദ് ഫള്ൽ ലണ്ടന്റെ പുറത്തെ അങ്കണത്തിൽ സംഘടിച്ചിരുന്നു.

അമീറുൽ മുഅ്മിനീൻ കുറച്ച് സമയം സഹോദരരുടെ ഇടയിൽ ചെലവഴിച്ചു. എല്ലാ ഓരോരുത്തരും തങ്ങളുടെ ഇമാമിനെ കണ്ട് സംതൃപ്തിയടഞ്ഞു. അമീറുൽ മുഅ്മിനീൻ തന്റെ കൈയുയർത്തി അവിടെ സന്നിഹിതരായിരുന്ന എല്ലാവരോടും അസ്സലാമുഅലയ്ക്കും പറയുകയും ദുആ ചെയ്യിക്കുകയും ചെയ്തു. അതിനുശേഷം അഞ്ച് കാറുകളിൽ കാഫില(യാത്രാസംഘം) ബ്രിട്ടന്റെ സമുദ്രതീരനഗരമായ Doverലേക്ക് പുറപ്പെട്ടു. ഡോവർ ബ്രിട്ടനിലെ ഒരു പ്രസിദ്ധ തുറമുഖമാണ്. ലണ്ടനിലേയും അതിനു ചുറ്റുപാടുമുള്ള നഗരങ്ങളിലേയും പ്രദേശങ്ങളിലേയും വസിക്കുന്ന ആളുകൾ യൂറോപ്പിന്റെ യാത്ര Ferries മുഖേന ഈ തുറമുഖത്തുനിന്നാണ് ചെയ്യുന്നത്. ഡോവർ നഗരത്തിൽനിന്ന് 11 മൈൽ മുമ്പേ Folkestone പ്രദേശത്ത് പ്രസിദ്ധമായ Channel Tunnel ഉണ്ട്. അത് ബ്രിട്ടനേയും ഫ്രാൻസിന്റേയും കടൽതീരപ്രദേശങ്ങളേയും പരസ്പരം ബന്ധിപ്പിക്കുന്നു. ഈ Tunnel മുഖേന കാറുകളും മറ്റ് വലിയ വാഹനങ്ങളും യാത്രക്കാരുൾപ്പെടെ ട്രെയിനിലൂടെ ഫ്രാൻസിന്റെ തീരപ്രദേശ നഗരമായ Calaise ലെത്തുന്നു. ഇന്നത്തെ യാത്രയും ആ Channel Tunnelലൂടെയായിരുന്നു.

ലണ്ടനിൽനിന്ന് റഫീഖ് അഹ്മദ് ഹയാത്ത് സാഹിബ് അമീർ അഹ്മദിയ്യാ ജമാഅത്ത് യുകെ, അത്താഉൽ മുജീബ് റാശിദ് സാഹിബ് മുബല്ലിഗ് ഇൻചാർജ് യുകെ, മുബാറക്ക് അഹ്മദ് ള്വഫർ സാഹിബ് അഡീഷണൽ വക്കീൽമാൽ ലണ്ടൻ, മിർസാ മഹ്മൂദ് അഹ്മദ് സാഹിബ് കേന്ദ്ര ഓഡിറ്റർ, നാസിർ ഇനാം സാഹിബ് പ്രിൻസിപ്പാൾ ജാമിഅ അഹ്മദിയ്യാ യു.കെ, അഖ്‌ലാഖ് അഹ്മദ് അഞ്ജൂം സാഹിബ് വക്കാലത്തെ തബ്ശീർ ലണ്ടൻ, മേജർ മഹ്മൂദ് അഹ്മദ് സാഹിബ് അഫ്സർ ഹിഫാള്വത്തെ ഖാസ്, ഖുദ്ദാമുൽ അഹ്മദിയ്യാ യുകെയുടെ സെക്യൂരിറ്റി ടീം തുടങ്ങിയവർ അമീറുൽ മുഅ്മിനീനെ യാത്രയയക്കുന്നതിനുവേണ്ടി Channel Tunnel-വരെ യാത്രാസംഘത്തോടൊപ്പം പോയിരുന്നു. ഏകദേശം 1 മണിക്കൂർ 50 മിനുറ്റ് യാത്രയ്ക്കുശേഷം 11.50ന് Channel Tunnelലെത്തി. ലണ്ടനിൽനിന്ന് ഒപ്പം വന്ന സഹോദരങ്ങൾ തങ്ങളുടെ പ്രിയങ്കരനായ ഇമാമിന് യാത്ര പറഞ്ഞു. അതിനുശേഷം എമിഗ്രേഷനും മറ്റു യാത്രാപരമായ കാര്യങ്ങളും പൂർത്തിയാക്കി അമീറുൽ മുഅ്മിനീൻ കുറച്ച് സമയം Channel Tunnelന്റെ പാർക്കിംഗ് ഏരിയായിൽ വരികയുണ്ടായി.

ബ്രിട്ടനിൽ സ്കൂളുകൾക്കും കോളേജുകൾക്കും അവധിയായതിനാൽ ഇന്ന് വലിയൊരു വിഭാഗം ജനങ്ങൾ Channel Tunnelലൂടെ യൂറോപ്പിലേക്ക് യാത്ര ചെയ്യുകയായിരുന്നു. ഇക്കാരണത്താൽ ഏകദേശം എല്ലാ ട്രെയിനും അതിന്റെ സമയത്തിന് അരമണിക്കൂർ വൈകിയാണ് പുറപ്പെട്ടിരുന്നത്. 1.10ന് യാത്രാസംഘത്തിന്റെ കാറുകൾ ട്രെയിനിൽ Board ചെയ്യപ്പെട്ടു. ഈ ട്രെയിൻ രണ്ട് നിലയുള്ളതായിരുന്നു. ഇതിന്റെ ഉള്ളിൽ ഒരേസമയത്ത് ഏകദേശം 180 കാറുകൾ യാത്രക്കാരോടൊപ്പം ആീമ്യറ ചെയ്യപ്പെടുന്നു. യാത്രാസംഘത്തിന്റെ കാറുകൾ രണ്ടാമത്തെ നിലയിലാണ് കയറ്റിയിരുന്നത്. ട്രെയിൻ 1.20ന് 140 കിലോമീറ്റർ വേഗത്തിൽ ഫ്രാൻസിന്റെ കടൽതീരനഗരമായ Calais-ലേക്ക് പുറപ്പെട്ടു. ഈ തുരങ്കത്തിന്റെ മൊത്തം നീളം ഏകദേശം 31 മൈൽ ആണ്. അതിൽ 24 മൈലിന്റെ ഭാഗം സമുദ്രത്തിന്റെ അടിയിലൂടെയാണ് പോകുന്നത്. ഈ തുരങ്കത്തിന്റെ ഏറ്റവും ആഴമുള്ള ഭാഗം സമുദ്രനിരപ്പിൽനിന്ന് 75 മീറ്റർ അതായത് 280 അടി താഴെയാണ്. സമുദ്രത്തിന്റെ താഴെ ഇതുവരെയുണ്ടാക്കിയിട്ടുള്ള തുരങ്കങ്ങളിൽ ഇത് ലോകത്തിലെ ഏറ്റവും വലിയ തുരങ്കമാണ്. ഏകദേശം അരമണിക്കൂർ യാത്രയ്ക്കുശേഷം ഫ്രാൻസിന്റെ തദ്ദേശ സമയമനുസരിച്ച് 2.50ന് ട്രെയിൻ ഫ്രാൻസിന്റെ Calais നഗരത്തിലെത്തി. (ഫ്രാൻസിന്റെ സമയം ബ്രിട്ടന്റെ സമയവുമായി 1 മണിക്കൂർ മുമ്പിലാണ്) ട്രെയിൻ നിന്ന് ഏകദേശം 5 മിനുറ്റ് കഴിഞ്ഞ് കാറുകൾ ട്രെയിനിൽനിന്ന് പുറത്തുവന്നു. മോട്ടോർവേയിലൂടെ യാത്ര തുടർന്നു.

മുമ്പേ നിശ്ചയിച്ച പരിപാടിയനുസരിച്ച ഇവിടെനിന്ന് കുറച്ച് കിലോമീറ്റർ ദൂരത്തുള്ള ഒരു പെട്രോൾ പമ്പിന്റെ പാർക്കിംഗ് ഏരിയായിൽ ജർമനി ജമാഅത്തിൽനിന്ന് വന്ന സംഘം അമീറുൽ മുഅ്മിനീനെ വരവേൽക്കണമായിരുന്നു. ജർമനിയിൽനിന്ന് അബ്ദുല്ലാ വാഗസ് ഹൗസർ സാഹിബ് അമീർ ജമാഅത്ത് ജർമനി, ഹൈദരലി ള്വഫർ സാഹിബ് മുബല്ലിഗ് ഇൻ ചാർജ് ജർമനി, മുഹമ്മദ് ഇല്യാസ് മജോക്കാ സാഹിബ് ജനറൽ സെക്രട്ടറി അഫ്സർ ജൽസാ സാലാന ജർമനി, ജരിയുല്ലാ സാഹിബ് മുബല്ലിഗ്, നാഇബ് ജനറൽ സെക്രട്ടറി, ഹസ്നാത്ത് അഹ്മദ് സാഹിബ് മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ സ്വദർ ജർമനി, ഡോക്ടർ അത്വർ സുബയർ സാഹിബ്, അബ്ദുല്ലാ സപ്രാസാഹിബ്, ഹിമാദ് അഹ്മദ് സാഹിബ്, മുഹ്തമീം ഉമൂമി ഖുദ്ദാമുൽ അഹ്മദിയ്യാ ജർമനി തന്റെ ഖുദ്ദാം സെക്യൂരിറ്റി ടീമിനോടൊപ്പം തങ്ങളുടെ പ്രിയപ്പെട്ട ഇമാമിനെ വരവേൽക്കുന്നതിന് വന്നിരുന്നു.

ഇവിടെ എത്തിയതിനുശേഷം താമസംവിന യാത്ര മുന്നോട്ടുതുടർന്നു. ജർമനിയിൽനിന്ന് വന്ന മൂന്ന് കാറുകളിൽ ഒരു കാർ യാത്രാസംഘത്തിന് Escort ചെയ്തു. ഖുദ്ദാമിന്റെ മറ്റ് രണ്ട് കാറുകൾ യാത്രാസംഘത്തിന്റെ പിന്നിലായിരുന്നു. ഇവിടെ Calais ൽനിന്ന് 55 കിലോമീറ്റർ യാത്ര ചെയ്തതിനുശേഷം ഫ്രാൻസിന്റെ ബോർഡർ ക്രോസ് ചെയ്ത് ബൽജിയം രാജ്യത്ത് പ്രവേശിച്ചു. പരിപാടിയനുസരിച്ച് ബോർഡർ ക്രോസ് ചെയ്യുന്നതിനും ഇവിടെനിന്ന് 55 കിലോമീറ്റർ യാത്ര ചെയ്തതിനുശേഷം മോട്ടോർവേയിൽതന്നെയുള്ള Hotel Brugge Oostakamp റസ്റ്റോറന്റിൽ ള്വുഹ്ർ, അസ്ർ നമസ്കാരങ്ങൾ നിർവ്വഹിക്കുന്നതിനും ഉച്ചഭക്ഷണത്തിനുമുള്ള ഏർപ്പാടും ചെയ്തിരുന്നു. ജർമിനിയിൽനിന്ന് ഖുദ്ദാമിന്റെ ഒരു ടീം ഇക്കാര്യങ്ങൾ നിറവേറ്റുന്നതിനും ഒരുക്കങ്ങൾ നടത്തുന്നതിനും ആദ്യമേതന്നെ ഇവിടെ എത്തിയിട്ടുണ്ടായിരുന്നു. 4.10ന് അമീറുൽ മുഅ്മിനീൻ ഇവിടെ എത്തി. ഹുദൂർ കാറിൽനിന്ന് വെളിയിൽ വന്നപ്പോൾ അബ്ദുല്ലാ വാഗസ് ഹൗസർ സാഹിബ് അമീർ ജമാഅത്ത് ജർമനി, ഹൈദരലി ള്വഫർ സാഹിബ് മുബല്ലിഗ് ഇൻചാർജ് ജർമനി എന്നിവർ തങ്ങളുടെ പ്രിയപ്പെട്ട ഇമാമിന് കൈകൊടുത്തു. അമീറുൽ മുഅ്മിനീൻ വാത്സല്യത്തോടെ അമീർ സാഹിബ് ജർമനിയുമായി സംസാരിച്ചു.

ള്വുഹ്ർ, അസ്ർ നമസ്കാരത്തിനുവേണ്ടി റസ്റ്റോറന്റിലെ ഒരു പ്രത്യേക ഹാളിൽ ഏർപ്പാട് ചെയ്തിരുന്നു. അമീറുൽ മുഅ്മിനീൻ ള്വുഹ്റും അസ്റും ജംഅ്ആക്കി നമസ്കരിപ്പിച്ചു. നമസ്കാരങ്ങൾ നിർവ്വഹിച്ചശേഷം ഹുദൂർ യാത്രാസംഘത്തിന്റെ 5 കാറുകളെ സംബന്ധിച്ച് ചോദിച്ചു. ഇപ്പോൾ അവർ എവിടെയെത്തി എന്ന് തിരക്കി. യാത്രാസംഘത്തിന്റെ ഒരു കാർ മറ്റൊരു ട്രെയിനിലാണ് കയറ്റിയിരുന്നത്. അത് ഏകദേശം അരമണിക്കൂർ ശേഷമാണ് അവിടെനിന്ന് പുറപ്പെട്ടത്. അവർ Calaisൽ എത്തിക്കഴിഞ്ഞുവെന്നും ഇപ്പോൾ മോട്ടോർവേയിൽ യാത്ര ആരംഭിച്ചുകഴിഞ്ഞുവെന്നും ഹുദൂറിനോട് പറഞ്ഞു. കാർ വേഗത്തിൽ ഓടിക്കരുതെന്നും നോർമൽ സ്പീഡിൽ വന്നാൽമതിയെന്നും സൂക്ഷിച്ച് ഡ്രൈവ് ചെയ്യണമെന്നും ഇവിടെയെത്തി കൂടിച്ചേർന്നാൽ മതിയെന്നും ഇല്ലെങ്കിൽ പിന്നീട് എത്തിക്കൊള്ളുമെന്നും അവരെ അറിയിക്കാൻ ഹുദൂർ നിർദ്ദേശിച്ചു. പിന്നീട് ആ വണ്ടി ഇവിടെതന്നെ യാത്രാസംഘത്തോടൊപ്പം Join ചെയ്തു.

ശേഷം പേജ് 8ൽ




"അല്ലാഹുവിന് പങ്കുകാരെ ചേർക്കൽ കൊടുംപാപമാകുന്നു." (ബുഖാരി)

**ജൽസസാലാന ഖാദിയാൻ 2017**
**എല്ലാ ജമാഅത്തംഗങ്ങൾക്കും**
**ആശംസകളോടെ......**

**എം. അബ്ദുൽ വഹാബ് (Business)**
അങ്ങാടിക്കട ബ്രാന്റ്, ടൗൺ മസ്ജിദിനു സമീപം,
പത്തനാപുരം- 689 695. Phone: 9744653179.

# ഖുത്ബ ജുമുഅ

**ഇക്കാലത്ത് പാശ്ചാത്യ പ്രസ്സുകളും മീഡിയകളും നമ്മളോടു ചോദിക്കുന്നത്, നിങ്ങൾ ഇസ്‌ലാമിന്റെ സമാധാനപരമായ കാര്യങ്ങൾ സംസാരിക്കുന്നുണ്ടെങ്കിലും, ഭൂരിപക്ഷം മുസ്‌ലീംകളും അത് പ്രാവർത്തികമാക്കുന്നില്ല എന്നു മാത്രമല്ല നിങ്ങളെ മുസ്‌ലീംകളായി മനസ്സിലാക്കുന്നുമില്ല. അഹ്മദികളുടെ അംഗസംഖ്യ മറ്റു മുസ്‌ലീംകളെ അപേക്ഷിച്ച് വളരെ കുറവുമാണ്. ഈ പരിതഃസ്ഥിതിയിൽ നിങ്ങൾക്കെങ്ങനെയാണ് നിങ്ങൾ നടത്തുന്ന യഥാർഥ ഇസ്‌ലാമികാധ്യാപനത്തിലൂടെ മുസ്‌ലീംകളെ നടത്താൻ കഴിയുക?**

**ഞങ്ങൾ ഇസ്‌ലാമിന്റെ ഏതൊരു അധ്യാപനത്തെ കുറിച്ചാണോ സംസാരിക്കുന്നത് അത് വിശുദ്ധ ഖുർആൻകൊണ്ടും ഹദീഥുകൊണ്ടും നബി(സ)തിരുമേനിയുടെ സുന്നത്തുകൊണ്ടും സ്ഥാപിതമാണെന്നുള്ളതാണ് എപ്പോഴും ഞങ്ങളുടെ മറുപടി. അന്യരെ ആകർഷിക്കുന്നതിനു വേണ്ടി, അവരുടെ ആക്ഷേപങ്ങൾ അകറ്റുന്നതിനുവേണ്ടി ഇസ്‌ലാമിന്റെ അധ്യാപനം ഒരിക്കലും ഭീകരവാദത്തിന്റെ അധ്യാപനമല്ലെന്നോ ഇന്നത്തെ പരിതഃസ്ഥിതികണ്ടിട്ട് ഞങ്ങൾ ഈ നിലപാട് സ്വീകരിച്ചിരിക്കുകയാണെന്നോ പറയുന്ന വിടുവായിത്തമല്ല ഞങ്ങളുടേത്. ഇസ്‌ലാമിന്റെ അധ്യാപനം എന്നെന്നും അല്ലാഹുവിനോടുള്ള കടമകളും മനുഷ്യസൃഷ്ടികളോടുള്ള കടമകളും നിർവഹിക്കുക എന്ന അധ്യാപനമാണ്.**

**മറ്റുള്ള മുസ്‌ലീംകളെ ഞങ്ങൾ എങ്ങനെ ഈ അധ്യാപനമനുസരിച്ച് ബോധ്യപ്പെടുത്തും എന്ന ചോദ്യത്തിനുള്ള മറുപടി, നബി(സ)തിരുമേനിയുടെ പ്രവചനമനുസരിച്ച് മുസ്‌ലീംകൾ അധഃപതിക്കുന്ന കാലഘട്ടത്തിൽ മസീഹ് മൗഊദും മഹ്ദിയും വരേണ്ടതുണ്ടായിരുന്നു. അദ്ദേഹം മുസ്‌ലീംകളുടേയും പരിഷ്കരണം നടത്തേണ്ടതുണ്ടായിരുന്നു. മറ്റു ജനതകൾക്കും ഇസ്‌ലാമിന്റെ യഥാർഥ സന്ദേശം എത്തിക്കേണ്ടതുണ്ടായിരുന്നു. നബി(സ)തിരുമേനിയുടെ ഈ പ്രവചനം വളരെ തേജോവിലാസത്തോടെ പുലർന്നു. ഈ അവസ്ഥകളുണ്ടായിരുന്ന കാലത്ത് മസീഹ് മൗഊദിനേയും മഹ്ദിയേയും അല്ലാഹു അയച്ചു. അദ്ദേഹം വന്ന് ഞങ്ങൾക്ക് ഇസ്‌ലാമിന്റേയും വിശുദ്ധ ഖുർആനിന്റേയും യഥാർഥ അധ്യാപനത്തിന്റെ ഗ്രാഹ്യം നല്കി. ഇസ്‌ലാമിന്റെ എല്ലാ കല്പനകളുടേയും ഹിക്മത്ത് അഥവാ തത്ത്വജ്ഞാനം വിവരിച്ചു. ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിച്ച അഹ്മദി മുസ്‌ലീംകളായ ഞങ്ങൾ അതനുസരിച്ച് ഇസ് ലാമികാധ്യാപനങ്ങൾ മുസ്‌ലിംകൾക്കും അമുസ്‌ലീംകൾക്കും പറഞ്ഞു കൊടുത്തുകൊണ്ടിരിക്കുന്നു. ഞങ്ങളുടെ ജോലി പ്രബോധനമാണ്. മിഷണറി പ്രവർത്തനമാണ്. അത് ഞങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നു. ഇൻശാ അല്ലാഹ് ചെയ്തുകൊണ്ടിരിക്കുകയും ചെയ്യും.**

**മറ്റു മുസ്‌ലീംകളെ ഈ അധ്യാപനമനുസരിച്ച് എങ്ങനെ നടത്തുമെന്ന് നിങ്ങൾ ചോദിക്കുന്നു. ഞങ്ങൾ അവരോടു പറയുന്നത് അഹ്മദിയ്യാ ജമാഅത്ത് ഇപ്പോൾ കോടികളിൽ വ്യാപിച്ചുകഴിഞ്ഞിരിക്കുന്നുവെന്നാണ്. ഇതിൽ ഭൂരിഭാഗവും മറ്റു മുസ്‌ലീം കക്ഷികളിൽനിന്ന് വന്ന് ജമാഅത്തിൽ ചേർന്നവരാണ്. അവർ സന്ദേശം മനസ്സിലാക്കുന്നു. പതുക്കെ പതുക്കെ ജനങ്ങളിൽ യഥാർഥമായ അധ്യാപനങ്ങൾ വ്യക്തമായിക്കൊണ്ടിരിക്കുകയും അവർ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാദത്തെ കുറിച്ച് അറിഞ്ഞുകൊണ്ടേ പോകുകയും നബി(സ)തിരുമേനിയുടെ നിർദേശങ്ങളും ആ മഹാത്മാവിന്റെ പ്രവചനങ്ങളും മനസ്സിലാക്കാൻ തുടങ്ങുകയും ചെയ്യുന്നു. അധികവും മുസ്‌ലീംകളിൽനിന്നാണെങ്കിലും മറ്റു മതക്കാരിൽനിന്നും ആളുകൾ ഞങ്ങളിൽ ചേരുന്നുണ്ട്. ഇൻശാഅല്ലാഹ് ഇതേ ന്യൂനപക്ഷം ഒരുനാൾ ഭൂരിപക്ഷമായി മാറുന്നതാണ്. ഇത് അല്ലാഹുവിന്റെ വാഗ്ദാനമാണ്. അതിന്റെ മാതൃകകൾ എല്ലാദിവസവും കണ്ടുവരുന്നു.**

**ഓരോ വർഷവും ലക്ഷക്കണക്കിനാളുകൾ ജമാഅത്തിൽ ചേർന്നുകൊണ്ടിരിക്കുന്നു. അവരിൽ ബഹുഭൂരിപക്ഷവും മുസ്‌ലീംകളിൽ നിന്നുള്ളവരാണ്. ഞങ്ങളുടെ പക്കൽ പ്രവർത്തനമാധ്യമങ്ങൾ കുറവായിട്ടും, മുബല്ലിഗുമാരുടെ എണ്ണം വളരെ കുറച്ചായിട്ടും അല്ലാഹു അസാധാരണമായ ഫലങ്ങളാണ് ഉണ്ടാക്കിക്കൊണ്ടിരിക്കുന്നത്. എന്നല്ല അധികമാളുകൾക്കും അല്ലാഹു നേരിട്ട് മാർഗദർശനം നല്കുകയാണ് ചെയ്യുന്നത്. സ്വപ്നങ്ങൾ മുഖേന ധാരാളമാളുകൾക്ക് ഹദ്റത്ത് മസീഹ് മൗഊദ്(അ)നേയും ജമാഅത്തിനേയും പരിചയപ്പെടുത്തി. അവിടത്തെ സത്യസാക്ഷ്യം അവർക്കു വ്യക്തമായി. പിന്നീട് ഒരു കാലത്തിനുശേഷം എന്തോ കാരണത്താൽ അവർക്ക് തങ്ങൾ കണ്ട സ്വപ്നങ്ങൾ ഓർമ വരുന്നു. ചില സന്ദർഭങ്ങളിൽ കുട്ടിക്കാലത്തുണ്ടാകുന്നതോ യുവത്വത്തിലുണ്ടാകുന്നതോ വളരെ കാലംമുമ്പേ കണ്ടതോ ആയ സ്വപ്നങ്ങൾ ഏതെങ്കിലും കാരണത്താൽ കുറച്ചുകാലം കഴിഞ്ഞ് ഓർമവരികയും അങ്ങനെ അവർ ബയ്അത്തും ചെയ്യുകയും ചെയ്യുന്നു. ചിലർക്ക് ആദ്യമെ പരിചയപ്പെടുത്തലുണ്ടാകുന്നു. പിന്നീട് അവർ ഇസ്തിഖാറ ചെയ്യുന്നു. അല്ലാഹുവിന്റെ മാർഗദർശനത്താൽ ജമാഅത്തിൽ അംഗമായിത്തീരുന്നു. ചിലർ തബ്‌ലീഗ് കേൾക്കുന്നു. ഇതിൽ ഇപ്പോൾ മുബല്ലിഗുമാർക്കും മുഅല്ലിമുമാർക്കും അല്ലെങ്കിൽ ദാഇയാനും പുറമെ നമ്മുടെ റേഡിയോ ടെലിവിഷൻ ചാനലും ചേർന്നു കഴിഞ്ഞിരിക്കുന്നു. ഈ സന്ദേശം കേട്ട് അവരുടെ മനസ്സ് അല്ലാഹു തുറക്കുന്നു. ജമാഅത്തിന്റെ എതിരാളികളുടെ എതിർപ്പും അവരുടെ ദുർപര്യവസാനവും കണ്ട് അഹ്മദിയ്യത്ത് സ്വീകരിക്കുന്നവരുമുണ്ട്. ചിലർക്ക് അല്ലാഹു അടയാളം കാണിക്കുന്നു.**

**സ്വപ്നങ്ങൾ മുഖേന അല്ലാഹുവിൽനിന്ന് അഹ്ദിയ്യത്തിന്റെ സത്യസാക്ഷ്യത്തിലേക്ക് നയിക്കുന്ന വിവിധ സംഭവങ്ങളുടെ ഈമാൻ ദൃഢീകരിക്കുന്ന ചർച്ച. ചില ഘട്ടങ്ങളിൽ ചില ദൃഷ്ടാന്തം ജനങ്ങൾക്ക് ഹിദായത്തിനും ബയ്അത്ത് ചെയ്യുന്നതിനും മാർഗമായിത്തീരുന്നു.**

**ചിലപ്പോൾ എതിരാളികൾത്തന്നെയും സൽപ്രകൃതക്കാരായ ആളുകൾക്ക് സത്യാന്വേഷണത്തിന്റെ വഴി തുറന്നുകൊടുക്കുന്നു. വിവിധ രാജ്യങ്ങളുമായി ബന്ധപ്പെട്ട ചൈതന്യവത്തായ സംഭവങ്ങളുടെ ചർച്ച.അല്ലാഹു ആളുകളെ ഇസ്‌ലാമിന്റെ യഥാർഥമായ അധ്യാപനത്തിലേക്ക് കൊണ്ടുവന്നുകൊണ്ടിരിക്കുകയാണ്. ഇൻശാഅല്ലാഹ് ഒരുനാൾ അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ) മുഖേനതന്നെ യഥാർഥ ഇസ്‌ലാമിനെ ലോകത്തു വിജയിപ്പിക്കുന്നതാണ്. ഈ അനുഗ്രഹത്തിൽ ഭാഗഭാക്കാകുന്നതിന് സ്ഥിരമായ ദഅ്വത്തെ ഇലല്ലാഹ് ആകുന്നതിനും ഇതിലേക്ക് ശ്രദ്ധിക്കുന്നതിനും അല്ലാഹു ഓരോരുത്തർക്കും തൗഫീഖ് നല്കുമാറാകട്ടെ.**

---

**മൗലവി മർഹൂം മൻള്വൂർ അഹ്മദ് ഘനോക്കെ സാഹിബ് ദർവേശ് ഖാദിയാന്റെ ഭാര്യ ഖുർശീദ റുഖ്‌യാ സാഹിബയേയും മൗലവി ഇമാമുദ്ദീൻ സാഹിബ് മുബല്ലിഗ് ഇന്തോനേഷ്യയുടെ മകൻ ഡോക്ടർ സ്വലാഹുദ്ദീൻ സാഹിബ് ന്യൂജേഴ്സി അമേരിക്കയേയും സ്മരിക്കുകയും ജനാസ ഗാഇബ് നമസ്കരിപ്പിക്കുകയും ചെയ്തു.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്‌രിൽ അസീസ്**

**2017 സെപ്റ്റംബർ 15/1396 തബൂക് 15 ബയ്ത്തുൽ ഫുതൂഹ് ലണ്ടൻ**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ - اَلْحَمْدُ لِلّٰهِ رَبِّ
الْعٰلَمِيْنَ - الرَّحْمٰنِ الرَّحِيْمِ - مٰلِكِ يَوْمِ الدِّيْنِ - إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ - اِهْدِنَا الصِّرَاطَ
الْمُسْتَقِيْمَ - صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ -

ഇക്കാലത്ത് പാശ്ചാത്യ പ്രസ്സുകളും മീഡിയകളും നമ്മളോടു ചോദിക്കുന്നത്, നിങ്ങൾ ഇസ്‌ലാമിന്റെ സമാധാനപരമായ കാര്യങ്ങൾ സംസാരിക്കുന്നുണ്ടെങ്കിലും, ഭൂരിപക്ഷം മുസ്‌ലീംകളും അത് പ്രാവർത്തികമാക്കുന്നില്ല എന്നു മാത്രമല്ല നിങ്ങളെ മുസ്‌ലീംകളായി മനസ്സിലാക്കുന്നുമില്ല. അഹ്മദികളുടെ അംഗസംഖ്യ മറ്റു മുസ്‌ലീംകളെ അപേക്ഷിച്ച് വളരെ കുറവുമാണ്. ഈ പരിതഃസ്ഥിതിയിൽ നിങ്ങൾക്കെങ്ങനെയാണ് നിങ്ങൾ നടക്കുന്ന യഥാർഥ ഇസ്‌ലാമികാധ്യാപനത്തിലൂടെ മുസ്‌ലീംകളെ നടത്താൻ കഴിയുക? ജർമനിയിലും കഴിഞ്ഞ പര്യടനവേളയിൽ ഇതേ ചോദ്യം എന്നോട് ചോദിച്ചിരുന്നു. പിന്നീട് ഇങ്ങനേയും പറഞ്ഞിരുന്നു. ഇതാണ് ഇസ്‌ലാമെന്ന് നിങ്ങൾ പറയുകയാണെങ്കിൽ മറ്റുള്ള മുസ്‌ലിംകളെ നിങ്ങൾ എങ്ങനെയാണ് ഈ അധ്യാപനത്തിലൂടെ നടത്തുന്നതിന് വിശ്വസിപ്പിക്കുക.

ഞങ്ങൾ ഇസ്‌ലാമിന്റെ ഏതൊരു അധ്യാപനത്തെ കുറിച്ചാണോ സംസാരിക്കുന്നത് അത് വിശുദ്ധ ഖുർആൻകൊണ്ടും ഹദീഥുകൊണ്ടും നബി(സ) തിരുമേനിയുടെ സുന്നത്തുകൊണ്ടും സ്ഥാപിതമാണെന്നുള്ളതാണ് എപ്പോഴും ഞങ്ങളുടെ മറുപടി. അന്യരെ ആകർഷിക്കുന്നതിനുവേണ്ടി, അവരുടെ ആക്ഷേപങ്ങൾ അകറ്റുന്നതിനുവേണ്ടി ഇസ്‌ലാമിന്റെ അധ്യാപനം ഒരിക്കലും ഭീകരവാദത്തിന്റെ അധ്യാപനമല്ലെന്നോ ഇന്നത്തെ പരിതഃസ്ഥിതികണ്ടിട്ട് ഞങ്ങൾ ഈ നിലപാട് സ്വീകരിച്ചിരിക്കുകയാണെന്നോ പറയുന്ന വിടുവായിത്തമല്ല ഞങ്ങളുടേത്. ഇസ്‌ലാമിന്റെ അധ്യാപനം എന്നെന്നും അല്ലാഹുവിനോടുള്ള കടമകളും മനുഷ്യസൃഷ്ടികളോടുള്ള കടമകളും നിർവഹിക്കുക എന്ന അധ്യാപനമാണ്.

മറ്റുള്ള മുസ്‌ലീംകളെ ഞങ്ങൾ എങ്ങനെ ഈ അധ്യാപനമനുസരിച്ച് ബോധ്യപ്പെടുത്തും എന്ന ചോദ്യത്തിനുള്ള മറുപടി, നബി(സ)തിരുമേനിയുടെ പ്രവചനമനുസരിച്ച് മുസ്‌ലീംകൾ അധഃപതിക്കുന്ന കാലഘട്ടത്തിൽ മസീഹ് മൗഊദും മഹ്ദിയും വരേണ്ടതുണ്ടായിരുന്നു. അദ്ദേഹം മുസ്‌ലീംകളുടേയും

പരിഷ്കരണം നടത്തേണ്ടതുണ്ടായിരുന്നു. മറ്റു ജനതകൾക്കും ഇസ്ലാമിന്റെ യഥാർഥ സന്ദേശം എത്തിക്കേണ്ടതുണ്ടായിരുന്നു. നബി(സ)തിരുമേനിയുടെ ഈ പ്രവചനം വളരെ തേജോവിലാസത്തോടെ പുലർന്നു. ഈ അവസ്ഥകളുണ്ടായിരുന്ന കാലത്ത് മസീഹ് മൗഊദിനേയും മഹ്ദിയേയും അല്ലാഹു അയച്ചു. അദ്ദേഹം വന്ന് ഞങ്ങൾക്ക് ഇസ്ലാമിന്റേയും വിശുദ്ധ ഖുർആനിന്റേയും യഥാർഥ അധ്യാപനത്തിന്റെ ഗ്രാഹ്യം നല്കി. ഇസ്ലാമിന്റെ എല്ലാ കല്പനകളുടേയും ഹിക്മത്ത് അഥവാ തത്ത്വജ്ഞാനം വിവരിച്ചു. ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിച്ച അഹ്മദി മുസ്ലീംകളായ ഞങ്ങൾ അതനുസരിച്ച് ഇസ് ലാമികാധ്യാപനങ്ങൾ മുസ്ലിംകൾക്കും അമുസ്ലീംകൾക്കും പറഞ്ഞു കൊടുത്തുകൊണ്ടിരിക്കുന്നു. ഞങ്ങളുടെ ജോലി പ്രബോധനമാണ്. മിഷണറി പ്രവർത്തനമാണ്. അത് ഞങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നു. ഇൻശാ അല്ലാഹ് ചെയ്തുകൊണ്ടിരിക്കുകയും ചെയ്യും. ദൈവിക ജമാഅത്തുകൾ, നബിമാരുടെ ജമാഅത്തുകൾ ദിനങ്ങൾകൊണ്ട് അഭിവൃദ്ധിപ്പെടുന്നതല്ല. പ്രത്യുത മെല്ലെ മെല്ലെയാണ് അത് വ്യാപിക്കുന്നുതും അഭിവൃദ്ധിപ്പെടുന്നതും.

മറ്റു മുസ്ലീംകളെ ഈ അധ്യാപനമനുസരിച്ച് എങ്ങനെ നടത്തുമെന്ന് നിങ്ങൾ ചോദിക്കുന്നു. ഞങ്ങൾ അവരോടു പറയുന്നത് അഹ്മദിയ്യാ ജമാഅത്ത് ഇപ്പോൾ കോടികളിൽ വ്യാപിച്ചുകഴിഞ്ഞിരിക്കുന്നുവെന്നാണ്. ഇതിൽ ഭൂരിഭാഗവും മറ്റു മുസ്ലീം കക്ഷികളിൽനിന്ന് വന്ന് ജമാഅത്തിൽ ചേർന്നവരാണ്. അവർ സന്ദേശം മനസ്സിലാക്കുന്നു. പതുക്കെ പതുക്കെ ജനങ്ങളിൽ യഥാർഥമായ അധ്യാപനങ്ങൾ വ്യക്തമായിക്കൊണ്ടിരിക്കുകയും അവർ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാദത്തെ കുറിച്ച് അറിഞ്ഞുകൊണ്ടേപോകുകയും നബി(സ)തിരുമേനിയുടെ നിർദേശങ്ങളും ആ മഹാത്മാവിന്റെ പ്രവചനങ്ങളും മനസ്സിലാക്കാൻ തുടങ്ങുകയും ചെയ്യുന്നു. അധികവും മുസ്ലീംകളിൽനിന്നാണെങ്കിലും മറ്റു മതക്കാരിൽനിന്നും ആളുകൾ ഞങ്ങളിൽ ചേരുന്നുണ്ട്. ഇൻശാഅല്ലാഹ് ഇതേ ന്യൂനപക്ഷം ഒരുനാൾ ഭൂരിപക്ഷമായി മാറുന്നതാണ്. ഇത് അല്ലാഹുവിന്റെ വാഗ്ദാനമാണ്. അതിന്റെ മാതൃകകൾ എല്ലാ ദിവസവും കണ്ടുവരുന്നു.

ഓരോ വർഷവും ലക്ഷക്കണക്കിനാളുകൾ ജമാഅത്തിൽ ചേർന്നുകൊണ്ടിരിക്കുന്നു. അവരിൽ ബഹുഭൂരിപക്ഷവും മുസ്ലീംകളിൽനിന്നുള്ളവരാണ്. ഞങ്ങളുടെ പക്കൽ പ്രവർത്തനമാധ്യമങ്ങൾ കുറവായിട്ടും, മുബല്ലിഗുമാരുടെ എണ്ണം വളരെ കുറച്ചായിട്ടും അല്ലാഹു അസാധാരണമായ ഫലങ്ങളാണ് ഉണ്ടാക്കിക്കൊണ്ടിരിക്കുന്നത്. എന്നല്ല അധികമാളുകൾക്കും അല്ലാഹു നേരിട്ട് മാർഗദർശനം നല്കുകയാണ് ചെയ്യുന്നത്. സ്വപ്നങ്ങൾ മുഖേന ധാരാളമാളുകൾക്ക് ഹദ്റത്ത് മസീഹ് മൗഊദ്(അ)നേയും ജമാഅത്തിനേയും പരിചയപ്പെടുത്തി. അവിടത്തെ സത്യസാക്ഷ്യം അവർക്കു വ്യക്തമായി. പിന്നീട് ഒരു കാലത്തിനുശേഷം എന്തോ കാരണത്താൽ അവർക്ക് തങ്ങൾ കണ്ട സ്വപ്നങ്ങൾ ഓർമവരുന്നു. ചില സന്ദർഭങ്ങളിൽ കുട്ടിക്കാലത്തുണ്ടാകുന്നതോ യുവത്വത്തിലുണ്ടാകുന്നതോ വളരെ കാലംമുമ്പേ കണ്ടതോ ആയ സ്വപ്നങ്ങൾ ഏതെങ്കിലും കാരണത്താൽ കുറച്ചുകാലം കഴിഞ്ഞ് ഓർമവരികയും അങ്ങനെ അവർ ബയ്അത്തും ചെയ്യുകയും ചെയ്യുന്നു. ചിലർക്ക് ആദ്യമെ പരിചയപ്പെടുത്തലുണ്ടാകുന്നു. പിന്നീട് അവർ ഇസ്തിഖാറ ചെയ്യുന്നു. അല്ലാഹുവിന്റെ മാർഗദർശനത്താൽ ജമാഅത്തിൽ അംഗമായിത്തീരുന്നു. ചിലർ തബ്ലീഗ് കേൾക്കുന്നു. ഇതിൽ ഇപ്പോൾ മുബല്ലിഗുമാർക്കും മുഅല്ലിമുമാർക്കും അല്ലെങ്കിൽ ദാഇയാനും പുറമെ നമ്മുടെ റേഡിയോ ടെലിവിഷൻ ചാനലും ചേർന്നു കഴിഞ്ഞിരിക്കുന്നു. ഈ സന്ദേശം കേട്ട് അവരുടെ മനസ്സ് അല്ലാഹു തുറക്കുന്നു. ജമാഅത്തിന്റെ എതിരാളികളുടെ എതിർപ്പും അവരുടെ ദുർപര്യവസാനവും കണ്ട് അഹ്മദിയ്യത്ത് സ്വീകരിക്കുന്നവരുമുണ്ട്. ചിലർക്ക് അല്ലാഹു അടയാളം കാണിക്കുന്നു.

ഞാൻ നിനക്ക് ആദരവ് നല്കുകയും വർധിപ്പിക്കുകയും ചെയ്യുന്നതാണെന്ന് അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടു പറഞ്ഞു. 1883ൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ജമാഅത്ത് രൂപീകരിച്ചിരുന്നില്ല. എന്നല്ല വാദിച്ചിരുന്നുമില്ല. വളരെ കുറച്ചാളുകൾ മാത്രമേ അദ്ദേഹത്തെ അറിയുന്നവരായിട്ടുണ്ടായിരുന്നുള്ളൂ. അല്ലാഹു പറയുന്നു: *കതബല്ലാഹു ലഅഗ്‌ലി ബന്ന അനാ വറുസുലീ.* ഞാനും എന്റെ റസൂൽമാരും വിജയിക്കുകതന്നെ ചെയ്യുമെന്ന് അല്ലാഹു വിധി എഴുതിയിരിക്കുന്നു. അക്കാലത്ത് അദ്ദേഹത്തിന് മസീഹ് എന്നോ മഹ്ദിയെന്നോ ഉള്ള ഒരു വാദവും ഉണ്ടായിരുന്നില്ല. പിന്നീടു അല്ലാഹു ആ മഹാത്മാവിനോടു പറഞ്ഞു:*'ലാ മുബദ്ദില ലി കലിമാത്തിഹീ'* അല്ലാഹുവിന്റെ കാര്യങ്ങളെ മാറ്റാൻ ആരുമില്ല. അവിടത്തെ ജമാഅത്ത് വളരുന്നതിനെ സംബന്ധിച്ചും അഭിവൃദ്ധിപ്പെടുന്നതിനെ സംബന്ധിച്ചും ധാരാളം ഇൽഹാമുകളുണ്ട്. അല്ലാഹു പറഞ്ഞു: 'ഞാൻ അഭിവൃദ്ധി നല്കും. നിന്റെ സ്നേഹിതരുടെ സംഘത്തെ വർധിപ്പിക്കും.' ആ തനിച്ചായിരുന്ന വ്യക്തിയുടെ ജമാഅത്ത് -അദ്ദേഹത്തോടു അല്ലാഹു വാഗ്ദാനം നല്കിയതനുസരിച്ച് ഇന്ന് മുഴുലോകത്തും വ്യാപിച്ചു കഴിഞ്ഞു. നിത്യവും വർധിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഓരോ ദിവസവും പുതിയ പുതിയ ആളുകൾ ചേർന്നുകൊണ്ടിരിക്കുന്നു. അല്ലാഹു എങ്ങനെയാണ് വഴികൾ തുറക്കുന്നത്. എങ്ങനെയാണ് ഈ ജമാഅത്തിൽ ചേരുന്നവർക്ക് അവൻ മാർഗദർശനം നല്കുന്നത്. അതിന്റെ ചിലസംഭവങ്ങൾ ഇപ്പോൾ പറയുന്നതാണ്.

സ്വപ്നങ്ങൾമുഖേന അഹ്മദിയ്യത്ത് സ്വീകരിച്ചവരുടെ ചില സംഭവങ്ങൾ:-

ഖാസാനിൽനിന്ന് നമ്മുടെ മുബല്ലിഗ് എഴുതുന്നു: "ഒരു സുഹൃത്ത് സൻത് സഫീലോയിഫുമായി തബ്ലീഗുപരമായ ബന്ധമുണ്ടായി. അദ്ദേഹവുമായി ചോദ്യോത്തരം നടന്നു കൊണ്ടിരുന്നു. കുറച്ചു കാലത്തിനുശേഷം അദ്ദേഹം ബയ്അത്തു ചെയ്തു. താൻ ബയ്അത്ത് ചെയ്ത സംഭവം വിവരിച്ചുകൊണ്ട് അദ്ദേഹം പറയുന്നു:'അല്ലാഹു എന്നെ സ്വപ്നത്തിൽ കാണിച്ചു. ഞാൻ ശാം ദേശത്താണ്. രണ്ടുകക്ഷികൾ തമ്മിലടിക്കുന്നു. അവർ പോരാടിക്കൊണ്ടിരിക്കുമ്പോൾ മൂന്നാമതൊരു സംഘം അവിടെ എത്തി. നിങ്ങൾ പരസ്പരം കൊന്നുകൊണ്ട് അക്രമമാണ് ചെയ്യുന്നതെന്നും ഇത് അവസാനിപ്പിക്കുക എന്നും തമ്മിൽ ഐക്യപ്പെടുക എന്നും പറഞ്ഞ് അവർക്ക് മനസ്സിലാക്കിക്കൊടുക്കുന്നു. ആ മൂന്നാമത്തെ കക്ഷി പറഞ്ഞതു കേട്ട് അവർ തങ്ങളുടെ ആയുധങ്ങൾ വലിച്ചെറിയുന്നു. പരസ്പരം ആശ്ലേഷിക്കാൻ തുടങ്ങുന്നു. അതുകണ്ട് ഈ റഷ്യൻ സുഹൃത്ത് പറയുന്നു, ഈ രണ്ടുകക്ഷികളേയും അനുരഞ്ജനത്തിലാക്കിയ മൂന്നാമത്തെ കക്ഷിയാരാണെന്ന് ഞാൻ ആരോടോ ചോദിച്ചു. ഇത് അഹ്മദിയ്യാ ജമാഅത്തിലെ അംഗങ്ങളാണെന്ന് എന്നോടു പറയപ്പെട്ടു. ഇപ്രകാരം മറ്റൊരു സ്വപ്നത്തിൽ ഇദ്ദേഹം പറയുന്നു:'മഴക്കാലം വന്നതായി എന്നെ അല്ലാഹു കാണിച്ചു. തണുത്തകാറ്റ് വീശിക്കൊണ്ടിരിക്കുന്നു. അഹ്മദിയ്യത്ത് തന്നെയാണ് ശരിയായ വിശ്വാസം എന്ന് ഞാൻ അശരീരികേട്ടു. അദ്ദേഹം പറയുന്നു: ഈ സ്വപ്നങ്ങൾക്കുശേഷം ഞാൻ ബയ്അത്തു ചെയ്തു.'

ഫ്രാൻസിൽനിന്നുള്ള ഒരു വനിത, മാലിക്കഃ സാഹിബ തന്റെ അഹ്മദിയ്യത്ത് സ്വീകരണ സംഭവം വിവരിക്കുന്നു. എഴുതുന്നു: എന്റെ എല്ലാ കുടുംബാംഗങ്ങളിലും അഹ്മദിയ്യത്തിന്റെ സന്ദേശം എത്തിക്കഴിഞ്ഞിരുന്നു. ഈ വിഷയത്തിൽ എപ്പോഴും ഞങ്ങളുടെ വീട്ടിൽ ചർച്ചയും നടക്കാറുണ്ടായിരുന്നു. അതായത് ഇന്നയാൾക്ക് അല്ലാഹു സ്വപ്നത്തിലൂടെ മാർഗദർശനം നല്കി. അയാൾ ജമാഅത്തിൽ ചേർന്നു. എന്നൊക്കെ! ഞാൻ ഈ ചർച്ചകൾ കേട്ടുകൊണ്ടിരുന്നു. പക്ഷേ, സ്വയം ഒരുകാര്യവും ഞാൻ പറഞ്ഞിരുന്നില്ല. അവർ പറയുന്നു:'അഹ്മദിയ്യത്ത് സത്യമാർഗമാണോ എന്ന് പറഞ്ഞു തരാൻ' ഒരുദിവസം ഞാൻ അല്ലാഹുവിനോടു ദുആ ചെയ്തു. പറയുന്നു: തുടർന്നുള്ള മൂന്നു ദിവസങ്ങളിൽ അല്ലാഹു ഒന്നിനുപിറകെ ഒന്നായി എനിക്ക് മൂന്നു സ്വപ്നം കാണിച്ചു. ഖിയാമത്ത് വന്നതായിട്ടാണ് ആദ്യം ഞാൻ സ്വപ്നം കണ്ടത്. എല്ലായിടത്തും കുഴപ്പവും കലാപവുമാണ്. പക്ഷേ, അഹ്മദിയായിക്കഴിഞ്ഞിരുന്ന എന്റെ സഹോദരി സഹോദരന്മാർ കുഴപ്പത്തിലോ കലാപത്തിലോ ഇല്ല. മറിച്ച് അങ്ങേയറ്റം സന്തോഷത്തിലാണ്. ഞാനാണെങ്കിൽ അവസ്ഥകൾ വളരെ ഭയാനകമാണെന്ന് പറഞ്ഞ് നിലവിളിക്കുകയും വിലപിക്കുകയും ചെയ്യുന്നു. പക്ഷേ, അവർക്ക് ഒരു കൂസലുമില്ല. തങ്ങൾക്ക് അഹ്മദിയ്യാ ജമാഅത്തിന്റെ മീറ്റിംഗിന് പോകണമെന്ന് പറയുന്നു. ഞാൻ സ്വപ്നാവസ്ഥയിൽ പേടിച്ച് അവരെ കെട്ടിപ്പിടിക്കുന്നു. പിന്നീട് ഒരു സ്വപ്നത്തിൽ കണ്ടത് അഹ്മദിയായികഴിഞ്ഞ എന്റെ സഹോദരി 'നമസ്കരിക്കുക ഇതേ ഒരു മാർഗമുള്ളൂ' എന്ന് എന്നോടു പറയുന്നതാണ്. ഇപ്രകാരംതന്നെ മൂന്നാമത്തെ രാത്രിയിൽ ഞാൻ സ്പനം കണ്ടു, ഞാനെന്റെ സഹോദരിസഹോദരന്മാരോടൊപ്പം ഇരിക്കുകയാണ്. അല്ലാഹു എന്റെ കൈയിൽ എന്തോ എഴുതിയതായി എനിക്കു തോന്നി. പറയുന്നു: ആ സ്വപ്നങ്ങൾ കണ്ടതിനു ശേഷം അവ അഹ്മദിയ്യത്തിന്റെ സത്യത്തെ കുറിച്ചു തന്നെയാണെന്ന് എനിക്കു ബോധ്യമായി. ഞാൻ ബയ്അത്തു ചെയ്തു. ഇപ്പോൾ മുഴുവൻ കുടുംബവും അഹ്മദിയ്യത്തിൽ ചേർന്നു കഴിഞ്ഞിരിക്കുന്നു.

ഐവറികോസ്റ്റിലെ ഒരു ഗ്രാമമായ ശേപ്പോ (Chiepo)യിൽ സേവനം ചെയ്തുകൊണ്ടിരിക്കുന്ന അബ്ദുൽഅസീസ് തറാവിഡെ സാഹിബ് വിവരിക്കുന്നു:തന്റെ ഗ്രാമത്തിൽ അറബികൾ വന്നിരിക്കുന്നതായി പ്രായമുള്ള വാമാറാ തറാവിഡെ (Wamara Traore) സാഹിബ് ഒരു ദിവസം സ്വപ്നം കണ്ടു. അവർ വന്നപ്പോൾ ചിലയാളുകൾ 'ഇവർ യഥാർഥ അറബികളല്ല ഇവരിൽനിന്ന് അകന്നു നില്ക്കുക' എന്ന് സ്വപ്നത്തിൽത്തന്നെ പറയാൻ തുടങ്ങി. അതിന്നിടയിൽ സ്വപ്നത്തിൽത്തന്നെ'നിങ്ങൾ അല്ലാഹുവിനെ പ്രാപിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ ഇക്കൂട്ടർ മുഖേനമാത്രമെ അല്ലാഹുവിനെ പ്രാപിക്കുകയുള്ളുവെന്നുള്ള അശരീരി കേട്ടതായി അദ്ദേഹം പറയുന്നു. അദ്ദേഹം പറയുന്നു: അതിനുശേഷം കുറച്ചുദിവസം കഴിഞ്ഞ്അഹ്മദികളുടെ മുബല്ലിഗ് ഞങ്ങളുടെ ഗ്രാമത്തിൽ വന്നു. അപ്പോൾ ഇവർ മുസ്ലീംകളല്ലെന്നും ഇവരിൽനിന്ന് അകന്നിരിക്കണമെന്നും ചിലയാളുകൾ പറയാൻ തുടങ്ങി. നമ്മുടെ മൗലവിമാരുടെ ഫത്വ ഇതാണെന്നും പറഞ്ഞു. ഇതുകണ്ടപ്പോൾ തന്റെ സ്വപ്നം അദ്ദേഹത്തിന് ഓർമവന്നു. ആ സംഭവത്തിനു കുറച്ചു ദിവസം കഴിഞ്ഞപ്പോൾ അദ്ദേഹം ബയ്അത്തു ചെയ്ത് ജമാഅത്തിൽ ചേർന്നു. ഐവറികോസ്റ്റിലെ ജൽസസാലാനയിലും ഇദ്ദേഹം അത്യുത്സാഹത്തോടെ പങ്കെടുത്തിരുന്നു.

കോംഗോ(Congo) ബ്രാസവിൽ നിന്ന് ബശീർ സാക്ല (Basheer Ntsakala) സാഹിബ് പറയുന്നു: എനിക്ക് 2014-ൽ ഇവിടെത്തെ തദ്ദേശ ജൽസസാലാ


"ദുൻയാവ് സമ്പാദനത്തിന്റെ യഥാർഥ ഉദ്ദേശ്യം ദീൻ ആയിരിക്കേണ്ടതാണ്. ദീനിന്റെ സേവകൻ എന്ന നിലയിൽ ദുൻയാവിനെ കരസ്ഥമാക്കുക."
(ഖുത്ബ ജുമുഅ, 2017 മെയ് 5)

അമീറുൽ മുഅ്മിനീന്റെ ഉപദേശം:-

ത്വാലിബെ ദുആ:
മുഹമ്മദ് സ്വഫ്വാനും കുടുംബവും, എറണാകുളം ജില്ലാ ഖായിദ് (കേരള)

"ദുഷ്കരമായ അവസ്ഥകളിൽനിന്ന് പുറത്തു കടക്കാനുള്ള മാർഗം അല്ലാഹുവിന്റെ മുമ്പിൽ കുനിയുക മാത്രമാണ്."
(ഖുത്ബ ജുമുഅ, 2017 മാർച്ച് 10.)

അമീറുൽ മുഅ്മിനീന്റെ ഉപദേശം:-

ത്വാലിബെ ദുആ:
ഖാഇദ് മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ആലപ്പുഴ(കേരള)

നയിൽ പങ്കെടുക്കാൻ അവസരം കിട്ടി. അവിടെനിന്ന് ഹദ്റത്ത് ഈസാ(അ) മരിച്ചുപോയിരിക്കുന്നുവെന്നും ഇനി അദ്ദേഹം ആകാശത്തുനിന്ന് ഇറങ്ങുകയില്ലെന്നും എനിക്കു മനസ്സിലായി. മുസ്‌ലീംകൾ കക്ഷികളായി പിരിയുമെന്നും ഇസ്‌ലാമിന്റെ പേരുമാത്രം അവശേഷിക്കുമെന്നും അക്കാലത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ) വരുമെന്നും അദ്ദേഹത്തിന്റെ ജമാഅത്തു മാത്രമായിരിക്കും സത്യമാർഗത്തിലുണ്ടാകുകയെന്നും നബി(സ)തിരുമേനി പറഞ്ഞിട്ടുള്ളതായും മനസ്സിലായി. അദ്ദേഹം പറയുന്നു: പിന്നീടു ഞാൻ അഹ്മദിയ്യാ ജമാഅത്തിന്റെ ലിറ്ററേച്ചറുകളും ഗ്രന്ഥങ്ങളും വായിക്കാൻ തുടങ്ങി. അതുമുഖേന എനിക്ക് അഹ്മദിയ്യത്തിന്റെ സത്യം മനസ്സിലാക്കാൻ അവസരം കിട്ടി. അതിന്നിടയിൽ ഒരാൾ എനിക്ക് വെളുത്തതും റോസാപൂവിന്റെ നിറമുള്ള മനോഹരവുമായ വസ്ത്രം തരുന്നതായി ഒരു ദിവസം ഞാൻ സ്വപ്നം കണ്ടു. പിന്നീട് റമളാൻ മാസത്തിൽ വളരെ ഉന്നതക്കിടയിലുള്ള ഒരു ബസ്സിൽ യാത്ര ചെയ്യുന്നതായും സ്വപ്നം കണ്ടു. ആ സ്വപ്നം കണ്ടതിനുശേഷം ബസ്, യാത്രയ്ക്കുള്ള വാഹനമാണെന്നും അതുകൊണ്ട് താൻ ഏതുവഴിയിലൂടെയാണോ പോകുന്നത് അത് ഉന്നതമാണെന്നും അറിഞ്ഞ് എനിക്ക് തൃപ്തിയായി. ആ സ്വപ്നത്തിനുശേഷം ഞാൻ അഹ്മദിയ്യത്തു സ്വീകരിച്ചു.

കിർഗിസ്ഥാൻ (Kyrgyzstan) ജമാഅത്തിലെ നവ അഹ്മദി ഇശാലിൻ റമീൽ (Ishalin Rameel) സാഹിബ് താൻ അഹ്മദിയ്യത്തു സ്വീകരിച്ച സംഭവം ഇങ്ങനെ വിവരിക്കുന്നു: ഞാനൊരു മുസ്‌ലിം കുടുംബത്തിലാണ് ജനിച്ചത്. അതുകൊണ്ട് ഇസ്‌ലാം മതം എനിക്ക് അന്യമല്ലായിരുന്നു. പക്ഷേ, ഞാൻ മതത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെ കുറിച്ച് ഒരിക്കലും ചിന്തിച്ചിരുന്നില്ല. ഞാൻ ജോലി ചെയ്യുന്ന സ്ഥലത്തുവച്ച് കിർഗിസ്ഥാൻ ജമാഅത്തു സ്വദ്റുമായി കൂടിക്കാഴ്ച നടന്നു. വിവിധ വിഷയങ്ങളിൽ സംസാരം നടന്നു കൊണ്ടിരുന്നു. മതവിഷയത്തെ കുറിച്ച് സംസാരിക്കുമ്പോഴെല്ലാം അദ്ദേഹം പറയുന്ന കാര്യങ്ങളിൽനിന്ന് മെല്ലെ മെല്ലെ ഇസ്‌ലാമിന്റെ യാഥാർഥ്യം എന്നിൽ തുറക്കാൻ തുടങ്ങി. നിലവിലുള്ള മുസ്‌ലീംകൾ യഥാർഥ ഇസ്‌ലാം അനുസരിച്ച് നടക്കുന്നവരല്ലെന്ന് ഞാൻ അറിഞ്ഞു. ഇദ്ദേഹവുമായി സംസാരിക്കുമ്പോൾ എന്റെ ചോദ്യങ്ങൾക്കുള്ള മറുപടിയും കിട്ടിത്തുടങ്ങി. ആദ്യമായാണ് ഞാൻ ഖുർആൻ പഠിക്കാൻ തുടങ്ങിയത്. പിന്നീടൊരു ദിവസം ബയ്അത്തു ചെയ്യാൻ തീരുമാനിച്ചു. ആ രാത്രി ഞാൻ സ്പനം കണ്ടു. എന്റെ പിതാവിന്റെ സുഹൃത്ത് ഒരു ഭാഗത്തേക്ക് ചൂണ്ടിക്കൊണ്ട് എന്നോടു പറഞ്ഞു:'ആ സ്ഥലത്ത് ഒരു അടയാളമുണ്ട്. പക്ഷേ, ആ അടയാളത്തെ കുറിച്ച് ആരോടും പറയരുത്. കാരണം ഭീകരർ വന്ന് ആ സ്ഥലം തകർത്തു കളയും. അങ്ങനെ ഞാൻ പോയി ആ അടയാളം കണ്ടു. അത് വളരെ വലിയ ഒരു തോട്ടമാണ്. ആ തോട്ടത്തിൽ ചിത്രശലഭങ്ങളെപ്പോലുള്ള സൃഷ്ടികൾ പറന്നുകൊണ്ടിരിക്കുന്നു. അല്ലാഹുവിന്റെ ഈ അടയാളങ്ങളെ എങ്ങനെയാണ് മറച്ചുവെക്കുക എന്ന് ഞാൻ ചിന്തിക്കാൻ തുടങ്ങി. അതിന്നിടയിൽ ഞാൻ പക്ഷികളെപ്പോലെ പറക്കാൻ തുടങ്ങി. ഞാൻ പറന്ന് എന്റെ പിതാവിന്റെ സുഹൃത്തിന്റെ വീട്ടിലെത്തി. അദ്ദേഹം ചായ കുടിക്കുകയായിരുന്നു. പക്ഷേ, എന്നെ അദ്ദേഹം ഒരു പക്ഷിയായിട്ടു മാത്രമാണ് സങ്കല്പിക്കുന്നത്. ഞാൻ അദ്ദേഹത്തോടു മൂന്നു പ്രാവശ്യം അല്ലാഹു അക്ബർ പറഞ്ഞു. ഈ പക്ഷി എങ്ങനെയാണ് സംസാരിക്കുന്നത് എന്നോർത്ത് അദ്ദേഹം പരിഭ്രമിക്കുന്നു. പിന്നീട് ഞാൻ ആകാശത്തേക്ക് പറന്നുയരുന്നു. ആകാശത്തിലേക്ക് ഉയരുന്ന നേരത്ത് പക്ഷിയിൽനിന്ന് ഞാൻ മലക്കായി മാറുകയാണ്. പിന്നീട് ഞാൻ ഭൂമിയിലേക്ക് നോക്കുന്നു. എല്ലാവരും മരിച്ചു കഴിഞ്ഞിരിക്കുന്നു. ജീവിച്ചിരിക്കുന്നവരായി ആരുമില്ല. പറയുന്നു: ഞാൻ എന്റെ വീട്ടിലേക്ക് പറന്നുവരുന്നു. അതിനുശേഷം സ്വപ്നത്തിൽത്തന്നെ വീട്ടിനുള്ളിൽ പ്രവേശിച്ചുകൊണ്ട് ഉണരുന്നു. അദ്ദേഹം പറയുന്നു: ഈ സ്വപ്നത്തിനുശേഷം അല്ലാഹു എനിക്ക് ഈ ആത്മീയ ശക്തി നല്കിയിരിക്കുകയാണെന്ന് ഞാൻ തീരുമാനിച്ചു. അതിനുശേഷം ഞാൻ ബയ്അത്തു ചെയ്ത് അഹ്മദിയ്യാ ജമാഅത്തിൽ ചേർന്നു.'

മിസ്ർകാരനാണ് ഹംദീ മുഹമ്മദ് അബ്ദുൽ ഹാദീ സാഹിബ്. അദ്ദേഹം പറയുന്നു:'അഹ്മദിയ്യത്തിനെകുറിച്ച് അറിയുന്നതിന് വളരെ മുമ്പേ ഞാൻ സ്വപ്നം കണ്ടു. ഞാൻ ജനശൂന്യവും വിജനവുമായ ഒരു വഴിയിലൂടെ അജ്ഞാതമായ ഒരുവീട്ടിലേക്ക് പോകുകയാണ്. അപ്പോൾ ഒരു സ്വാലിഹായ മനുഷ്യൻ വരുന്നു. എന്നെ ആ വഴിയിൽനിന്ന് തട്ടിമാറ്റി മറ്റൊരു വഴിയിലേക്കിടുന്നു. അത്ഭുതമെന്നു പറയട്ടെ, ഞാൻ ഒരു വിരോധവും പ്രകടിപ്പിക്കാതെ ആ സ്വാലിഹായ മനുഷ്യൻ, എന്നെക്കൊണ്ടു നിറുത്തിയ വഴിയിലൂടെ സന്തോഷത്തോടുകൂടി നടക്കാൻ തുടങ്ങുന്നു. അതിനുകാരണം അദ്ദേഹത്തിന്റെ സഹതാപപൂർവമായ പെരുമാറ്റം അദ്ദേഹം എന്നെ ദുർപര്യവസാനത്തിൽനിന്ന് രക്ഷിച്ച് ശുഭപര്യവസാനത്തിൽ കൊണ്ടുവന്നിരിക്കുന്നുവെന്ന തോന്നലാണ്. ആ വഴിയിലൂടെ നടന്ന് നടന്ന് കുറച്ചു നേരത്തിനുശേഷം ഒരു ഉയർന്ന സ്ഥലത്തെത്തി ഞാൻ എന്റെ പഴയ സ്ഥലത്തേക്ക് നോക്കുന്നു. അപ്പോൾ അവിടെ ഒരു അക്രമിയായ മനുഷ്യൻ ചിലയാളുകളെക്കൊണ്ടു ബലാൽക്കാരമായി പ്രവർത്തിപ്പിക്കുന്നതാണ് കണ്ടത്. അപ്പോൾ ആ സ്വാലിഹായ മനുഷ്യൻ എന്നെ ഞാൻ നടന്നുവന്ന വഴിയിൽനിന്ന് മാറ്റിയില്ലായിരുന്നെങ്കിൽ ഇന്ന് ഞാനും മറ്റുള്ള ധാരാളമാളുകളെപ്പോലെ ഈ അക്രമത്തിന് ഇരയേകേണ്ടിവരുമായിരുന്നില്ലെ എന്ന് ഞാൻ ചിന്തിക്കുന്നു. ഈ സ്വാലിഹായ മനുഷ്യൻ അല്ലാഹുവിന്റെ നബിയായ മൂസാ(അ) ആണെന്ന് ഞാൻ സ്വപ്നത്തിൽ വിചാരിക്കുന്നു. പറയുന്നു: കുറെ കാലത്തിനുശേഷം ജമാഅത്തിനെക്കുറിച്ച് അറിഞ്ഞപ്പോൾ ഞാൻ നടന്നിരുന്ന വഴി നാശത്തിന്റേതായിരുന്നെന്നും എന്നെ അതിൽനിന്ന് മാറ്റി പുതിയവഴിയിലേക്കു കൊണ്ടുവന്നത് ഹദ്റത്ത് മസീഹ് മൗഊദ് (അ)ആയിരുന്നുവെന്നും എനിക്കു മനസ്സിലായി. പുതിയ വഴി അഹ്മദിയ്യത്ത് അഥവാ യഥാർഥ ഇസ്‌ലാമാണ്.

ചില ഉദാഹരണങ്ങളാണ് ഞാൻ പറഞ്ഞത്. ഒരാൾ റഷ്യയിലെ മുൻസ്റ്റേറ്റിൽ നിന്നുള്ളയാളാണ്. ഒരാൾ യൂറോപ്യൻ രാജ്യത്തുനിന്നുള്ളയാളാണ്. ഒരാൾ പശ്ചിമാഫ്രിക്കയിൽനിന്നുള്ളയാളാണ്. ഒരാൾ സെന്ററൽ ആഫ്രിക്കയിൽനിന്നുള്ളയാളാണ്. ഒരാൾ അറേബ്യയിൽനിന്നുള്ളയാളാണ്. വിവിധ തരത്തിലുള്ളവരും വിവിധ ഭാഷകൾ സംസാരിക്കുന്നവരുമാണ്. പക്ഷേ, എല്ലാവർക്കും ഒരേ തരത്തിലുള്ള മാർഗദർശനമാണ് ലഭിക്കുന്നത്. ഇതാരാണ് ചെയ്തുകൊണ്ടിരിക്കുന്നത്? തീർച്ചയായും ഈ മാർഗദർശനം നല്കുന്നത് അല്ലാഹുവാണ്. 'ഞാൻ നിന്റെ ആത്മാർഥരും സ്നേഹിതരുമായവരുടെ സംഘത്തെ വർധിപ്പിക്കുന്നതാണെന്ന്' അവൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടു പറഞ്ഞു.

മൊറോക്കോ(Morocco)യിൽനിന്ന് ഒരു അഹ്മദി അലി അശ്കൂർ സാഹിബ് തന്റെ ബയ്അത്തിന്റെ സംഭവം എഴുതുന്നു: 'അഹ്മദിയ്യത്തിനെ പരിചയപ്പെടുന്ന ആരംഭകാലത്ത് -അന്നു ഞാൻ ലിഖാ മഅൽ അറബ് സ്ഥിരമായി കാണാറുണ്ടായിരുന്നു -ഞാൻ സ്വപ്നത്തിൽ കണ്ടു: ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) ഒരു പർവതത്തിന്റെ ഉച്ചിയിലേക്ക് പോകുന്ന വഴിയിൽ നടന്നുകൊണ്ടിരിക്കുന്നു. അവിടന്ന് വെള്ളനിറമുള്ള പാക്കിസ്താനീ വസ്ത്രമാണ് ധരിച്ചിട്ടുള്ളത്. അദ്ദേഹം പറയുന്നു: ഞാൻ ഹുദൂറിന്റെ പിന്നാലെ നടന്ന് നടന്ന് പർവതത്തിന്റെ മുകൾഭാഗത്തോടു അടുക്കാറാകുന്നു. പർവ്വതത്തിന്റെ പിന്നിൽനിന്ന് നല്ലപ്രകാശം ഞങ്ങൾ കാണുന്നുണ്ട്. അത് ചക്രവാളത്തിൽ പരക്കുകയാണ്. പ്രഭാതവെളിച്ചമാണെന്നാണ് തോന്നുന്നത്. എനിക്ക് ഒരളവുവരെ ഭയമുണ്ട്. എന്റെ ചുവട് തളരാൻ തുടങ്ങി. പറയുന്നു: ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) ഇക്കാര്യത്തെ (എന്റെ ഭയത്തെ) മനസ്സിലാക്കിക്കൊണ്ട് പിന്നിലേക്ക് തിരിഞ്ഞുനോക്കുന്നു. അപ്പോൾ അവിടത്തെ ജ്യോതിർമയമായ മുഖം കണ്ടിട്ട് അത്ഭുതകരമായ ഒരവസ്ഥ എനിക്കുണ്ടാകുന്നു. പറയുന്നു: ഈ പർവ്വതത്തിന് മറുവശത്ത് എന്താണ് ഉള്ളതെന്ന് അറിയില്ല. അതിൽനിന്നാണ് ഇത്തരത്തിലുള്ള പ്രകാശം പുറപ്പെട്ടുകൊണ്ടിരിക്കുന്നത്. അവിടന്ന് പുഞ്ചിരിച്ചുകൊണ്ട് പറയുന്നു: തന്റെ പിന്നാലെ പിന്നാലെ നടന്നുകൊണ്ടിരിക്കുക. ഭയപ്പെടരുത്. പറയുന്നു: അൽഹംദുലില്ലാഹ് ഭയമുണ്ടായിട്ടും ഭീഷണിയുണ്ടായിട്ടും ആ സ്വപ്നമനുസരിച്ച് ലിഖാ മഅൽ അറബ് കണ്ടുകൊണ്ട് ഹുദൂറിന്റെ പിന്നാലെ ഞാൻ നടന്നുകൊണ്ടിരുന്നു; അങ്ങനെ അഹ്മദിയ്യത്ത് സ്വീകരിക്കുന്ന ഘട്ടമെത്തി. പറയുന്നു: ഇങ്ങനെ ഞാൻ അഹ്മദിയ്യത്തിനെക്കുറിച്ച് അറിഞ്ഞതിനുശേഷംബയ്അത്ത് ചെയ്യാൻ തീരുമാനിച്ചു. എം.ടി.എ മുഖേന ഒരു ആഗോള ബയ്അത്തിൽ ചേർന്നുകൊണ്ട് ബയ്അത്തിലെ വാക്കുകളും ഉരുവിട്ടിരുന്നു. പക്ഷേ, മനസ്സ് സംതൃപ്തമല്ലായിരുന്നു. കാരണം ബയ്അത്തിന്റെ വാക്കുകൾ ഇംഗ്ലീഷിലായിരുന്നു. അത് എനിക്ക് മനസ്സിലായിരുന്നില്ല. ഈ രീതിയിൽ ബയ്അത്ത് ചെയ്തത് തൃപ്തിയായില്ല. എങ്കിലും മസീഹ് മൗഊദ്(അ)ന്റെ സത്യസാക്ഷ്യത്തിൽ വിശ്വസിച്ച് ബയ്അത്തിന്റെ നിബന്ധനകളനുസരിച്ച് പ്രവർത്തിക്കുന്നതിന് പരിശ്രമിച്ചുകൊണ്ടിരുന്നു. ഞാൻ അതനുസരിച്ച് ഓരോ കാര്യങ്ങളും ചെയ്തുകൊണ്ടിരുന്നു. പിന്നീട് ജമാഅത്തുമായി ബന്ധപ്പെട്ടപ്പോൾ അല്ലാഹു എന്റെ ഭാര്യയ്ക്കും സത്യം സ്വീകരിക്കാൻ തൗഫീഖ് നല്കി. പിന്നീട് ഞങ്ങൾ ഇരുവരും 2010ന്റെ ആരംഭത്തിൽ ബയ്അത്ത് ഫോറം അയച്ചുകൊണ്ട് ബയ്അത്ത് ചെയ്തു.

അൽജീരിയായിലെ ഒരു സുഹൃത്ത് ഡോക്ടർ ഹിജാസ് കരീം സാഹിബ് തന്റെ ബയ്അത്തിന്റെ സംഭവം എഴുതുന്നു: ഇദ്ദേഹം അവിടത്തെ ജമാഅത്തിലെ ആമില അംഗവുമാണ്. ജനറൽ സെക്രട്ടറിയുമാണ്. അവിടത്തെ അവസ്ഥ കാരണത്താൽ കഴിഞ്ഞ ദിനങ്ങളിൽ ഇദ്ദേഹം അസീറാനെ റാഹെ മൗലായും ആയിരുന്നിട്ടുണ്ട്. ഇപ്പോഴും അദ്ദേഹത്തിന് കഠിനമായ അവസ്ഥയാണുള്ളത്. അല്ലാഹു അദ്ദേത്തിന്റെ പ്രയാസങ്ങൾ അകറ്റുമാറാകട്ടെ. അദ്ദേഹം പറയുന്നു:ഞാൻ കോലംമാറിയ ഇസ്‌ലാമി കാധ്യാപനങ്ങളെ കൊണ്ടും വിശുദ്ധ ഖുർആനിന്റെ തെറ്റായ തഫ്സീറുകളെ കൊണ്ടും തികച്ചും നിരാശനായി കഴിഞ്ഞിരുന്നു. ഉലമാഇന്റെ വിവരണം കേട്ട് അത് അല്ലാഹുവിന്റെ കലാമാകുമോ എന്ന് ചിന്തിക്കാറുണ്ടായിരുന്നു. അങ്ങനെ ഉർദനിലെ ഒരു അഹ്മദി സുഹൃത്തുമുഖേന അഹ്മദിയ്യത്തിന്റേയും അതിന്റെ സ്ഥാപകരുടേയും രചനകളെ സംബന്ധിച്ച് അറിയാൻ കഴിഞ്ഞു. ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ തഫ്സീർ വായിക്കുന്നതിനുമുമ്പേ നഫ്ൽ നമസ്കരിച്ച് അല്ലാഹു നേരായ മാർഗത്തിലേക്ക് മാർഗദർശനം നല്കുന്നതിനുവേണ്ടി ദുആ ചെയ്തു. വായിക്കുന്തോറും നെഞ്ചു തുറന്നുകൊണ്ടിരുന്നു.

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**"താൽക്കാലികവും ഭൗതികവുമായ ആഗ്രഹങ്ങളും ആനന്ദാനുഭൂതികളും നമ്മുടെ ലക്ഷ്യമാക്കാതിരിക്കുമ്പോഴാണ് നാം യഥാർഥ അഹ്മദിയായിത്തീരുന്നത്."**
**(ഖുത്ബ ജുമുഅ,2017 മെയ് 5.)**

ത്വാലിബെ ദുആ:
സുനിൽ അഹ്മദ്,അഹ്മദിയ്യാ ജമാഅത്ത്, മാത്ര. (കേരള)

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**"ഏറ്റവും കൂടുതൽ 'വാഖ്ഫിനെ നൗ'യിനെ ജാമിഅ അഹ്മദിയ്യായിൽ വിദ്യാഭ്യാസത്തിനായി അയക്കേണ്ടതാണ്."**
**(ഖുത്ബ ജുമുഅ, 2017 മാർച്ച് 10.)**

ത്വാലിബെ ദുആ:
അഹ്മദിയ്യാ ജമാഅത്തംഗങ്ങൾ, പള്ളുരുത്തി (കേരള)

ആ വാക്യങ്ങളുടെ ഗാംഭീര്യംകൊണ്ട് ശരീരത്തിൽ വിറയൽ അനുഭവപ്പെട്ടു. ഇത് ഏതെങ്കിലും മനുഷ്യന്റെ വാക്യങ്ങളല്ലെന്ന് ഉറപ്പായി. പ്രത്യുത ഇത് അല്ലാഹുവിന്റെ വഹ്‌യാണ്. പക്ഷേ, ബയ്അത്തുചെയ്യാൻ തീരുമാനിക്കുന്നതിനുമുമ്പേ ഇസ്തിഖാറ ചെയ്തു. അപ്പോൾ സ്വപ്നത്തിൽ കണ്ടു, ഞാൻ എന്റെ സുഹൃത്തുക്കളോടൊപ്പം രാത്രിയിൽ പട്ടണത്തിലൂടെ കടന്നുപോകുകയാണ്. ഞങ്ങളോടൊപ്പം ഒരു പ്രകാശവും നടക്കുന്നുണ്ട്. അതിന്നിടയിൽ ഫോണിന്റെ ബെല്ലടിച്ചു. നോക്കിയപ്പോൾ അതിൽ ഹദ്റത്ത് ഇമാം മഹ്ദി(അ)ന്റെ കോൾവരുന്നതായിട്ട് മനസ്സിലായി. അദ്ദേഹത്തെ തിരിച്ചു വിളിക്കാമെന്ന് ഞാൻ മനസ്സിൽ തീരുമാനിച്ചു. അദ്ദേഹം ഫോണിന് മറുപടി തരുന്നില്ലെങ്കിൽ സത്യവാനായിരിക്കും; ഇല്ലെങ്കിൽ അല്ല. നബി ഫോണിന് മറുപടി നല്കുകയില്ലെന്ന കാര്യം സ്വപ്നത്തിൽത്തന്നെ എനിക്കു വിചാരമുണ്ടായത് എന്തുകൊണ്ടാണെന്ന് എനിക്കറിയില്ല. അങ്ങനെ ഞാൻ ഫോൺ ചെയ്തു. ദീർഘനേരം ബെല്ലടിച്ചുകൊണ്ടിരുന്നു. പക്ഷേ, അദ്ദേഹം ഫോണെടുത്തില്ല. അതിനുശേഷം അവിടന്ന് എന്റെ മുമ്പിൽ ഭീഷണമായ ജ്യോതിസ്സ് വെളിപ്പെടുത്തി. ശയ്ത്വാൻ എന്നിൽ മഹ്ദിയുടെ കാര്യം സംശയമുളളതാക്കാതിരിക്കാൻ ഞാൻ വിശുദ്ധ ഖുർആനിന്റെ ആയത്തുകളും അഊദു ബില്ലായും ഓതാൻ തുടങ്ങി. അതിനുശേഷം കഠിനമായ ഭയത്താൽ ഞെട്ടി ഉണർന്നു. ഇതു സുബ്ഹി നമസ്കാരത്തിന്റെ സമയമായിരുന്നു. ഈ സ്വപ്നം സത്യമാണെന്ന് എനിക്ക് ദൃഢവിശ്വാസമായി. പിന്നീടു ഞാൻ ബയ്അത്തു ചെയ്തു.

ജനങ്ങൾക്ക് ഏതെല്ലാം വിധത്തിലാണ് ദൃഷ്ടാന്തങ്ങൾ വെളിപ്പെടുന്നതും പിന്നീട് അത് ബയ്അത്തിനുള്ള വഴിയായി മാറുന്നതും. ഇതുസംബന്ധമായി സെനഗളി(Senegal)ലെ ഇൻചാർജ് മുബല്ലിഗ് ഒരു സംഭവമെഴുതുന്നു. പറയുന്നു: സെനിഗൾ റീജ്യണിന്റെ സാമാസിൽ(Cazamass) മൂന്ന് ഗ്രാമത്തിൽ അഹ്മദിയ്യത്ത് രൂപീകരിക്കപ്പെട്ടു. ആ ഗ്രാമങ്ങളിലെ ജമാഅത്തിന്റെ അഭിവൃദ്ധി കണ്ടിട്ട് ജമാഅത്തിന്റെ എതിരാളികളായ മൗലവിമാരും ചീഫും ചേർന്നുകൊണ്ട് ജമാഅത്തിന്നെതിരിൽ ശാപപ്രാർഥന നടത്താൻ തീരുമാനിച്ചു. അവർ എല്ലാവരും മുസ്‌ലിംകളായിരുന്നു. വിശുദ്ധഖുർആൻ തിലാവത്ത് ചെയ്തുകൊണ്ട് ഭൂമിയിൽ കൈ അടിച്ചുകൊണ്ട് 'അല്ലാഹു ഈ ജമാഅത്തിനേയും ഈ മുബല്ലിഗിനേയും നശിപ്പിക്കട്ടെ' എന്ന്അവർ പറഞ്ഞു. പക്ഷേ, അല്ലാഹു എന്താണ് ചെയ്തതെന്നാൽ ഈ ശാപപ്രാർഥനയ്ക്ക് കുറച്ചു ദിവസങ്ങൾക്കുശേഷം അവരുടെ ഏറ്റവും പ്രിയപ്പെട്ട ഇമാമിന് പാമ്പ് കടിയേറ്റു. പിന്നീട് എല്ലാ ഇമാമുമാരും കൂടിച്ചേർന്ന് അല്ലാഹു ഇമാമിനെ രക്ഷിക്കുന്നതിനുവേണ്ടി വീണ്ടും ദുആ ചെയ്തു. എന്നാൽ, അവരുടെ ഈ വലിയ ഇമാം ചോര ഛർദ്ദിച്ചു മരിച്ചു. പിന്നീട് കുറച്ച് ദിവസം കഴിഞ്ഞ് ആ ചീഫിനേയും പാമ്പ് കടിച്ചു. ജമാഅത്തിന്നെതിരിൽ ശാപപ്രാർഥനചെയ്തവരിൽപെട്ട ആളായിരുന്നു. അയാളേയും രക്ഷിക്കുന്നതിനുവേണ്ടി മൗലവിമാർ ഒത്തുചേർന്ന് ദുആ ചെയ്തു. പക്ഷേ, നാശത്തിൽനിന്ന് രക്ഷിക്കാൻ കഴിഞ്ഞില്ല. ഇത് കണ്ട് ജനങ്ങൾ ഭയന്നു. അഹ്മദിയ്യത്തിനും അഹ്മദി മുബല്ലിഗിനുമെതിരിൽ ശാപപ്രാർഥന നടത്തിയതിന്റെ ഫലമായാണ് ഇങ്ങനെ സംഭവിച്ചതെന്ന് അവർ പറഞ്ഞു. പക്ഷേ, ഇതൊന്നും അല്ലാഹുവല്ല ചെയ്യുന്നത് മറിച്ച്, ജിന്നുകൾ പാമ്പുകളെ അയച്ചതുകൊണ്ടാണെന്ന് മൗലവിമാർ പറഞ്ഞു. പറയുന്നു: ഇപ്പോൾ കുറച്ചുദിവസം കഴിഞ്ഞതേയുള്ളൂ നാഇബ് ചീഫിനേയും പാമ്പ് കടിച്ചു. അയാളും അതേ അവസ്ഥയിൽ മരിച്ചു. ഇതിനുശേഷം ആളുകൾ നമ്മുടെ മുബല്ലിഗിന്റെ അടുത്തുവന്നു. ഇവർ ജമാഅത്തിന്നെതിരിൽ ഇങ്ങനെ ശാപപ്രാർഥന നടത്തിയിരുന്നത് മുബല്ലിഗ് അറിഞ്ഞിരുന്നില്ല. പക്ഷേ, ഗ്രാമവാസികൾതന്നെ ഈ സംഭവങ്ങളെല്ലാം വിവരിച്ചു. എന്നിട്ട് തങ്ങളെ രക്ഷിക്കണമെന്നും തങ്ങളുടെ ശാപപ്രാർഥനയാണ് തങ്ങളെ പിടിച്ചതെന്നും തങ്ങൾക്കുവേണ്ടി എന്തെങ്കിലും ചെയ്തുതരണമെന്നും പറഞ്ഞു. അങ്ങനെ മുബല്ലിഗ് അവരുടെ ഗ്രാമത്തിൽപോയി. അവർക്ക് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ 'അല്ലാഹു ശത്രുക്കളുടെ ദുആകൾ അവരിൽതന്നെ മറിച്ചിടുമെന്നും ജമാഅത്തിന് അഭിവൃദ്ധി നൽകുമെന്നു'മുള്ള മുന്നറിയിപ്പ് പറഞ്ഞുകൊടുത്തു. ഇപ്പോൾ അല്ലാഹുവിന്റെ കൃപയാൽ മൂന്ന് ഗ്രാമങ്ങളിലേയും 700-ലേറെ ആളുകൾ ബയ്അത്ത് ചെയ്ത് ജമാഅത്തിന്റെ മടിത്തട്ടിലേക്ക് വന്നു.

എതിരാളികളും ചില ഘട്ടങ്ങളിൽ സൽപ്രകൃതക്കാരായവർക്ക് സത്യാന്വേഷണത്തിനുള്ള വഴികൾ തുറന്നുകൊടുക്കാറുണ്ട്. ഒരു സംഭവം വിവരിച്ചുകൊണ്ട് ബുർക്കിനാ ഫാസോ (Burkina Faso) യിലെ ബോറോമോ റീജ്യണിൽനിന്നുള്ള നമ്മുടെ മുബല്ലിഗ് എഴുതുന്നു. നമ്മുടെ ഒരു ജമാഅത്തായ പൗറാ(Poura)യിലെ വഹാബി ഇമാമിന്റെ മകൻ ഒരു തബ്‌ലീഗ് പരിപാടിയിൽ പങ്കെടുത്തു. പി.എച്ച്.ഡിക്കാരനായ അനഹ്മദി മൗലവി തെളിവുകൾ നൽകുന്നതിനു പകരം ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ ആക്ഷേപിച്ചുകൊണ്ടിരിക്കുന്നതാണ് അതിൽ അദ്ദേഹം കണ്ടത്. ഇക്കാര്യം അദ്ദേഹത്തിൽ അഗാധമായ സ്വാധീനമുണ്ടാക്കി. അദ്ദേഹം ജമാഅത്തിനെക്കുറിച്ച് അന്വേഷിക്കാൻ തുടങ്ങി. റേഡിയോയിൽ ജമാഅത്തിന്റെ തബ്‌ലീഗ് പ്രോഗ്രാം കേട്ടുകൊണ്ടിരുന്നു. ഒരു ദിവസം തന്റെ പിതാവിനോട് (അദ്ദേഹം വഹാബിയായിരുന്നു) ജമാഅത്തിനെക്കുറിച്ച് ചോദിച്ചു. അപ്പോൾ പിതാവ് പറഞ്ഞു: അഹ്മദികൾ മുസ്‌ലിംകളല്ല. നീ അവരുടെ അടുക്കൽപോലും പോകരുത്. പക്ഷേ, അദ്ദേഹം തുടർച്ചയായി റേഡിയോ കേട്ടുകൊണ്ടിരുന്നു. പിന്നീട് അദ്ദേഹം നമ്മുടെ മുഅല്ലിമുമായി ബന്ധപ്പെട്ടു. ബയ്അത്ത് ചെയ്ത് ജമാഅത്തിൽ ചേർന്നു. പിതാവ് ഈ വിവരം അറിഞ്ഞപ്പോൾ അവനെ ചീത്തപറയുകയും വീട്ടിൽനിന്ന് പുറത്താക്കുകയും ചെയ്തു. കുറച്ചു ദിവസത്തിനുശേഷം അദ്ദേഹത്തിന്റെ മാതാവ് ഫോണിലൂടെ 'നീ പോയതിനുശേഷം വീട്ടിലെ ശാന്തിയും സമാധാനവും ഇല്ലാതായെന്നും അതുകൊണ്ട് തിരിച്ചു വരികയെന്നും നിന്റെ പിതാവുമായി രഞ്ജിപ്പിലാവുകയെന്നും' പറഞ്ഞു. ഉമ്മ പറഞ്ഞതനുസരിച്ച് അദ്ദേഹം വീട്ടിൽ തിരിച്ചെത്തിയപ്പോൾ പിതാവ് മുഴുവൻ ഗ്രാമവാസികളേയും അവിടെ വിളിച്ചുകൂട്ടിയിരിക്കുന്നതാണ് കണ്ടത്. അദ്ദേഹം അവരോട് പറഞ്ഞു. ഇത് എന്റെ മകനല്ല. ഇവൻ കാഫിറാണ്. ആഫ്രിക്കൻ പാരമ്പര്യമനുസരിച്ച് പിതാവിന്റെ വെറുപ്പുണ്ടാകുക എന്നത് വളരെ മോശമായിട്ടാണ് അറിയപ്പെടുന്നത്. അപ്പോൾ ആ പുതിയ അഹ്മദി മകൻ വളരെ പ്രയാസത്തിലായി. അദ്ദേഹം ദുആ ചെയ്യാൻ തുടങ്ങി. പിന്നീട് 'രക്ഷ വേണമെങ്കിൽ അഹ്മദിയ്യത്തിൽ നിലകൊള്ളുക' എന്ന് ആരോ പറയുന്നതായി അദ്ദേഹം സ്വപ്നം കണ്ടു. ഈ സ്വപ്നംകൊണ്ട് അദ്ദേഹത്തിന് കൂടുതൽ ചുവടുറപ്പ് കിട്ടി. തന്റെ പിതാവിനോട് പറഞ്ഞു: 'താങ്കൾ എന്തു വേണമെങ്കിലും ചെയ്തുകൊള്ളുക. ഞാൻ ഇനി അഹ്മദിയ്യത്ത് ഉപേക്ഷിക്കുകയില്ല.' ആയിരക്കണക്കിന് മൈലുകൾ അകന്നിരിക്കുന്നവരുടെ മനസ്സുകളിൽ അല്ലാഹു അഹ്മദിയ്യത്തിനെ നാട്ടുന്നതിനോടൊപ്പം അവർക്ക് ചുവടുറപ്പും നല്കുന്നു.

അല്ലാഹു ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനം മുഖേന ഇസ്‌ലാമിനെ സ്നേഹിക്കുന്ന ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സംഘത്തെ ഉണ്ടാക്കിയിരിക്കുന്നിടത്ത് പരസ്പരമുള്ള സ്നേഹവും മനസ്സുകളിൽ സൃഷ്ടിച്ചിരിക്കുന്നു. ഈ സ്നേഹത്തിന്റെ സംഭവങ്ങൾ വിവരിച്ചുകൊണ്ട് ബെനിനി(Benin) ലെ അമീർ സാഹിബ് എഴുതുന്നു: പാരാക്കോ റീജ്യണിലെ ഒരു കസബയാണ് കാലെ (Kale). പാരാക്കോ നഗരത്തിൽനിന്ന് 114 കിലോമീറ്റർ ദൂരത്താണിത്. നല്ല വഴികളൊന്നുമില്ല. അതിലൂടെ നടന്നുകൊണ്ടും വനങ്ങളിലൂടെ കടന്നുകൊണ്ടും എത്തുന്ന വനത്തിൽ നടന്ന സംഭവമാണിത്. കഴിഞ്ഞ വർഷം ഞങ്ങൾ ആ ഗ്രാമത്തിൽ പോകുകയും അവിടെ ബയ്അത്തുകൾ നടക്കുകയും ചെയ്തിരുന്നു. ഈ വർഷം ആ ഗ്രാമത്തിൽ മരങ്ങളുടെ തണലിൽ ജൽസയും സംഘടിപ്പിച്ചിരുന്നു. ചുറ്റുവട്ടത്തുള്ള ജമാഅത്തുകളിൽനിന്ന് പുതിയ അഹ്മദികളേയും വിളിച്ചിരുന്നു. കേന്ദ്ര സംഘം ദീർഘവും ദുർഘടവുമായ യാത്ര ചെയ്ത് ഈ ഗ്രാമത്തിൽ എത്തിയപ്പോൾ ഗ്രാമവാസികൾ ആവേശോജ്ജ്വലമായ നിലയിൽ മുദ്രാവാക്യം വിളിക്കാൻ തുടങ്ങി. എത്രമാത്രം ഊഷ്മളമായ വരവേല്പാണ് നൽകിയതെന്നാൽ ഗ്രാമവാസികളുടെ ആത്മാർഥത കണ്ട് യാത്രയിലുണ്ടായ ക്ഷീണമൊക്കെ അകന്നുപോയി.

പറയുന്നു: ഒരു ജമാഅത്തായ മകാറ(Makara) യിലെ പുതിയ അഹ്മദിയായ പ്രസിഡണ്ട് അവിടെ തന്റെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: 'ജനങ്ങളേ, ഇത് സത്യത്തിന്റെ വഴിയാണ്. ഇതാണ് നമുക്ക് ജീവിതം നൽകിയത്. ഇതാണ് യഥാർഥ ഇസ്‌ലാമതം. ഇത് നമുക്ക് സ്നേഹം പഠിപ്പിച്ചു. അനഹ്മദി ഇമാം നമ്മുടെ ഇടയിൽ കുഴപ്പങ്ങളുണ്ടാക്കി സ്നേഹം ഇല്ലാതാക്കാൻ ശ്രമിച്ചിരുന്നു. എന്നാൽ, അഹ്മദിയ്യത്ത് നമ്മൾ എല്ലാവരേയും ഐക്യത്തിലാക്കി.'

ഇപ്രകാരം മറ്റൊരു നൗമുബാഊംകളുടെ ജമാഅത്തായ ഡോറോ(Dorou)യുടെ സ്വദ്ർ പറഞ്ഞു: അഹ്മദിയ്യത്തുതന്നെയാണ് നമുക്ക് ശരിയായ ഇസ്‌ലാം പഠിപ്പിച്ചത്. നമ്മൾ ജൽസാ സാലാനയിൽ പോയപ്പോൾ അവിടെ ആരും ഒരു വ്യത്യാസവും കാണിച്ചില്ല. എല്ലാ ഗ്രാമവാസികളും നഗരവാസികളും ഒരേ സ്ഥലത്ത് ഒത്തുകൂടിയിരുന്നു. ഒരു വഴക്കുമുണ്ടായില്ല. കലഹവുമുണ്ടായില്ല. അഹ്മദിയ്യത്ത് നമുക്ക് ദീനിന്റെ ഗ്രാഹ്യം നൽകി. അല്ലാഹു കൃപ ചൊരിഞ്ഞു. നമ്മൾ നമസ്കരിക്കാൻ തുടങ്ങി. പിന്നീട് ഒരു പുതിയ അഹ്മദി പറഞ്ഞു: കാട്ടുവാസികളായ നമ്മെ മനുഷ്യരാക്കിത്തീർത്ത അഹ്മദിയ്യത്തിന് നമ്മൾ നന്ദി പറയുന്നു. ഇവിടെ മകൻ പിതാവിന് സലാം പറയുമായിരുന്നില്ല. പക്ഷേ, അഹ്മദി മുഅല്ലിമുമാരും മുബല്ലിഗുമാരും നമുക്ക് എങ്ങനെ ശിക്ഷണം നൽകിയെന്നാൽ, നാലുഭാഗത്തുനിന്നും സലാമിന്റെ ശബ്ദമാണ് കേട്ടുകൊണ്ടിരിക്കുന്നത്.

അല്ലാഹു മുസ്‌ലിംകളിൽനിന്നും അമുസ്‌ലിംകളിൽനിന്നും എങ്ങനെയാണ് സൗഭാഗ്യർക്ക് അഹ്മദിയ്യത്ത് സ്വീകരിച്ചതിനുശേഷം ഈമാനിൽ ദൃഢത പ്രദാനം ചെയ്തിരിക്കുന്നത്.

സിയറ ലിയോ(Sierra Leone)ണിലെ അമീർ എഴുതുന്നു: ബോ(Bo)റീജ്യണിലെ ഒരു ജമാഅത്താണ് സെല്ലൂ (Sello). അവിടെ കഴിഞ്ഞവർഷം പുതിയ അഹ്മദികളുടെ ജമാഅത്ത് രൂപീകരിച്ചിരുന്നു. പക്ഷേ, അവിടത്തെ ഇമാം ആ നേരത്ത് ബയ്അത്ത് ചെയ്തിരുന്നില്ല. കുറച്ച് കാലംമുമ്പേ ആ ഇമാമും അഹ്മദിയ്യാ ജമാഅത്തിൽ ചേരുന്നതായി വിളംബരം ചെയ്തപ്പോൾ ഉപദ്രവകാരികളായ ചിലർ കലഹമുണ്ടാക്കുന്നതിനുവേണ്ടി അവിടെ എത്തി. അവർ അവിടെ ചെന്ന് ഇമാമിനോട് പറഞ്ഞു: താങ്കൾ ഇമാമത്ത് വഹിച്ചുകൊണ്ടിരിക്കുന്ന ഈ മസ്ജിദ് മാലിക്കിയാ കക്ഷിയുടേതാണ്. അതുകൊണ്ട് ഒന്നുകിൽ അഹ്മദിയ്യത്ത് ഉപേക്ഷിക്കുക. അല്ലെങ്കിൽ ഈ മസ്ജിദിന്റെ ഇമാമത്ത് ഉപേക്ഷിക്കുക.' അപ്പോൾ ഇമാം സാഹിബ് മറുപടി പറഞ്ഞു:'ഞാൻ ദീർഘമായ കാലത്തെ വ്യക്തിപരമായ അന്വേഷണത്തിനും പഠനത്തിനും ശേഷമാണ് അഹ്മദിയ്യത്ത് സ്വീകരിച്ചിട്ടുള്ളത്. ഞാൻ ഇമാമാണ്. ഇക്കാര്യങ്ങൾ നിങ്ങളെക്കാൾ കൂടുതൽ നല്ലവണ്ണം മനസ്സിലാക്കിയിട്ടുള്ളവനാണ്. അതുകൊണ്ട് ഞാൻ നിങ്ങളോട് പറയാനാഗ്രഹിക്കുന്നത് അഹ്മദിയ്യത്ത് തന്നെയാണ് യഥാർഥ ഇസ്‌ലാം എന്നാണ്. ഞാൻ നിങ്ങളുടെ മസ്ജിദും ഇമാമത്തും നിങ്ങളെ ഏല്പിക്കുകയാണ്. പക്ഷേ, അഹ്മദിയ്യത്ത് ഉപേക്ഷിക്കാൻ എനിക്ക് സാധിക്കുകയില്ല.'

ഇത്തരത്തിൽ, സത്യത്തെ മനസ്സിലാക്കുന്നതിനും ഉരച്ചുനോക്കുന്നതിനുമുള്ള വിവേകം അല്ലാഹു പ്രദാനം ചെയ്തിട്ടുള്ള ഇമാമുമാരും ഉലമാക്കളുമുണ്ട്. ഇതിന് നേരെ വിപരീതമായി കേവലം സ്വാർഥതയും തങ്ങളുടെ വയർ നിറയ്ക്കുന്നതിൽ മാത്രം ശ്രദ്ധചെലുത്തുകയും ചെയ്യുന്ന പാക്കിസ്ഥാനി ഉലമാക്കളുമുണ്ട്.

ബെനിനി(Benin)ൽനിന്ന് ഒരു ലോക്കൽ മുഅല്ലിമായ തൗഫീഖ് സാഹിബ് എഴുതുന്നു: ഒരു സുഹൃത്ത് ബാമെസോറോ(Bamesoro)കരീം സാഹിബിന് ക്രിസ്തുമതത്തിൽനിന്ന് അഹ്മദിയ്യത്ത് സ്വീകരിക്കാൻ തൗഫീഖ് കിട്ടി. അദ്ദേഹം ഞങ്ങളെ തന്റെ ഗ്രാമമായ ഹേട്ടി(Heti) യിൽ തബ്‌ലീഗ് ചെയ്യുന്നതിന് ക്ഷണിച്ചു. ചിലപ്പോൾ ഗ്രാമവാസികളാരും സ്വീകരിക്കുകയില്ലെന്നും അദ്ദേഹം പറഞ്ഞു. ആളുകൾ എന്നെ എതിർത്താലും വേണ്ടില്ല, ഞാൻ അഹ്മദിയാണ്. അഹ്മദിയായിത്തന്നെയിരിക്കുകയും ചെ

യ്യും. ഞാൻ തനിച്ച് തബ്ലീഗ് ചെയ്തുകൊണ്ടിരിക്കുന്നതാണ്.' ഇതാണ് പുതിയതായി വരുന്നവരുടെ തബ്ലീഗ് ചെയ്യാനുള്ള ആവേശം. ഇത് പഴയ ആളുകളായ നമുക്ക് പാഠമാണ്. അദ്ദേഹത്തിന്റെ ഗ്രാമത്തിൽ തബ്ലീഗ് ചെയ്തപ്പോൾ 20 ആളുകൾക്ക് ബയ്അത്ത് ചെയ്യാൻ ഭാഗ്യം കിട്ടി. കുറച്ചുകാലത്തിനുശേഷം ജാമിഅ അഹ്മദിയ്യാ നൈജിരീയായിലെ ഒരു വിദ്യാർഥി ബശീർ സാഹിബിനെ അവിടെ തർബിയ്യത്തിനുവേണ്ടി അയച്ചു. അപ്പോൾ 100 ആളുകൾ അഹ്മദിയ്യത്ത് സ്വീകരിച്ചു. അഹ്മദിയ്യത്തിന്റെ വളർന്നുവരുന്ന അംഗസംഖ്യ കണ്ട് ഒരു മസ്ജിദിലെ ഇമാം ജമാഅത്തിനെ എതിർക്കാനും നിത്യവും അതിരാവിലെ ജമാഅത്തിന്നെതിരിൽ ഉപദേശ പ്രസംഗം നടത്താനും തുടങ്ങി. പക്ഷേ, അഹ്മദികൾ ഉറച്ചുനിന്നു. ഗ്രാമത്തിലെ ആദ്യ അഹ്മദിയായ ബാമെ സോറോ(Bamesoro) കരീം സാഹിബ് പറഞ്ഞു: ഈ ഗ്രാമത്തിൽ ജമാഅത്തിന് മസ്ജിദ് നിർമിക്കാൻ സ്ഥലം കിട്ടുന്നതുവരെ ജമാഅത്തായി നമസ്കരിക്കുന്നതിന് ഞാൻ എന്റെ വീട് നല്കുകയാണ്. അല്ലാഹുവിന്റെ കൃപയാൽ അഹ്മദികൾ അവിടെ ജുമുഅ നമസ്കരിച്ചു. പെരുന്നാൾ നമസ്കാരവും നിർവ്വഹിച്ചു. മസ്ജിദിലെ ഇമാം അഹ്മദിയ്യത്ത് നിത്യവും അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുന്നത് കണ്ടപ്പോൾ അദ്ദേഹം ബാമെ സോറെ സാഹിബിന്റെ വീട്ടിൽ പോയി. അദ്ദേഹത്തെ കാഫിർ എന്നു വിളിക്കാൻ തുടങ്ങി. അപ്പോൾ കരീം സാഹിബ് പറഞ്ഞു: ഞാൻ ക്രിസ്ത്യാനിയായിരുന്നപ്പോൾ നിങ്ങളിലാരും എനിക്ക് ഇസ്ലാമിന്റെ സന്ദേശം നൽകിയില്ല. ഇപ്പോൾ ഞാൻ അഹ്മദിയ്യാ ജമാഅത്ത് കാരണത്താൽ അഹ്മദീ മുസ്ലിം ആണ്. അപ്പോൾ നിങ്ങൾ എന്നെ കാഫിർ എന്നു പറയുന്നു. ഞാൻ അഹ്മദിയാണ്. അഹ്മദിയായിതന്നെ മരിക്കുന്നതുമാണ്. അങ്ങനെ മൗലവിക്ക് അവിടെനിന്ന് നിന്ദ്യനായി പോകേണ്ടിവന്നു. കരീം സാഹിബ് അല്ലാഹുവിന്റെ കൃപയാൽ ഒരു കർമനിരതനായ ദായിഇലല്ലാഹ് ആയിക്കഴിഞ്ഞിരിക്കുന്നു. അദ്ദേഹത്തിന് തബ്ലീഗിന് വളരെ ആവേശമാണുള്ളത്. മസ്ജിദിലെ ഇമാമിന്റെ എതിർപ്പുണ്ടായിട്ടും വളരെ ആവേശത്തോടും വികാരത്തോടുംകൂടി തബ്ലീഗ് ചെയ്തുവരുന്നു. പുതിയ ബയ്അത്തുകൾ കരസ്ഥമാക്കാനുള്ള മാർഗവും ആയിക്കൊണ്ടിരിക്കുന്നു.

ബുർക്കിനാ ഫാസോ (Burkina Faso) യിൽനിന്ന് ലോക്കൽ മുഅല്ലിം കോനാത്തേ അബ്ദുൽ ഹയ്യ് സാഹിബ് പറയുന്നു: ഒരു പുതിയ അഹ്മദി ദിയാലോ(Dialo) ഇബ്രാഹിം പറഞ്ഞു: ഞാൻ മുസൽമാനായിരുന്നിട്ടും ധാരാളമായി മദ്യപിക്കാറുണ്ടായിരുന്നു. എത്രത്തോളം കുടിച്ചിരുന്നുവെന്നാൽ ജനങ്ങൾ അദ്ദേഹത്തെ ഭ്രാന്തനെന്ന് പറയാൻ തുടങ്ങി. ആരും അദ്ദേഹത്തിന്റെ അടുത്തുപോകുമായിരുന്നില്ല. ഒരു ദിവസം അദ്ദേഹത്തിന് സുഖമില്ലാതായി. ആരും അദ്ദേഹത്തെ കാണാൻ ചെന്നില്ല. അതിനുശേഷം അദ്ദേഹം അഹ്മദിയ്യാ റേഡിയോ കേൾക്കാൻ തുടങ്ങി. അല്ലാഹു അദ്ദേഹത്തിന് ഹിദായത്ത് നൽകി. ജമാഅത്തിൽ പ്രവേശിച്ചു. മദ്യപാനം ഉപേക്ഷിച്ചു. പക്ഷേ, കുറച്ചുകാലത്തിനുശേഷം വീണ്ടും അദ്ദേഹത്തിന് സുഖമില്ലാതായി. ഇപ്രാവശ്യം എത്രമാത്രം രോഗം മൂർച്ഛിച്ചുവെന്നാൽ തന്റെ അവസാന സമയമാണതെന്ന് അദ്ദേഹത്തിന് തോന്നി. അങ്ങനെ അദ്ദേഹം ദുആ ചെയ്തു: 'അല്ലാഹുവേ, ഇമാം മഹ്ദിയെ ഞാൻ വിശ്വസിച്ചിരിക്കുന്നു. അദ്ദേഹം സത്യവാനാണെങ്കിൽ നീ നിന്നിൽനിന്ന് എനിക്ക് ദീർഘായുസ്സ് നൽകിയാലും.' അല്ലാഹു അദ്ദേഹത്തിന്റെ ദുആ കേട്ടു. അല്ലാഹു അദ്ദേഹത്തിന് രോഗത്തിൽനിന്ന് മുക്തി നൽകി എന്നു മാത്രമല്ല അദ്ദേഹം എത്രമാത്രം ആരോഗ്യവാനായെന്നാൽ അതിനുശേഷം ജൽസയിലും പങ്കെടുത്തു. ഇതെല്ലാം ഇമാം മഹ്ദി(അ)നെ വിശ്വസിച്ചതിന്റെ അനുഗ്രഹമാണെന്നാണ് അദ്ദേഹം പറയുന്നത്. ഇന്ന് അദ്ദേഹം ജീവിച്ചിരിക്കുന്നത് സത്യം മനസ്സിലാക്കിയതുകൊണ്ടുമാത്രമാണ്.

ഐവറികോസ്റ്റിൽ (Ivory coast)നിന്ന് ഒരു സുഹൃത്ത് ദേംബെലേ(Dembele) സാഹിബ് തന്റെ അഹ്മദിയ്യത്ത് സ്വീകരണത്തിന്റെ സംഭവം വിവരിച്ചുകൊണ്ട് പറയുന്നു: ഞാൻ ബിംബങ്ങളെ ആരാധിച്ചിരുന്നു. ഒരു ദിവസം ഞാൻ സ്വപ്നം കണ്ടു. ഒരു വൃദ്ധ എനിക്ക് ഒരു മൊന്തയും ഒരു നമസ്കാരപടവും നൽകി. എന്നിട്ട് നമസ്കരിക്കാൻ പറഞ്ഞു. എനിക്ക് ഈ സ്വപ്നം മനസ്സിലായില്ല. സ്വപ്നവ്യാഖ്യാനത്തിനുവേണ്ടി ഞാൻ ഒരു മുസ്ലിം പണ്ഡിതന്റെ അടുക്കൽപോയി. അദ്ദേഹം പറഞ്ഞു: ഇതിന്റെ നേരെയുള്ള ഉദ്ദേശ്യം നിങ്ങൾ നമസ്കരിക്കുക എന്നതാണ്. അങ്ങനെ ഞാൻ അനഹ്മദികളുടെ മസ്ജിദിൽ നമസ്കരിക്കാൻ തുടങ്ങി. അപ്പോഴും എന്റെ ശ്രദ്ധ ബിംബാരാധനയിലേക്കായിരുന്നു. കുറച്ചു ദിവസങ്ങൾക്കുശേഷം ഞാൻ വീണ്ടും അതേ സ്വപ്നം കണ്ടു. ആ സ്ത്രീ വീണ്ടും എന്നോട് നമസ്കരിക്കാൻ പറഞ്ഞു. അദ്ദേഹം പറഞ്ഞു: ഞാൻ ആകെ അങ്കലാപ്പിലായി. ഞാൻ നമസ്കാരം തുടങ്ങിയിരുന്നു. പക്ഷേ, അപ്പോൾപിന്നെ ഈ സ്വപ്നത്തിന്റെ അർഥമെന്താണ്. അദ്ദേഹം പറയുന്നു: ഞാൻ എന്റെ മൂത്തസഹോദരന്റെ അടുക്കൽ പോയി. അദ്ദേഹം അഹ്മദിയാണ്. അദ്ദേഹത്തോട് സ്വപ്നം വിവരിച്ചു. മൂത്തസഹോദരൻ എന്നോട് പറഞ്ഞു: ഇതിന്റെ ഉദ്ദേശ്യം നീ അഹ്മദിയ്യത്ത് സ്വീകരിക്കണമെന്നാണ്. അങ്ങനെ അദ്ദേഹത്തിന്റെ അഭിപ്രായം കേട്ട് ഞാൻ ജമാഅത്തിന്റെ മുബല്ലിഗുമായി ബന്ധംവെച്ച് ജമാഅത്തിനെക്കുറിച്ച് കാര്യങ്ങൾ മനസ്സിലാക്കി ബയ്അത്ത് ചെയ്തു. ബയ്അത്തിന് മുമ്പേ ഞാൻ നമസ്കരിക്കാറുണ്ടായിരുന്നു. പക്ഷേ, എന്നിട്ടും എന്റെ മനസ്സ് ബഹുദൈവാരാധനകളിലേക്ക് ചാഞ്ഞുകൊണ്ടിരുന്നു. പക്ഷേ, അഹ്മദിയ്യത്ത് സ്വീകരിച്ചതിന്റെ അനുഗ്രഹംകൊണ്ട് എന്റെ മനസ്സിൽനിന്ന് ബഹുദൈവാരാധനയുടെ ചിന്തതന്നെ തികച്ചും മാറിപ്പോയി. അഹ്മദിയ്യത്ത് സ്വീകരിച്ചതിനുശേഷമാണ് എനിക്ക് യഥാർഥ നമസ്കാരം ലഭ്യമായത്. യഥാർഥ ദൈവത്തെ അറിയാൻ കഴിഞ്ഞതും. അഹ്മദിയ്യത്തിന്റെ അനുഗ്രഹംകൊണ്ടുതന്നെ എനിക്ക് യഥാർഥ ദൈവത്തെ കിട്ടി. അതിനാൽ പുതിയ അഹ്മദികളുടെ ഈ സംഭവങ്ങൾ പഴയ അഹ്മദികൾക്ക് പാഠമാണ്.

കാസാനിൽനിന്നുള്ള മുബല്ലിഗ് എഴുതുന്നു: 2014 ജൂണിൽ ഫരീദ് ഇബ്റാഹിം സാഹിബിന്റെ കടയിൽ കാസാൻ ജമാഅത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഫോട്ടോ വെച്ചു. ആ ഫോട്ടോയുടെ താഴെ 'ദീർഘകാലമായി കാത്തിരിക്കുന്ന ഇമാം മഹ്ദി ആഗമനായി' എന്ന് എഴുതിയിരുന്നു. അതിനോടൊപ്പം ജമാഅത്തിന്റെ വെബ്സൈറ്റിന്റെ മേൽവിലാസവുംകൊടുത്തിരുന്നു. അദ്ദേഹത്തിന്റെ കടയുള്ളത് നഗരത്തിന്റെ മുഖ്യചന്തയിലാണ്. ഒരു ഏകദേശ കണക്കനുസരിച്ച് നിത്യവും പത്തായിരത്തോളം ആളുകൾ ആ കടയുടെ മുന്നിലൂടെ കടന്നുപോകാറുണ്ട്. ആ ചിത്രം കണ്ടുകൊണ്ട് ആളുകൾ നമ്മളുമായി ബന്ധപ്പെടുകയും അങ്ങനെ തബ്ലീഗിനുള്ള വഴി തുറക്കുകയും ചെയ്തു. ഈ രീതിയിലും ആളുകൾ തബ്ലീഗിനുള്ള വഴി തുറക്കാൻ തുടങ്ങുന്നു. കഴിഞ്ഞദിവസം നമ്മുടെ ഒരു പാക്കിസ്താനി അഹ്മദി തന്റെ കച്ചവടസംബന്ധമായ കാര്യത്തിന് ഇവിടെ പോയിരുന്നു. ഞാൻ വിചാരിക്കുന്നത് ഈ സ്ഥലമായിരിക്കുമെന്നാണ്. അദ്ദേഹം എനിക്ക് ഒരു ചിത്രമയച്ചു. അത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പൂർണമായ ഫോട്ടോ കടയിൽ തൂക്കിയിട്ടിരിക്കുന്ന ഒരു ചിത്രമായിരുന്നു. അദ്ദേഹം പറയുന്നു: ഞാൻ അവിടെ നിന്ന് ചിത്രം കണ്ടുകൊണ്ടിരിക്കുകയായിരുന്നു. അപ്പോൾ രണ്ട് പാക്കിസ്താനി അനഹ്മദികൾ കടന്നുപോകുമ്പോൾ ഈ ചിത്രം നോക്കുകയും ഒരാൾ മറ്റേയാളോട് ഇത് ഖാദിയാൻകാരനായ മിർസാ സാഹിബിന്റെ ചിത്രമാണെന്ന് പറയുകയും ചെയ്തു. ആ കടയിൽനിന്ന ഒരു സ്ത്രീ ഇതു മാത്രമേ കേട്ടുള്ളൂ. അവർ ആ ചിത്രത്തിലേക്ക് ചൂണ്ടിക്കൊണ്ട് പറഞ്ഞു:'അത് ഇമാം മഹ്ദി(അ)യാണ്. അദ്ദേഹം വന്നു കഴിഞ്ഞിരിക്കുന്നു.' അവർ ഇതുകേട്ടുടനെ അവിടെനിന്ന് പൊയ്ക്കളഞ്ഞു. തബ്ലീഗിനുള്ള വഴി ഇങ്ങനേയും തുറക്കാറുണ്ട്.

അമീർ സാഹിബ് ബുർക്കിനാ ഫാസോ (Burkina Faso) എഴുതുന്നു: നമ്മുടെ ഒരു പുതിയ അഹ്മദി സുഹൃത്ത് പാരെ(Pare) ഇദ്രീസ് പറയുന്നു: ഞാൻ ബയ്അത്ത് ചെയ്തതിനുശേഷം ഒരു ദിവസം സ്വപ്നം കണ്ടു. ഞാൻ ആദ്യമുണ്ടായിരുന്നസ്ഥലം ഇരുൾ മൂടിയിരിക്കുന്നു. ഇപ്പോഴുള്ള സ്ഥലത്ത് പ്രകാശത്തിനുമേൽ പ്രകാശമാണ്. അദ്ദേഹം പറയുന്നു: ഇതിനുശേഷം എന്റെ കണ്ണ് തുറന്നു. അദ്ദേഹം അഹ്മദിയ്യത്ത് സ്വീകരിക്കുന്നതിനു മുമ്പേ വഹാബിയായിരുന്നു. അങ്ങനെ ഈ സ്വപ്നത്തിനുശേഷം തന്റെ സുഹൃത്തുക്കളോട് പറയാൻ തുടങ്ങി, 'ഇന്ന് നിങ്ങൾ പ്രകാശം അന്വേഷിക്കുന്നുണ്ടെങ്കിൽ യഥാർഥ പ്രകാശം അഹ്മദിയ്യത്തിൽ മാത്രമാണുള്ളത്. കാരണം അതിൽ ഖിലാഫത്ത് വ്യവസ്ഥിതിയുണ്ട്. ഖിലാഫത്തിനോടൊപ്പമാണ് ഞങ്ങളുടെ വിജയം.' അല്ലാഹുവിന്റെ കൃപയാൽ പാരെസാഹിബ് സ്ഥിരം ദായിഇലല്ലാഹ് ആയിക്കഴിഞ്ഞിരിക്കുകയാണ്. വലിയ തബ്ലീഗ് ചെയ്തുകൊണ്ടിരിക്കുന്നു.

അല്ലാഹു ആളുകളെ ഇസ്ലാമിന്റെ യഥാർഥമായ അധ്യാപനത്തിലേക്ക് കൊണ്ടുവന്നുകൊണ്ടിരിക്കുകയാണ്. ഇൻശാഅല്ലാഹ് ഒരുനാൾ അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)മുഖേനതന്നെ യഥാർഥ ഇസ്ലാമിനെ ലോകത്തു വിജയിപ്പിക്കുന്നതാണ്. ഈ അനുഗ്രഹത്തിൽ ഭാഗഭാക്കാകുന്നതിന് സ്ഥിരമായ ദഅ്വത്തെ ഇലല്ലാഹ് ആകുന്നതിനും ഇതിലേക്ക് ശ്രദ്ധിക്കുന്നതിനും അല്ലാഹു ഓരോരുത്തർക്കും തൗഫീഖ് നല്കുമാറാകട്ടെ.

നമസ്കാരത്തിനുശേഷം ഞാൻ രണ്ട് ജനാസ ഗാഇബ് നമസ്കരിപ്പിക്കുന്നതാണ്. ഒരു ജനാസ മൗലവി മർഹൂം മൻളൂർ അഹ്മദ് ഘനോക്കെ സാഹിബ് ദർവേശ് ഖാദിയാന്റെ ഭാര്യ ഖുർശീദ റുഖ്യാ സാഹിബയുടേതാണ്. 2017 സെപ്തംബർ 1ന് ജുമുആയുടേയും ഹജ്ജ് അക്ബറിന്റേയും ദിവസം അവർ വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. അവർ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബിയായ ഹദ്റത്ത് മിർസാ കബീറുദ്ദീൻ സാഹിബിന്റെ പ്രദൗഹിത്രിയായിരുന്നു. അവരുടെ ഭർത്താവ് ദേഹാത്തി (ഗ്രാമ)മുബല്ലിഗായിരുന്നു. അദ്ദേഹം അവരെ 1956-ൽ വിവാഹം ചെയ്തു. കർമരംഗത്ത് എല്ലാതരത്തിലുള്ള ബുദ്ധിമുട്ടും സഹിച്ചു. വിഷമങ്ങൾ നിറഞ്ഞ പരിതസ്ഥിതിയിൽ തന്റെ ഭർത്താവിനോട് പൂർണമായും സഹകരിച്ചു. ക്ഷമയോടും നന്ദിയോടും കൂടി ജീവിതം നയിച്ചു. പരേത നമസ്കാരങ്ങൾ കൃത്യമായി അനുഷ്ഠിക്കുമായിരുന്നു. തഹജ്ജുദ് നമസ്കരിക്കുകയും ദുആ ചെയ്യുകയും ആതിഥ്യമരുളുകയും ഖിലാഫത്തിനോ ട് അനുരക്തിയും ദരിദ്രരുടെ സഹായിയും സദ്വൃത്തയുമായിരുന്നു. എം.ടി.എയിൽ എന്റെ ഖുത്ബകൾ മുടങ്ങാതെ കേൾക്കുമായിരുന്നു. ഖുത്ബകൾ കേൾക്കണമെന്ന് തന്റെ മക്കളേയും ഉപദേശിക്കാറുണ്ടായിരുന്നു. ദീർഘകാലമായി അവർ രോഗിയായിരുന്നു. ജമാഅത്തിൽനിന്ന് ചികിത്സയ്ക്കുള്ള സൗകര്യം ലഭ്യമായിരുന്നിട്ടും അവർ സഹായം വാങ്ങിയിരുന്നില്ല. അവസാനസമയംവരെ കുട്ടികളോട് പറഞ്ഞുകൊണ്ടിരുന്നത് നമ്മുടെ കഴിവിനനുസരിച്ച് കൂടുതൽ ചികിത്സ നടത്താൻ പരിശ്രമിക്കണമെന്നാണ്. പരേത മൂസിയായിരുന്നു. സന്തപ്തകുടുംബാംഗങ്ങളിൽ രണ്ട് പെൺമക്കളും രണ്ട് ആൺമക്കളും സ്മാരകമായി ഉണ്ട്. അവരുടെ ഒരു മരുമകൻ ഫ്രാൻസിലാണ് താമസിക്കുന്നത്. മൊറോക്കോയിൽ കഴിയുന്നു. അല്ലാഹു പരേതയുടെ ദർജകൾ ഉയർത്തുമാറാകട്ടെ. അവരുടെ ആൺമക്കൾക്കും പെൺമക്കൾക്കും അവരുടെ നന്മകൾ തുടർന്നുകൊണ്ടുപോകാൻ തൗഫീഖ് നല്കുമാറാകട്ടെ.

രണ്ടാമത്തെ ജനാസ ഡോക്ടർ സ്വലാഹുദ്ദീൻ സാഹിബ് ന്യൂജേഴ്സി അമേരിക്കയുടേതാണ്. മൗലവി ഇമാമുദ്ദീൻ സാഹിബ് മുബല്ലിഗ് ഇന്തോനേഷ്യയുടെ മകനായിരുന്നു. 2017 സെപ്തംബർ 10ന് ഹൃദയസ്തംഭനംമൂലം വഫാത്തായി. അദ്ദേഹം ഏതോ സയൻസ് വിഷയത്തിൽ പി.എച്ച്.ഡി ചെയ്തിട്ടുണ്ട്. അവധി ദിവസങ്ങളിൽ ലണ്ടനിൽ വരാറുണ്ടായിരുന്നു. നാലാം ഖിലാഫത്ത് കാലത്ത് കൂടുതലായി വരുമായിരുന്നു. പ്രൈവറ്റ് സെക്രട്ടറിയുടെ ഓഫീസിലും സെക്യൂരിറ്റി ഓഫീസിലും ഡ്യൂട്ടികൾ നല്കിയിരുന്നു. ഓഫീസ് ജോലിയായാലും സെക്യൂരിറ്റി ജോലിയായാലും വളരെ ഉത്തരവാദിത്വത്തോടുകൂടി ഡ്യൂട്ടി നിർവഹിച്ചിരുന്നു. അദ്ദേഹത്തിന്റെ വ്യക്തിത്വം മഹത്വ പൂർണവും തെളിഞ്ഞു കാണുന്നതും പ്രിയപ്പെട്ടതമായിരുന്നു. പെട്ടെന്ന് പെട്ടെന്ന് ആളുകൾക്കിടയിൽ തന്റെ സ്ഥലവും ഉണ്ടാക്കി

പേജ് 2ൽ നിന്ന്

നമസ്കാരങ്ങൾ നിർവ്വഹിച്ചതിനും ഉച്ചഭക്ഷണത്തിനുംശേഷം ഇവിടെനിന്ന് 5.40ന് ഫ്രാങ്ക്ഫോർട്ടിലേക്ക് യാത്ര പുറപ്പെട്ടു. വഴിയിൽ ആഖുൻ എന്ന സ്ഥലത്ത് ബെൽജിയത്തിന്റെ അതിർത്തി ക്രോസ് ചെയ്ത് ജർമനിയിൽ പ്രവേശിച്ചു. ഇവിടെ ഒരു റസ്റ്റോറന്റിന്റെ പാർക്കിംഗ് ഏരിയായിൽ കുറച്ച് സമയം വിശ്രമിച്ചു. അതിനുശേഷം ഫ്രാങ്ക്ഫോർട്ടിലേക്ക് യാത്ര തുടർന്നു. Calais ൽനിന്ന് ഫ്രാങ്ക്ഫോർട്ട്വരെ ഏകദേശം 600 കിലോമീറ്റർ യാത്ര ചെയ്തതിനുശേഷം രാത്രി 10.25ന് അമീറുൽ മുഅ്മിനീ ൻ ജർമനി ജമാഅത്ത് കേന്ദ്രമായ ഫ്രാങ്ക്ഫോർട്ടിലെ ബയ്ത്തുസുബൂ ഹിലെത്തി.

ബയ്ത്തുസ്സുബൂഹിന്റെ അടുത്ത ഏരിയായിൽ ഏതുവഴിയിലൂടെയാണോ ബയ്ത്തുസ്സുബൂഹിൽ എത്തിച്ചേരേണ്ടത് പെട്ടെന്നൊരു ആക്സിഡന്റ് ഉണ്ടായ കാരണത്താൽ ആ വഴി അടച്ചിരുന്നു. ഇക്കാരണത്താൽ യാത്രാസംഘം മറ്റൊരു റൂട്ടിലൂടെ കടന്ന് ബയ്ത്തുസൂബൂഹിലെത്തുകയായിരുന്നു. അമീറുൽ മുഅ്മിനീനോട് ആക്സിഡന്റ് ഉണ്ടായ കാരണത്താൽ മറ്റൊരു വഴിയിലൂടെയാണ് നമ്മൾ വന്നതെന്ന് പറഞ്ഞപ്പോൾ ഉടനെതന്നെ എത്രയും വേഗം ഈ അപകടത്തിൽ ഏതെങ്കിലും അഹ്മദി സുഹൃത്തോ ഫാമിലിയോ ഉണ്ടോ എന്ന് അന്വേഷിക്കാൻ അവിടന്ന് നിർദേശിച്ചു. അതേ സമയംതന്നെ ജർമനി ജമാഅത്തിന്റെ യാത്രാസംഘത്തെ ലീഡ് ചെയ്തിരുന്ന കാറിൽ ഉണ്ടായിരുന്ന ജനറൽ സെക്രട്ടറി സാഹിബ് വിവരങ്ങൾ അന്വേഷിച്ച് ഈ അപകടത്തിൽ ഒരു അഹ്മദി സുഹൃത്തും ഫാമിലിയും പെട്ടിട്ടില്ലെന്നുള്ള വിവരം ഹുദൂറിന് നൽകി.

ബയ്ത്തുസ്സുബൂഹിൽ എത്തിയതിനുശേഷം അമീറുൽ മുഅ്മിനീൻ പുറത്തുവന്നപ്പോൾ ഫ്രാങ്ക്ഫോർട്ടിലേയും അതിനു ചുറ്റുവട്ടത്തുള്ള ജമാഅത്തുകളുടേയും ജർമനിയിലെ ചില വിവിധ നഗരങ്ങളിൽനിന്ന് വന്നവരുമായ ജമാഅത്തംഗങ്ങൾ സ്ത്രീകളും പുരുഷന്മാരും ആൺകുട്ടികളും പെൺകുട്ടികളുമടങ്ങിയവർ തങ്ങളുടെ പ്രിയപ്പെട്ട ഇമാമിന് ഊഷ്മളമായ വരവേൽപ് നൽകി. അതിരറ്റ സ്നേഹത്തോടും വിശ്വാസത്തോടുംകൂടി നാലുഭാഗത്തുനിന്നും കൈകൾ ആകാശത്തേക്കുയർന്നു. അഹ്‌ലൻ വ്വ സഹലൻ വ്വ മർഹബായുടെ ശബ്ദങ്ങൾ ഉയർന്നുപൊങ്ങിക്കൊണ്ടിരുന്നു. ഒരുഭാഗത്ത് സഹോദരങ്ങൾ വളരെ ആവേശഭരിതമായ നിലയിൽ തങ്ങളുടെ ഇമാമിനെ സ്വാഗതം ചെയ്തുകൊണ്ടിരുന്നപ്പോൾ മറുഭാഗത്ത് ആൺകുട്ടികളും പെൺകുട്ടികളും വിവിധ സംഘങ്ങളായി സ്വാഗതഗാനങ്ങളും പ്രാർത്ഥനാഗീതങ്ങളും ആലപിക്കുകയായിരുന്നു. സ്ത്രീകൾ അമീറുൽ മുഅ്മിനീനെ സിയാറത്ത് ചെയ്ത് അനുഗൃഹീതരായിക്കൊണ്ടിരുന്നു.

ഇദ്‌രീസ് അഹ്മദ് സാഹിബ് ലോക്കൽ അമീർ ഫ്രാങ്ക്ഫോർട്ട്, ഇംത്യാസ് ശാഹിൻ സാഹിബ് മുബല്ലിഗ് ഫ്രാങ്ക്ഫോർട്ട്, മുബാറക്ക് ജാവേദ് സാഹിബ് ജനറൽ സെക്രട്ടറി ഫ്രാങ്ക്ഫോർട്ട് ഇമാറത്ത്, അബ്ദുസ്സമീഅ് സാഹിബ് ജാഇദാദ് വകുപ്പ് തുടങ്ങിയവർ അമീറുൽ മുഅ്മിനീന് സ്വാഗതം ഓതിക്കൊണ്ട് ഹസ്തദാനം ചെയ്തു. തങ്ങളുടെ പ്രിയപ്പെട്ട ഇമാമിനെ സ്വാഗതം ചെയ്ത ഈ സഹോദരങ്ങളിൽ ഫ്രാങ്ക്ഫോർട്ട് നഗരത്തിന്റെ വിവിധ ഹൽഖകൾക്കു പുറമെ Friedberg, Hanau, Offenbach, Grobgerau, Bad Homburg, Dietzenbanch, Giebeu, Koln, Koblenz, Limburg, Muhlheim, Heidelberg, Hamburg എന്നീ നഗരങ്ങളിൽനിന്നും ജമാഅത്തുകളിൽനിന്നും വന്നവരുമുണ്ടായിരുന്നു. തങ്ങളുടെ ഇമാമിനെ സ്വാഗതം ചെയ്യുന്നതിന് ഈ ആളുകൾ ദീർഘമായ യാത്ര ചെയ്താണ് വന്നിരുന്നത്. Koblenzൽനിന്ന് വന്നവർ 130 കിലോമീറ്റർ, Koln ൽനിന്ന് വന്നവർ 170 കിലോമീറ്റർ, Muhlheimൽനിന്ന് വന്നവർ 550 കിലോമീറ്റർ, Hamburgൽനിന്ന് വന്നവർ 600 കിലോമീറ്റർ ദീർഘമായ യാത്ര ചെയ്താണ് എത്തിയിരുന്നത്. ഈ വരവേൽപു നല്കിയ പുരുഷന്മാരും സ്ത്രീകളും ആൺകുട്ടികളും പെൺകുട്ടികളുമടങ്ങുന്നവരുടെ എണ്ണം 2450നോടടുത്തായിരുന്നു.

അമീറുൽ മുഅ്മിനീൻ തന്റെ കരങ്ങളുയർത്തിക്കൊണ്ട് എല്ലാവർക്കും അസ്സലാമുഅലയ്ക്കും പറഞ്ഞു. രണ്ട് വരികളിലായി ഇരുഭാഗത്തും നിന്ന സ്നേഹിതന്മാരുടെ ഇടയിലൂടെ കടന്ന് തന്റെ താമസസ്ഥലത്തേക്ക് ഹുദൂർ പോയി.

10.40ന് അമീറുൽ മുഅ്മിനീൻ മഗ്‌രിബ്, ഇശാ ജംആക്കി നമസ്കരിപ്പിച്ചു. നമസ്കാര നിർവ്വഹണത്തിനുശേഷം അമീറുൽ മുഅ്മിനീൻ താമസസ്ഥലത്തേക്ക് മടങ്ങി. അമീറുൽ മുഅ്മിനീനെ സ്വീകരിക്കുന്നതിനുവേണ്ടി ജർമനിയുടെ വിവിധ ജമാഅത്തുകളിൽനിന്ന് പുരുഷന്മാരും സ്ത്രീകളും എത്തിയിരുന്നു. അവരെല്ലാവരും തങ്ങളുടെ ഇമാമിന്റെ പിന്നിൽ മഗ്‌രിബ്, ഇശാ നമസ്കരിക്കുന്നതിന് ഭാഗ്യം നേടി. അവരിലൊരു വലിയ വിഭാഗം കഴിഞ്ഞ കുറച്ച് മാസങ്ങൾക്കിടയിൽ ഏതോ മാർഗേണ പാക്കിസ്താനിൽനിന്ന് ഇവിടെ എത്തിയിരുന്ന ചെറുപ്പക്കാരായ ഭാഗ്യവാന്മാരായിരുന്നു. അവരുടെ ജീവിതത്തിൽ തങ്ങളുടെ പ്രിയപ്പെട്ട ഇമാമിന്റെ പിന്നിൽ ഇത് ആദ്യത്തെ നമസ്കാരമായിരുന്നു. ഇവരെല്ലാവരും ആ ഭാഗ്യം കിട്ടിയതിൽ അങ്ങേയറ്റം സന്തോഷിച്ചിരുന്നു. ആ അനുഗൃഹീതമായ നിമിഷങ്ങളിൽനിന്ന് അനുഗ്രഹം കരസ്ഥമാക്കിക്കൊണ്ടിരുന്നു. അത് അവരുടെ ജീവിതത്തിൽ ആദ്യമായി വന്നതായിരുന്നു. അതവർ ആസ്വദിക്കുകയായിരുന്നു. അല്ലാഹു ഈ അനുഗ്രഹങ്ങൾ നമുക്കെല്ലാവർക്കും അനുഗ്രഹപൂർണമാക്കട്ടെ. നമ്മുടെ അടുത്ത തലമുറയും മക്കളും ഈ പാരിതോഷികങ്ങൾ അല്ലാഹുവിൽനിന്ന് എപ്പോഴും പ്രാപിച്ചുകൊണ്ടിരിക്കുമാറാകട്ടെ.

☆☆☆

## 2017 ആഗസ്ത് 20 ഞായറാഴ്ച

അമീറുൽ മുഅ്മിനീൻ രാവിലെ 5.25ന് സുബ്ഹി നമസ്കരിപ്പിച്ചു. നമസ്കാരത്തിനുശേഷം അമീറുൽ മുഅ്മിനീൻ മടങ്ങിപ്പോയി. രാവിലെ ഓഫീസ് സംബന്ധമായ കാര്യങ്ങളിൽ വ്യാപൃതനായി.

### കുടുംബങ്ങളുമായുള്ള കൂടിക്കാഴ്ച

പരിപാടിയനുസരിച്ച് 11.20ന് അമീറുൽ മുഅ്മിനീൻ തന്റെ ഓഫീസിൽ വന്നു. കുടുംബങ്ങളുമായുള്ള കൂടിക്കാഴ്ച ആരംഭിച്ചു. ഇന്ന് രാവിലത്തെ ഈ സെഷനിൽ 60 കുടുംബങ്ങളിലെ 190 ആളുകൾ തങ്ങളുടെ പ്രിയപ്പെട്ട ഇമാമുമായി കൂടിക്കാഴ്ചയ്ക്കുള്ള ഭാഗ്യം കരസ്ഥമാക്കി. കൂടിക്കാഴ്ച നടത്തിയ ഈ കുടുംബങ്ങൾ ജർമനിയിലെ താഴെകാണുന്ന വിവിധ ജമാഅത്തുകളിൽനി ന്ന് വന്നവരായിരുന്നു.Reichelshiem, Dietzenbach, Hanau, Wetter, Riedstadt, Friedberg, Stuttgart, Mainz, Calw, Pforzheim,Pfunsgtadt,Waiblingen, Morfeldon, Reinheim, Ginsheim,Rodermark,Eppelheim.ലംബർഗ്, ഗ്രാസ് ഗ്രാവ്, ഫ്രങ്ക്ഫർട്ട്.

ചില കുടുംബങ്ങളും അംഗങ്ങളും ദീർഘമായ യാത്ര ചെയ്താണ് എത്തിയത്. Pforzheimൽനിന്ന് വന്നവർ 180 കിലോമീറ്റർ, koln നിൽനിന്ന് വന്നവർ 190 കിലോമീറ്റർ, Stuttgartൽനിന്ന് വന്ന കുടുംബങ്ങൾ 215 കിലോമീറ്റർ, Waiblingenൽനിന്ന് വന്നവരും കുടുംബങ്ങളും 220 കിലോമീറ്റർ യാത്രചെയ്തിട്ടാണ് കൂടിക്കാഴ്ചയ്ക്കെത്തിയത്. അവരെല്ലാവരും അമീറുൽ മുഅ്മിനീനുമൊത്ത് ഫോട്ടോയുമെടുത്തു. അമീറുൽ മുഅ്മിനീൻ വാത്സല്യത്തോടെ വിദ്യാർഥികൾക്കും വിദ്യാർഥിനികൾക്കും പേനകൾ നൽകി. ചെറിയ പ്രായത്തിലുള്ള ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ചോക്ലേറ്റും നൽകുകയുണ്ടായി.

കൂടിക്കാഴ്ചയ്ക്കുള്ള ഈ പരിപാടി 1.35വരെ തുടർന്നു. അതിനുശേഷം ഹുദൂർ തന്റെ താമസസ്ഥലത്തേക്ക് പോയി. 2 മണിക്ക് തിരിച്ചെത്തി ളുഹർ, അസ്ർ ജംആക്കി നമസ്കരിപ്പിച്ചു. നമസ്കാരം നിർവ്വഹിച്ചശേഷം ഹുദൂർ മടങ്ങിപോയി. വൈകുന്നേരം അമീറുൽ മുഅ്മിനീൻ വിവിധ ഓഫീസുകാര്യങ്ങളിൽ വ്യാപൃതനായി.

### കുടുംബങ്ങളുമായുള്ള കൂടിക്കാഴ്ചകൾ

പരിപാടിയനുസരിച്ച് 6 മണിക്ക് അമീറുൽ മുഅ്മിനീൻ തന്റെ ഓഫീസിലെത്തി. കുടുംബ

---

യെടുത്തിരുന്നു. വളരെ നല്ല മനസ്സായിരുന്നു. നല്ല പൊക്കവുമുണ്ടായിരുന്നു. അറിവും വിവേകജ്ഞാനവും മതിയാവോളം ഉണ്ടായിരുന്നു. പിഎച്ച്.ഡി ചെയ്തിരുന്നതുകൊണ്ട് തന്റെ അറിവിൽ നല്ലവണ്ണം കഴിവുമുണ്ടായിരുന്നു. അതിനു പുറമേയും അറിവ് സമ്പാദിച്ചിരുന്നു. ഈ എല്ലാ ഗുണങ്ങളുമുണ്ടായിട്ടും അങ്ങേയറ്റം വിനയനായിരുന്നു. സ്വഭാവത്തിൽ ദരിദ്രന്റെ അവസ്ഥപോലുള്ള അവസ്ഥയായിരുന്നു. എല്ലാതരത്തിലുള്ള ആളുകളുമായി സംസാരിക്കുന്നതിനുള്ള കഴിവുണ്ടായിരുന്നു. ഞാൻ പറഞ്ഞതുപോലെ ഖിലാഫത്തെ റാബിയായിൽ പ്രത്യേകമായ നിലയിൽ ദീർഘനാൾവരെ പ്രൈവറ്റ് സെക്രട്ടറിയുടെ ഓഫീസിലും സേവനം ചെയ്യാൻ തൗഫീഖ് കിട്ടി. പിന്നീട് സെക്യൂരിറ്റിയിലും ഡ്യൂട്ടികളിൽ ഉത്സാഹം കാണിച്ചിരുന്നു. അമീർ സാഹിബ് അമേരിക്ക അദ്ദേഹത്തെക്കുറിച്ച് എഴുതുന്നു:'ഡോക്ടർ സ്വലാഹുദ്ദീൻ സാഹിബ് ന്യൂജേഴ്സി ജമാഅത്തിന്റെ അംഗമായിരുന്നു. ദശകങ്ങളായി ജൽസ സാലാനയുടെ അവസരത്തിൽ ലങ്കർഖാനയിൽ സന്നദ്ധസേവകരുടെ ടീമിന് മേൽനോട്ടം വഹിച്ചിരുന്നു. ജൽസാ സാലാനയുടെ അവസരത്തിൽ അദ്ദേഹത്തിന്റെ നിസ്തുലവും അതുല്യവുമായ സേവനം ഞങ്ങൾക്കെല്ലാവർക്കും ഒരു മാതൃകയായിരുന്നു. തന്നെ പ്രദർശിപ്പിച്ച് പ്രവർത്തിക്കുന്നതിന് പകരം നിസ്വാർത്ഥനായാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അതിഥികളെ ആവേശത്തോടുകൂടി സേവിക്കുന്നതിന് എപ്പോഴും തയ്യാറായിരുന്നത്. തനിക്ക് ഭാരവാഹിത്വമൊന്നും വേണ്ടെന്നും തന്നിൽനിന്ന് സേവനം മാത്രം എടുക്കുകയെന്നും അദ്ദേഹം പറയുമായിരുന്നു. ഖിലാഫത്തിനോടും അങ്ങേയറ്റം ആത്മാർത്ഥമായ ബന്ധമായിരുന്നു.'

ഞാൻ അദ്ദേഹത്തെ കുട്ടിക്കാലം മുതൽ റബ്വയിൽ അറിയുന്നയാളാണ്. ഖിലാഫത്തിനുശേഷവും ഞാൻ അദ്ദേഹത്തിൽ ഖിലാഫത്തിനോടുള്ള അനുരക്തിയും സ്നേഹവും അദ്ദേഹത്തിന്റെ പ്രത്യേകമായ കൂറോടുള്ള ബന്ധവും കണ്ടു. അല്ലാഹു അദ്ദേഹത്തിന്റെ പദവികൾ ഉയർത്തുമാറാകട്ടെ. അദ്ദേഹം വിവാഹം കഴിച്ചിരുന്നില്ല. അദ്ദേഹത്തിന്റെ സഹോദരിമാർക്ക് അല്ലാഹു ക്ഷമയും സഹനവും നല്കുമാറാകട്ടെ. മൗലവി ഇമാമുദ്ദീൻ സാഹിബിന്റെ മക്കളിലും അദ്ദേഹത്തിന്റെ നന്മകൾ തുടർന്നുകൊണ്ടുപോകുമാറാകട്ടെ. ◆

**നൂറുൽ ഇസ്ലാംവകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക് അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച് കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

ങ്ങളുമായുള്ള കൂടിക്കാഴ്ചകൾ വീണ്ടുമാരംഭിച്ചു. ഇന്ന് വൈകുന്നേരത്തെ സെഷനിൽ 60 കുടുംബങ്ങളിലെ 229 അംഗങ്ങൾ കൂടിക്കാഴ്ചയ്ക്കുള്ള ഭാഗ്യം കരസ്ഥമാക്കി. അവരും അമീറുൽ മുഅ്മിനീനുമൊത്ത് ഫോട്ടോയെടുത്തു. ഹുദൂർ വിദ്യാർഥി വിദ്യാർഥിനികൾക്ക് പേനകൾ നൽകി. ചെറിയ കുട്ടികൾക്ക് ചോക്ലേറ്റും നൽകുകയുണ്ടായി.

ഇന്ന് വൈകുന്നേരം ഈ സെഷനിൽ കൂടിക്കാഴ്ച നടത്തിയ ഈ കുടുംബങ്ങൾ ജർമനിയിലെ വിവിധ 31 ജമാഅത്തുകളിലും നഗരങ്ങളിൽനിന്നും വന്നവരായിരുന്നു. ഇവരിൽ ചില കുടുംബങ്ങളും സഹോദരങ്ങളും ദീർഘമായി യാത്ര ചെയ്താണ് എത്തിയത്.

Euskirchen നിൽനിന്നും Iserlohn നിൽനിന്നും വന്നവർ 200 കിലോമീറ്റർ, മോയിൻസ്റ്ററിൽനിന്ന് 270 കിലോമീറ്റർ, Bocholt ൽനിന്ന് വന്നവർ 300 കിലോമീറ്റർ, Lorrach ൽനിന്ന് വന്ന കുടുംബങ്ങൾ 350 കിലോമീറ്റർ, Waldshut ൽനിന്ന് വന്നവർ 375 കിലോമീറ്റർ, ബർലിനിൽനിന്ന് വന്ന അംഗങ്ങളും കുടുംബങ്ങളും 550 കിലോമീറ്റർ ദീർഘമായ യാത്രചെയ്താണ് തങ്ങളുടെ പ്രിയപ്പെട്ട ഇമാമിനെ കാണാൻ എത്തിയത്. ഇവർ കുറച്ച് നിമിഷങ്ങൾ തങ്ങളുടെ പ്രിയപ്പെട്ട ഇമാമുമായി ചെലവഴിച്ചു. അവരുടെ മുഴുവൻ ജീവിതത്തിന്റെയും മൂലധനം അവർക്കും അവരുടെ കുട്ടികൾക്കും വേണ്ടി എന്നെന്നും ഓർമിക്കപ്പെടുന്ന നിമിഷങ്ങളായിരുന്നു. എല്ലാവരും തങ്ങളുടെ പ്രിയപ്പെട്ട ഇമാമിന്റെ ദുആകളിൽ ഭാഗഭാക്കായി. കാണാനുള്ള ദാഹം ശമിപ്പിച്ചു. ഈ അനുഗൃഹീതമായ കുറച്ച് നിമിഷങ്ങൾ അവരെ എന്നെന്നേക്കുമായി സംതൃപ്തരാക്കി. കൂടിക്കാഴ്ചയുടെ ഈ പരിപാടി 8.30വരെ തുടർന്നു. പിന്നീട് ഹുദൂർ തന്റെ താമസസ്ഥലത്തേക്ക് പോ യി.

**ആമീൻ പരിപാടി**

9 മണിക്ക് അമീറുൽ മുഅ്മിനീൻ മസ്ജിദിന്റെ ഹാളിലെത്തി. പരിപാടിയനുസരിച്ച് ആമീൻ പരിപാടി നടന്നു. അമീറുൽ മുഅ്മിനീൻ 29 ആൺകുട്ടികളിൽനിന്നും പെൺകുട്ടികളിൽനിന്നും വിശുദ്ധഖുർആന്റെ ഓരോരോ വചനങ്ങൾ കേട്ടു. അവസാനം ദുആ ചെയ്യിച്ചു. ആമീൻ പരിപാടിയിൽ പങ്കെടുത്ത ഭാഗ്യവാന്മാരായ ആ ആൺകുട്ടികളുടേയും പെൺകുട്ടികളുടേയും പേരുകൾ ഇപ്രകാരമാണ്. ഹമ്മാദ്ചീമ, എശബ് അഹ്മദ്, ശാസിൽ അഹ്മദ് ഖാൻ, നദീം റഹീം അഹ്മദ്, സമീർ സൽമാൻ അഹ്മദ്, മാഹിദ് മുബാറക് അഹ്മദ്, ആലിയാൻ അഹ്മദ് കാഹിലൂൺ, യഅ്യ മുഹ്സിൻ രിളാ, സയിൻ അഹ്മദ് കാഹിലൂൺ, ശർജിൽ അഹ്മദ് ശാ, സർമദ് മുബശ്ശിർ, റാണ ജാസിബ് അഹ്മദ്, മുഹമ്മദ് അബ്ദുല്ലാ ജാവേദ്, സർയാബ് അഹ്മദ് ആഫ്താബ് - മർയം ബാജ്വ, ഫരീഹാ ജാവേദ്, ഹൽവാദ് സഹ്ർ അഹ്മദ്, സബീക്ക ചീമ, റാബിയ അക്ബർ, അയിശ ദാവൂദ്, ആയിശ നവേദ്, രിദ ബുശ്റ നവേദ്, മാഹിദ ഖാലിദ്, ഫായിസ ത്വാഹിർ, അത്തിയത്തുസ്സലാം, മാഹിറ രിളാ, തൻസീല അഹ്മദ്, ബാസിമ കശ്ഫ് റാൻഝ, നദാഉർ റഹ്മാൻ.

അതിനുശേഷം അമീറുൽ മുഅ്മിനീൻ മഗ്‌രിബ് ഇശാ ജംആക്കി നമസ്കരിക്കുകയും തുടർന്ന് താമസസ്ഥലത്തേക്ക് പോകുകയും ചെയ്തു.

**2017 ആഗസ്ത് 21 (തിങ്കളാഴ്ച):**

അമീറുൽ മുഅ്മിനീൻ 5.25ന് സുബ്ഹി നമസ്കരിപ്പിച്ചു. നമസ്കാരത്തിനുശേഷം ഹുദൂർ തന്റെ താമസസ്ഥലത്തേക്ക് പോകുകയും ഓഫീസ് സംബന്ധമായ കാര്യങ്ങൾ നോക്കുകയും തന്റെ അനുഗൃഹീത കരങ്ങൾകൊണ്ട് നിർദ്ദേശങ്ങൾ എഴുതിക്കൊടുക്കുകയും ചെയ്തു.

**കുടുംബങ്ങളുമായുള്ള കൂടിക്കാഴ്ച**

പരിപാടിയനുസരിച്ച് 11 മണിക്ക് ഹുദൂർ ഓഫീസിലെത്തി. കുടുംബങ്ങളുമായുള്ള കൂടിക്കാഴ്ചകൾ ആരംഭിച്ചു. ഇന്ന് രാവിലത്തെ ഈ സെഷനിൽ 56 കുടുംബങ്ങളിലെ 146 അംഗങ്ങൾ തങ്ങളുടെ പ്രിയപ്പെട്ട ഇമാമുമായി കൂടിക്കാഴ്ച നടത്തി. അവരിൽ ഓരോരുത്തരും ഹുദൂറുമൊത്ത് ഫോട്ടോയുമെടുത്തു. ഹുദൂർ വിദ്യാർഥികൾക്കും വിദ്യാർഥിനികൾക്കും പേനകൾ നൽകുകയും ചെറിയ കുട്ടികൾക്ക് ചോക്ലേറ്റ് കൊടുക്കുകയും ചെയ്തു.

ഇന്ന് തങ്ങളുടെ പ്രിയപ്പെട്ട ഇമാമുമായി കൂടിക്കാഴ്ച നടത്തിയ ഈ കുടുംബങ്ങൾ ജർമനിയിലെ 35 വിവിധ ജമാഅത്തുകളിൽനിന്നും നഗരങ്ങളിൽനിന്നും വന്നവരായിരുന്നു. ഇവരിൽ ചില കുടുംബങ്ങളും അംഗങ്ങളും ദീർഘമായി യാത്ര ചെയ്താണ് കൂടിക്കാഴ്ചക്ക് എത്തിയത്. കാസിൽനിന്ന് വന്നവർ 190 കിലോമീറ്റർ, Trier ൽനിന്നും Bergisch ൽനിന്നും വന്നവർ 200 കിലോമീറ്റർ, Aalen ൽനിന്ന് വന്നവർ 765 കിലോമീറ്റർ, Freiburg ൽനിന്ന് വന്ന കുടുംബങ്ങൾ 290 കിലോമീറ്റർ യാത്ര ചെയ്താണ് എത്തിയത്. ഇപ്രകാരംതന്നെ Bocholt ജമാഅത്തിൽനിന്ന് വന്നവർ 300 കിലോമീറ്റർ, Herford ൽനിന്ന് വന്നവർ 315 കിലോമീറ്റർ, ഓസിനബ്രോക്കിൽനിന്ന് വന്നവർ 320 കിലോമീറ്റർ, Dresden പ്രദേശത്തുനിന്ന് വന്ന അംഗങ്ങളും കുടുംബങ്ങളും 450 കിലോമീറ്റർ യാത്രചെയ്താണ് കൂടിക്കാഴ്ചയ്ക്കുവേണ്ടി ബയ്ത്തുസ്സുബൂഹിൽ എത്തിയത്.

ഇവർ എല്ലാവരും തങ്ങളുടെ ഇമാമുമൊത്ത് കൂടിക്കാഴ്ചയ്ക്കുള്ള അനുഗ്രഹം പ്രാപിച്ചതോടൊപ്പം ആ അനുഗൃഹീത നിമിഷങ്ങളിൽനിന്ന് അതിരറ്റ അനുഗ്രഹങ്ങൾ സ്വരൂപിച്ചുകൊണ്ടാണ് വെളിയിലെത്തിയത്. രോഗികൾ തങ്ങളുടെ ആരോഗ്യത്തിനുവേണ്ടി ദുആകൾ ചെയ്യിച്ചു. വിവിധ ബുദ്ധിമുട്ടുകളിലും പ്രശ്നങ്ങളിലും അകപ്പെട്ടിരിക്കുന്നവർ തങ്ങളുടെ ബുദ്ധിമുട്ടുകൾ അകറ്റുന്നതിനുവേണ്ടി ദുആക്കപേക്ഷിച്ചു. മനഃശാന്തി പ്രാപിച്ച് ചിരിച്ചുകൊണ്ടുള്ള മുഖത്തോടുകൂടി അവർ വെളിയിൽവന്നു. വിദ്യാർഥി വിദ്യാർഥിനികൾ തങ്ങളുടെ പഠനത്തിലും പരീക്ഷകളിലും വിജയത്തിനുവേണ്ടിയുള്ള ദുആ തങ്ങളുടെ ഇമാമിൽനിന്ന് കരസ്ഥമാക്കി. ചുരുക്കത്തിൽ എല്ലാവരും തങ്ങളുടെ പ്രിയപ്പെട്ട ഇമാമിന്റെ ദുആകളിൽ ഭാഗഭാക്കായി സൗഖ്യവും സമാധാനവും മനഃശാന്തിയും കൈവരിച്ചു. കുടുംബങ്ങളുടെ കൂടിക്കാഴ്ചകളുടെ ഈ പരിപാടി 12.50നാണ് സമാപിച്ചത്.

അതിനുശേഷം അമീറുൽ മുഅ്മിനീൻ മസ്ജിദിന്റെ ഹാളിലെത്തി. അവിടെ ഈ വർഷം വിവിധ മാർഗേണ പാക്കിസ്താനിൽനിന്ന് ജർമനിയിലെത്തിയ സഹോദരങ്ങളും ചെറുപ്പക്കാരും അമീറുൽ മുഅ്മിനീനുമൊത്ത് കൂടിക്കാഴ്ചയുടെ പ്രോഗ്രാം വെച്ചിരുന്നു. ആ യുവാക്കളുടെ മൊത്തം അംഗസംഖ്യ 350നോടടുത്താണ്. ഇന്ന് ഇവരെല്ലാവരും തങ്ങളുടെ ജീവിതത്തിൽ ആദ്യമായാണ് ഖലീഫത്തുൽ മസീഹിനെ കണ്ടത്. അവർ തങ്ങളുടെ രാജ്യത്ത് അക്രമപരമായ നിയമങ്ങളും സ്വന്തം രാജ്യക്കാരുടെ അക്രമവും പീഢനവും സഹിക്കുന്നവരാണ്. തങ്ങളുടെ വീട്ടുകാരേയും ബന്ധുക്കളേയും ഉപേക്ഷിച്ച് ദുഃഖങ്ങളേയും വിഷമങ്ങളേയും തങ്ങളുടെ നെഞ്ചകങ്ങളിൽ അടക്കിക്കൊണ്ട് അല്ലാഹുവിൽ തൃപ്തരായി ഹിജ്റത്ത് ചെയ്ത് ഈ രാജ്യത്ത് വന്ന് താമസിക്കുകയാണ്.

അമീറുൽ മുഅ്മിനീൻ ഊഴമനുസരിച്ച് ഓരോരുത്തർക്കും ഹസ്താദനം ചെയ്തു. ഹുദൂർ എല്ലാവരോടും അവരുടെ സുഖവിവരങ്ങളും മറ്റും ചോദിച്ചറിഞ്ഞു. എവിടെനിന്ന് വന്നു? ഏതു ജമാഅത്തുമായിട്ടാണ് ബന്ധം? ഇവിടെ എന്ത് ചെയ്യുന്നു? കുടുംബത്തേയും കുറിച്ച് ഹുദൂർ ചോദിച്ചിരുന്നു. അമീറുൽ മുഅ്മിനീനിൽനിന്ന് ഹസ്തദാനം ഏറ്റുവാങ്ങിയതിനുശേഷം ആ ചെറുപ്പക്കാരന്റെ കൈ തന്റെ വലതുകൈകൊണ്ട് അമീറുൽ മുഅ്മിനീൻ പിടിക്കുകയും അദ്ദേഹവുമായി കുറച്ചുസമയം സംസാരിക്കുകയും ചെയ്തിരുന്നു. ഇതിനിടയിൽ രണ്ടാമത്തെയാൾ ഹസ്തദാനത്തിനുള്ള ഭാഗ്യം കരസ്ഥമാക്കും. ഈ പരമ്പര ഇതേരീതിയിൽ അവസാനംനിന്ന വ്യക്തിവരെ എത്തി. എല്ലാവരും ഹസ്തദാനത്തിന്റെ ഭാഗ്യം കരസ്ഥമാക്കി എന്നു മാത്രമല്ല. അയാളുടെ കൈ ഹുദൂറിന്റെ അനുഗൃഹീതകൈയിൽ കുറച്ചുനേരത്തേക്ക് ഇരുന്നു. ഇവരെല്ലാവരും ഇന്ന് എത്രമാത്രം ഭാഗ്യവാന്മാരാണ്. തങ്ങളുടെ പ്രിയപ്പെട്ട ഇമാമിന്റെ സാമീപ്യത്തിൽ കുറച്ചുനിമിഷങ്ങൾ ചെലവഴിക്കാൻ ഭാഗ്യം ലഭിച്ച ഇവർ എത്രമാത്രം സൗഭാഗ്യരാണ്. അവരുടെ ദുഃഖം കർപ്പൂരമായി ത്തീർന്നു. മനസ്സ് സമാധാനംകൊണ്ട് നിറഞ്ഞു. ഒരിക്കലും അവസാനിക്കാത്ത ദുആകളുടെ ഖജനാവുകളുമായി ഇവിടെനിന്ന് അവർ പോയി. കൂടിക്കാഴ്ചയ്ക്കുള്ള ഭാഗ്യം കരസ്ഥമാക്കിയതിനുശേഷം ഈ യുവാക്കൾ മസ്ജിദിൽനിന്ന് പുറത്തുവന്നപ്പോൾ അവരുടെ മനസ്സിന്റെ അവസ്ഥ അത്ഭുതകരമായിരുന്നു. മിക്കവരുടേയും കണ്ണുകൾ നിറഞ്ഞിരുന്നു.

ഒരു യുവാവ് തുടർച്ചയായി കരഞ്ഞുകൊണ്ടിരുന്നു. അദ്ദേഹം പറഞ്ഞു: ബോധംവെച്ച നാൾമുതൽ ഞങ്ങൾ ഹുദൂറിനെ ടിവിയിൽ മാത്രമാണ് കണ്ടിട്ടുള്ളത്. ഇന്ന് ഞങ്ങളുടെ ജീവിതത്തിൽ ആദ്യമായാണ് ഞങ്ങളുടെ കൺമുമ്പിൽ ഇത്ര അടുത്തുനിന്ന് കാണുന്നത്. ഈ കുറച്ച് നിമിഷങ്ങൾ എനിക്ക് വിവരണാതീതമാണ്. ഞാൻ എത്രമാത്രം ഭാഗ്യവാനാണ്. ഞാൻ ഹുദൂർ അൻവറിനെ കണ്ടു. ഹുദൂർ അൻവർ എന്റെ കൈ പിടിച്ചുവെച്ചുകൊണ്ടിരുന്നു. കൂടുതൽ എന്തെങ്കിലും പറയാൻ എനിക്ക് കഴിയുന്നില്ല.

റബ്‌വയിൽനിന്ന് വന്ന ഒരു ചെറുപ്പക്കാരൻ

## ഹദീസുന്നബ്‌വി(സ)

**നബി(സ)തിരുമേനി പറഞ്ഞു: "ആരുടെയെങ്കിലും ദൗർബല്യം കാണുകയും അത് മറച്ചുവെക്കുകയും ചെയ്യുന്നത് ഏതെങ്കിലും പെൺകുട്ടിയെ ജീവനോടെ കുഴിച്ചുമൂടുന്നതിൽനിന്ന് പുറത്തെടുക്കുകയും അവൾക്ക് ജീവിതം നൽകുകയും ചെയ്തതുപോലെയാണ്. (സുനൻ അബീദാവൂദ്)**

**ത്വാലിബെ ദുആ:**

**പരേതയായ ടി.കെ. റാബിയ സാഹിബയുടെ കുടുംബം**
**അഹ്മദിയ്യാ ജമാഅത്ത് കരുളായി(കേരള)**

## ഹദീസുന്നബ്‌വി(സ)

**നബി(സ) പറഞ്ഞു: "നിങ്ങളുടെയടുക്കൽ ഏതെങ്കിലും ജനതയുടെ ആദരണീയവ്യക്തി വന്നാൽ അദ്ദേഹത്തെ ആദരിക്കുക." (സുനൻ ഇബ്നു മാജ)**

**ത്വാലിബെ ദുആ:**

**അംഗങ്ങൾ, അഹ്മദിയ്യാ ജമാഅത്ത് ഐരാപുരം (കേരള)**

ഇടവിടാതെ കരയുകയായിരുന്നു. പറഞ്ഞു: ഇപ്പോൾ എന്നിൽനിന്ന് വാക്കുകൾ പുറപ്പെടുന്നില്ല. എന്റെ ഹൃദയമിടിപ്പ് വേഗത്തിലാണ്. ശരീരം വിറകൊള്ളുന്നു. ഞാൻ എന്റെ ജീവിതത്തിൽ ആദ്യതവണയാണ് ഹുദൂർ അൻവറിനെ കാണുന്നത്. ഞാൻ വീണ്ടും കാണാൻ ആഗ്രഹിക്കുന്നുവെന്ന് പറഞ്ഞുകൊണ്ട് അയാൾ വീണ്ടും കരയാൻ തുടങ്ങി. കൂടുതലൊന്നും സംസാരിക്കാൻ കഴിഞ്ഞില്ല.

ഒരു ചെറുപ്പക്കാരൻ പറഞ്ഞു: എന്റെ ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട അനുഗൃഹീത ദിവസമാണിന്ന്. ഇന്ന് മുഴുലോകത്തിന്റെയും ഖലീഫയുമായി എന്റെ കൂടിക്കാഴ്ച നടന്നു. ഇവിടെ വരുന്നതിനുമുമ്പേ ഹുദൂർ അൻവറുമായി കൂടിക്കാഴ്ച നടത്താൻ കഴിയുമോ എന്ന ശങ്കയുണ്ടായി. മൂന്നുമാസംവരെ വിവിധ ദുർഘടമായ വഴികളിലൂടെ നടന്നാണ് ഇവിടെ എത്തിയത്. ഇന്ന് ഞാൻ അല്ലാഹുവിന് നന്ദി പറയുകയാണ്. എന്റെ ജീവിതത്തിലെ ഏറ്റവും വലിയ ആഗ്രഹം പൂർത്തിയായി. ഇന്ന് മൂന്നുമാസത്തെ യാത്രയുടെ ബുദ്ധിമുട്ടുകളും എല്ലാ വിഷമങ്ങളും മറന്നുപോയി.

ദാത്താസെയ്ദിൽനിന്നുവന്ന ഒരു ചെറുപ്പക്കാരൻ പറഞ്ഞു: ഇന്ന് ഞാൻ എന്റെ ജീവിതത്തിൽ ആദ്യമായി ഹുദൂർ അൻവറിനെ അടുത്തുനിന്നു കണ്ടു. ഹുദൂറുമായി കൂടിക്കാഴ്ച നടത്തി. എനിക്ക് ഇപ്പോഴും തോന്നുന്നത് ഞാൻ സ്വപ്നം കണ്ടുകൊണ്ടിരിക്കുന്നുവെന്നാണ്. ഹുദൂർ അൻവർ എന്റെ കൈ പിടിച്ചുകൊണ്ടേയിരുന്നു. എന്റെ കൈ വിടാൻ എന്റെ മനസ്സ് ആഗ്രഹിച്ചിരുന്നില്ല. എനിക്ക് ഇന്നത്തെ ദിവസം വലിയ അനുഗ്രഹവും സൗഭാഗ്യവുമാണ്.

റബ്വയിൽനിന്ന് വന്ന ഒരു യുവാവ് പറയുന്നു: ഞങ്ങൾ എത്രമാത്രം ഭാഗ്യവാന്മാരാണ്. ഇന്ന് ആദ്യമായിട്ട് ഹുദൂർ അൻവറുമായി കൂടിക്കാഴ്ചയ്ക്കുള്ള ഭാഗ്യം കിട്ടി. പാക്കിസ്താനിൽ ആയിരക്കണക്കിന് ആളുകളുണ്ട്. അവർ ഹുദൂർ അൻവറുമായി കൂടിക്കാഴ്ചയ്ക്ക് വെമ്പൽകൊള്ളുകയാണ്. പക്ഷേ, അവർക്ക് ഒരവസരവും കിട്ടുന്നില്ല. ഞാൻ ഇന്ന് എത്ര ഭാഗ്യവാനാണ്. അല്ലാഹു കൂടിക്കാഴ്ചയ്ക്കുള്ള സൗഭാഗ്യം പ്രദാനം ചെയ്തു. അവന് എത്ര നന്ദിപറഞ്ഞാലും അത് കുറവായിരിക്കും.

ഒരു യുവാവ് പറഞ്ഞു: എനിക്ക് എന്റെ വികാരങ്ങൾ പ്രകടിപ്പിക്കാൻ കഴിയില്ല. എനിക്ക് ഈ ഭാഗ്യം കിട്ടിയത് എങ്ങനെയാണെന്നാൽ അത് വിവരിക്കാൻ എന്റെ പക്കൽ വാക്കുകളില്ല.

ലാഹോറിൽനിന്ന് ഒരു യുവാവ് വന്നിരുന്നു. പറഞ്ഞു: ഞാൻ ഈ നേരത്ത് എന്റെ സ്വബോധത്തിലല്ല ഉള്ളത്. എന്റെ കണ്ണുകൾ കണ്ണീരിനാൽ നിറഞ്ഞിരിക്കുന്നു. അദ്ദേഹം പറഞ്ഞു: ഈ നേരത്ത് എനിക്ക് എന്റെ വികാരങ്ങൾ പ്രകടിപ്പിക്കാൻ കഴിയുന്നില്ല. എനിക്ക് സംസാരിക്കാൻ കഴിയുന്നില്ല.

ഒരു സുഹൃത്ത് പറഞ്ഞു: ഇന്ന് യഥാർഥത്തിൽ എനിക്ക് പുതുജീവിതം കിട്ടി. ഞാൻ പാക്കിസ്താനിൽനിന്ന് രണ്ടരമാസം നടപ്പാതയിലൂടെ യാത്ര ചെയ്താണ് ഇവിടെ ജർമനിയിലെത്തിയത്. വഴിയിൽ പല സ്ഥലത്തും വനങ്ങളിൽ മരിച്ചുകിടക്കുന്ന ആളുകളെ കണ്ടു. അവർ തങ്ങളുടെ ലക്ഷ്യസ്ഥാനത്ത് എത്തുന്നതിനുമുമ്പേ യാത്രയുടെ ബുദ്ധിമുട്ടുകൾ സഹിക്കാനാവാത്തവരായിരുന്നു. തങ്ങളുടെ ജീവൻ അവർ അവിടെ അർപിച്ചു. ജർമനിയിൽ എത്തണമെന്നും ഹുദൂറിനെ കാണണമെന്നുമുള്ള ദുആയായിരുന്നു ഞങ്ങളുടേത്. കൂടിക്കാഴ്ചയും നടക്കണം. ഞങ്ങളുടെ ഈ പ്രാർഥനയും ആഗ്രഹവും ഞങ്ങളെ ജീവനോടെ എത്തിച്ചു. ഇന്ന് ഞാൻ എത്രമാത്രം ഭാഗ്യവാനാണ്. എനിക്ക് വളരെ അടുത്തുനിന്ന് ഹുദൂറിനെ കാണാൻ കഴിഞ്ഞു. ഹുദൂർ എന്റെ കൈ പിടിച്ചു. ഞാനുമായി സംസാരിച്ചു. യഥാർഥത്തിൽ ഞാൻ ഇന്ന് വീണ്ടും ജീവിച്ചിരിക്കുകയാണ്.

ഒരു യുവാവ് പറഞ്ഞു: സന്തോഷത്താൽ എന്റെ ശരീരം വിറകൊള്ളുന്നു. ഞങ്ങൾ പാക്കിസ്താനിലായിരുന്നപ്പോൾ ഹുദൂറുമായുള്ള കൂടിക്കാഴ്ചയ്ക്ക് എപ്പോൾ ഭാഗ്യം കിട്ടുമെന്നാണ് ചിന്തിച്ചിരുന്നത്. ഇന്നത്തെ ദിവസം എനിക്കും എന്റെ കുടുംബത്തിനും സ്മാരകദിവസമാണ്. ഇന്ന് പാക്കിസ്താനിൽ എന്റെ കുടുംബവും വളരെ സന്തോഷത്തിലായിരിക്കും. ഞങ്ങളുടെ കുടുംബത്തിൽനിന്ന് ആരെങ്കിലും ഒരാൾക്ക് ഖലീഫത്തുൽ മസീഹുമായി കൂടിക്കാഴ്ചയ്ക്കുള്ള ഭാഗ്യം കിട്ടി. കൂടിക്കാഴ്ചയുടെ ഈ അനുഗ്രഹം എന്റെ എല്ലാ കുടുംബാംഗങ്ങൾക്കും വേണ്ടിയാണ്.

ഒരു സുഹൃത്ത് പറഞ്ഞു: പാക്കിസ്താനിൽ ഞങ്ങൾ ഹുദൂറിനെ ടിവിയിലാണ് കാണാറുള്ളത്. ഇപ്പോൾ ഞങ്ങളുടെ മുന്നിൽ അങ്ങേയറ്റം അടുത്തുനിന്ന് കണ്ടിട്ട് എന്റെ ശരീരം വിറയ്ക്കുന്നു. ഇന്ന് അല്ലാഹു പ്രത്യേക അനുഗ്രഹം ചൊരിഞ്ഞു. ഹുദൂറുമായി എന്നെ കൂട്ടിമുട്ടിച്ചു. ജീവിതം മുഴുവൻ അല്ലാഹുവിന് നന്ദി പറഞ്ഞാലും അല്ലാഹുവിന്റെ കൃപയ്ക്കുള്ള കടമ നിറവേറ്റപ്പെടുകയില്ല.

ഖാരിയായിൽനിന്ന് വന്ന ഒരു യുവാവ് പറഞ്ഞു: ഞാൻ വളരെ ഭാഗ്യവാനായ മനുഷ്യനാണ്. അഹോ കഷ്ടം! ഒരു തവണ വീണ്ടും അവസരം കിട്ടിയിരുന്നെങ്കിൽ! എനിക്ക് ഹുദൂറിനെ കാണാനും അടുത്തുനിന്ന് നോക്കാനും വേണ്ടി! പാക്കിസ്താനിൽനിന്ന് ഇവിടെ എത്തിയതിനുശേഷം ജീവിതത്തിലെ ഏറ്റവും വലിയ ആഗ്രഹമാണ് ഇവിടെ പുലർന്നത്. ഇനി എനിക്ക് ഒരാഗ്രഹവുമില്ല. എനിക്ക് എല്ലാം കിട്ടിയിരിക്കുന്നു.

ഗസേറ്റ്പൂരായിൽനിന്ന് വന്ന ഒരു യുവാവ് പറഞ്ഞു: ഇവിടെ വരുന്നതിനുമുമ്പേ എന്റെ വീട്ടുകാരുടെ ആഗ്രഹം ജർമനിയിൽ ഹുദൂർ വരുമ്പോൾ ഞാൻ ഹുദൂറിനെ കാണണമെന്നും വീട്ടുകാരുടെ സലാം എത്തിക്കണമെന്നുമായിരുന്നു. ഇന്നെന്റെയും എന്റെ കുടുംബത്തിന്റേയും ഈ ആഗ്രഹം പൂവണിഞ്ഞു. ഇന്നത്തെ ദിവസം എന്റെ കുടുംബാംഗങ്ങൾക്കും ഏറെ സന്തോഷത്തിന്റെ ദിവസമാണ്.

ഗോജ്റാൻവാലയിൽനിന്ന് വന്ന ഒരു ചെറുപ്പക്കാരൻ തന്റെ വികാരങ്ങൾ പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: ഒരു ആനന്ദവും സന്തോഷവും ഉണ്ട്. ഹുദൂർ അൻവർ ഞങ്ങളെ സന്തോഷിപ്പിച്ചു. ഹുദൂർ അൻവർ ഞങ്ങൾക്ക് വളരെ സ്നേഹം നൽകി. എന്റെ കൈ പിടിച്ചുവെച്ചുകൊണ്ടിരുന്നു. കുശലാന്വേഷണങ്ങൾ നടത്തി. ഹുദൂർ അൻവർ എത്രമാത്രം വാത്സല്യത്തോടെയാണ് പെരുമാറിയതെന്നാൽ എന്റെ ജീവിതം മുഴുവൻ ഈ കൂടിക്കാഴ്ചയെ മറക്കാൻ സാധ്യമല്ല.

റബ്വയിൽനിന്നുവന്ന ഒരു യുവാവ് പറഞ്ഞു: വിവരിക്കാൻ സാധിക്കുന്നില്ല. എനിക്കൊന്നും പറയാനും കഴിയുന്നില്ല. ഇവിടെ ജർമനിയിൽ എത്തുമെന്നോ ഹുദൂറുമായി കൂടിക്കാഴ്ച നടക്കുമെന്നോ ഒരിക്കലും ചിന്തിച്ചിരുന്നുമില്ല. ഇത് ഒരു അജ്ഞാതമായ കാര്യമായിരുന്നു. എനിക്ക് ഇപ്പോഴും വിശ്വസിക്കാൻ കഴിയുന്നില്ല; ഹുദൂറുമായി ഞാനും കൂടിക്കാഴ്ച നടത്തിയോ എന്ന്. ഞാൻ ഹുദൂർ അൻവറിന്റെ എണ്ണമറ്റ വാത്സല്യങ്ങൾക്ക് പാത്രമായിരിക്കുന്നു.

സിയാൽക്കോട്ട് ജില്ലയിൽനിന്ന് വന്ന ഒരു യുവാവ് പറഞ്ഞു: കൂടിക്കാഴ്ചയ്ക്കുശേഷം മനസ്സിൽ ഒരാവേശമുണ്ടായി. എന്റെ മനസ്സ് കരയുകയായിരുന്നു. അല്ലാഹു ഖലീഫയുമായി കൂട്ടിമുട്ടിച്ചു. രണ്ട് ദിവസം എനിക്ക് ഹുദൂർ അൻവറിന്റെ പിന്നിൽ നമസ്കരിക്കാനുള്ള ഭാഗ്യം കിട്ടി. ഹുദൂർ അൻവറിനെ ദൂരത്തുനിന്നാണ് കണ്ടിരുന്നത്. ഇന്ന് ഏറ്റവും അടുത്തുനിന്ന് കണ്ടു. സംസാരിക്കുകയും ചെയ്തു. പാക്കിസ്താനിൽ ഉണ്ടായിരുന്ന ആഗ്രഹം ഞങ്ങൾക്കും ഹുദൂറിനെ കാണാൻ കഴിയുമോ എന്നായിരുന്നു. ഇന്ന് അല്ലാഹു ഈ ആഗ്രഹം പൂർത്തിയാക്കി.

സഅ്ദുല്ലാപൂരിൽനിന്ന് വന്ന ഒരു യുവാവ് പറയുന്നു: എനിക്ക് എന്റെ സന്തോഷം വിവരിക്കാൻ കഴിയുന്നില്ല. എന്റെ മനസ്സ് സമാധാനം കൊണ്ട് നിറഞ്ഞിരിക്കുന്നു.

ഭൂരിഭാഗം ചെറുപ്പക്കാരും പരസ്യമായി പറഞ്ഞൊരു കാര്യമുണ്ട്. തങ്ങൾ എന്താണ് പറയേണ്ടത് എത്രമാത്രം സന്തോഷമെന്നാൽ അത് വിവരിക്കാൻ തങ്ങളുടെ കൈയിൽ വാക്കുകളില്ലെന്ന്. ഇന്നവർ എന്തൊന്നാണോ പ്രാപിച്ചത് അതിനെക്കുറിച്ച് ഒരിക്കലും ചിന്തിച്ചിട്ടുപോലുമില്ലായെന്ന്. ഇന്ന് കൂടിക്കാഴ്ച നടത്തിയ എല്ലാ സഹോദരങ്ങളും ചെറുപ്പക്കാരും തങ്ങളുടെ പ്രിയപ്പെട്ട ഇമാമുമൊത്ത് ഫോട്ടോയെടുക്കാനുള്ള ഭാഗ്യവും കരസ്ഥമാക്കി. കൂടിക്കാഴ്ചകളുടെ ഈ പരിപാടി 1.25വരെ തുടർന്നു. അതിനുശേഷം ഹുദൂർ തന്റെ താമസസ്ഥലത്തേക്ക് പോയി.

**ഗിസ്സൻ നഗരത്തിൽ**
**മസ്ജിദ് ബയ്ത്തുസ്സമദിന്റെ ഉദ്ഘാടനം**

ഇന്ന് പരിപാടിയനുസരിച്ച് ഗിസ്സൻ(Gissen) നഗരത്തിൽ മസ്ജിദ് ബയ്ത്തുസ്സമദിന്റെ ഉദ്ഘാടനമായിരുന്നു. 4.55ന് അമീറുൽ മുഅ്മിനീൻ തന്റെ താമസസ്ഥലത്തുനിന്ന് വെളിയിൽ വരികയും ഗിസ്സൻ നഗരത്തിലേക്ക് പുറപ്പെടുകയും ചെയ്തു. ഫ്രാങ്ക്ഫോർട്ടിൽനിന്ന് ഗിസ്സൻ നഗരത്തിലേക്കുള്ള ദൂരം 55 കിലോമീറ്ററാണ്. ഏകദേശം 45 മിനുറ്റിന്റെ യാത്രയ്ക്കുശേഷം അമീറുൽ മുഅ്മിനീന്റെ കാർ നഗരാതിർത്തിയിൽ പ്രവേശിച്ചു. അപ്പോൾ നഗരത്തിലെ പോലീസ് യാത്രാസംഘത്തിന് escort ചെയ്തു. പോലീസിന്റെ വാഹനങ്ങൾ വിവിധ സ്ഥലങ്ങളിൽ വഴി

**കലാമുൽ ഇമാം:-**

"ദുഃഖമുണ്ടാകുമ്പോഴും വിപത്ത് വരുമ്പോഴും ക്ഷണത്തിൽ നമസ്കാരത്തിന് നിൽക്കുക എന്ന കുറിപ്പടി എപ്പോഴും ഓർത്തുകൊള്ളുകയും അതിൽനിന്ന് ഫലമെടുക്കുകയും ചെയ്തുകൊള്ളുക."
(മൽഫൂദാത്ത്, വാല്യം 5, പേജ് 96).

**ത്വാലിബെ ദുആ:**
റഹ്മാൻ ശക്കീറും കുടുബവും അഹ്മദിയ്യാ ജമാഅത്ത്, കരുളായി (കേരള)

**കലാമുൽ ഇമാം:-**

"ആരെയണോ ഏതെങ്കിലും കച്ചവടമോ ക്രയവിക്രയമോ അല്ലാഹുവിനെ സ്മരരിക്കുന്നതിൽനിന്ന് തടയാത്തത് അവരായിരിക്കണം നിങ്ങളുടെ മാതൃകയായിട്ടുള്ളവർ എന്ന് അല്ലാഹു പറയുന്നു."
(മൽഫൂദാത്ത്, വാല്യം 5, പേജ് 104)

**ത്വാലിബെ ദുആ:**
പരേതനായ അബ്ദുർറഹ്മാൻ തങ്ങൾ സാഹിബിന്റെ കുടുംബം
അഹ്മദിയ്യാ ജമാഅത്ത് ചാവക്കാട് (കേരള)

ക്ലിയർ ചെയ്യുന്നതിന് നിലവിലുണ്ടായിരുന്നു. 5.45ന് അമീറുൽ മുഅ്മിനീൻ മസ്ജിദ് ബയ്ത്തുസ്സമദിലെത്തി. തദ്ദേശ ജമാഅത്തംഗങ്ങൾ പുരുഷന്മാരും സ്ത്രീകളും കുട്ടികളും തങ്ങളുടെ പ്രിയപ്പെട്ട ഇമാമിന്റെ വരവും കാത്തുനിൽക്കുകയായിരുന്നു. ഹുദൂർ അൻവർ കാറിൽനിന്ന് പുറത്തിറങ്ങിയപ്പോൾ ജമാഅത്തംഗങ്ങൾ ആവേശഭരിതമായ നിലയിൽ ഹുദൂറിനെ വരവേറ്റു. ആൺകുട്ടികളും പെൺകുട്ടികളും പ്രാർഥനാഗീതങ്ങളും സ്വാഗതഗാനങ്ങളും അവതരിപ്പിച്ചു. ചെറിയവരും വലിയവരുമായ എല്ലാ ഓരോരുത്തരും കൈകളുയർത്തിക്കൊണ്ട് ഹുദൂർ അൻവറിനെ സ്വാഗതം ചെയ്തു. സ്ത്രീകൾ ഹുദൂറിനെകണ്ട് അനുഗ്രഹമടയുകയായിരുന്നു. ഗിസ്സൻജമാഅത്തിന്റെ സ്വദ്ർ ഡോക്ടർ ത്വാഹിർ ശീറാഥ് സാഹിബ്, റീജ്യണൽ അമീർ Hessen Mitte, മുസഫ്ഫർ അഹ്മദ് സാഹിബ്, ഗിസ്സനിലെ മുബല്ലിഗ് അർസലാൻ സിന്ധുസാഹിബ്, നിഗ്രാൻ തഅ്മീറെ മസ്ജിദ് അബ്ദുർറഹ്മാൻ സാഹിബ് എന്നിവർ ഹുദൂറിന് സ്വാഗതം പറയുകയും കൈകൊടുക്കാനുള്ള ഭാഗ്യം കരസ്ഥമാക്കുകയും ചെയ്തു. അതിനുശേഷം ഹുദൂർ മസ്ജിദിന്റെ പുറംഭിത്തിയിൽ നാട്ടിയിരുന്ന ശിലാഫലകം അനാച്ഛാദനം ചെയ്ത് ദുആ ചെയ്യിച്ചു. തുടർന്ന് അമീറുൽ മുഅ്മിനീൻ മസ്ജിദിന്റെ പുരുഷന്മാർക്കുള്ള ഹാളിലേക്ക് പോയി. ളുഹ്ർ, അസ്ർ നമസ്കാരങ്ങൾ ജംആക്കി നമസ്കരിപ്പിച്ചു. അതിനോടൊപ്പംതന്നെ ഈ മസ്ജിദിന്റെ ഉദ്ഘാടനകർമവും നിലവിൽവന്നു. നമസ്കാര നിർവഹണത്തിനുശേഷം അമീറുൽ മുഅ്മിനീൻ ഗിസ്സൻ ജമാഅത്തിന്റെ പ്രസിഡണ്ടിനോട് മസ്ജിദിനെ സംബന്ധിച്ച ചില കാര്യങ്ങൾ ചോദിച്ചു. ഹുദൂർ ചോദിച്ചപ്പോൾ സ്വദ്ർ സാഹിബ് പറഞ്ഞു: പ്ലോട്ട് വാങ്ങി നിർമിച്ചതാണ് ഈ മസ്ജിദ്. പ്ലോട്ടിന്റെ വിസ്തൃതി ആയിരം ചതുരശ്രമീറ്ററാണ്. മസ്ജിദിന് രണ്ട് ഹാളുണ്ട്. ഓരോ ഹാളിന്റേയും വിസ്തീർണം 61 ചതരുശ്രമീറ്ററാണ്. ഈ മസ്ജിദിൽ മൊത്തത്തിൽ 190 ആളുകൾക്ക് നമസ്കരിക്കാൻ കഴിയും. ജമാഅത്തിന്റെ അംഗസംഖ്യകളെക്കുറിച്ച് സ്വദ്ർ സാഹിബ് പറഞ്ഞു: ഈ ജമാഅത്തിന്റെ അംഗസഖ്യ 290 ആണ്. അതിനുശേഷം ഹുദൂർ വെളിയിൽവന്നു. മസ്ജിദിന്റെ പുറത്തുള്ള മുറ്റത്ത് അക്രോട്ടിന്റെ ചെടി നട്ടു.

അതിനുശേഷം ഹുദൂർ സ്ത്രീകളുടെ പന്തലിലെത്തി. അവിടെ പെൺകുട്ടികളുടെ സംഘങ്ങൾ പ്രാർഥനാഗീതങ്ങൾ അവതരിപ്പിച്ചു. സ്ത്രീകൾ ഹുദൂറിനെകണ്ട് ഭാഗ്യം കരസ്ഥമാക്കി. അമീറുൽ മുഅ്മിനീൻ ചെറിയ കുട്ടികൾക്ക് ചോക്ലേറ്റ് നൽകി. അതിനുശേഷം ഹുദൂർ മസ്ജിദിന്റെ താഴത്തെ ഹാളിൽപോയി. അവിടെ ഗിസ്സൻ ജമാഅത്തിന്റെ പ്രവർത്തനസമിതി അംഗങ്ങൾ ഹുദൂറുമൊത്ത് ഫോട്ടോയെടുത്തു. ഇതിനിടയിൽ കുട്ടികൾ മസ്ജിദിന്റെ മുറ്റത്ത് ഒരു വരിയായി നിന്നുകഴിഞ്ഞിരുന്നു. ഹുദൂർ മസ്ജിദിൽനിന്ന് പുറത്തുവന്നപ്പോൾ അവർക്ക് ചോക്ലേറ്റ് കൊടുത്തു. അതിനുശേഷം ഹുദൂർ വാത്സല്യത്തോടെ ഗിസ്സൻജമാഅത്തിന്റെ എല്ലാ അംഗങ്ങൾക്കും കൈകൊടുത്തനുഗ്രഹിച്ചു.

അതിനുശേഷം പരിപാടിയനുസരിച്ച് 6.25ന് Gissen Kongress Halleലേക്ക് പോയി. ഈ ഹാളിൽ സർക്കാർ-സർക്കാരേതര പരിപാടികൾ സംഘടിപ്പിക്കാറുണ്ട്. മസ്ജിദിന്റെ ഉദ്ഘാടനം സംബന്ധിച്ച് ഗിസ്സൻ ജമാഅത്ത് ഈ ഹാളിൽ ഒരു പരിപാടി സംഘടിപ്പിക്കുകയുണ്ടായി. ഈ ഹാൾ മസ്ജിദ് ബയ്ത്തുസ്സമദിന്റെ അടുത്തുതന്നെയാണ്. 5 മിനുറ്റ് യാത്രയ്ക്കുശേഷം 6.30 ന് ഹുദൂർ ഈ ഹാളിലെത്തി. ഇലക്ട്രോണിക്ക് പ്രിന്റ് മീഡിയാകളുടെ പ്രതിനിധികൾ ഈ പരിപാടിയുടെ കവറേജിനായി എത്തിയിരുന്നു. വേറൊരു മുറിയിൽ പ്രസ് കോൺഫറൻസിനുള്ള ഏർപ്പാടുകളും ചെയ്തിരുന്നു. അമീറുൽ മുഅ്മിനീൻ ആ മുറിയിലേക്ക് പോയി.

**പത്രസമ്മേളനം**

ഈ പത്രസമ്മേളനത്തിൽ ജർമനിയിലെ ഒരു ടിവി ചാനൽ ZDF Drehscheibe ന്റേയും രണ്ടു പത്രങ്ങൾ GieBener Anzeiger ന്റേയും Gie-Bener Allgemeine ന്റേയും പ്രതിനിധികളും ജേർണലിസ്റ്റുകളും ഉണ്ടായിരുന്നു.

☆ജേർണലിസ്റ്റിന്റെ ആദ്യത്തെ ചോദ്യം ജർമൻ കമ്മ്യൂണിറ്റി താങ്കൾക്ക് എത്ര പ്രധാനപ്പെട്ടതാണ് എന്നതായിരുന്നു.

അമീറുൽ മുഅ്മിനീൻ പറഞ്ഞു:എല്ലാ അഹ്മദികളും അവർ ആഫ്രിക്കയിലെ ദൂര സ്ഥലങ്ങളിൽ വസിക്കുന്നവരായാലും ജർമനിയിലും അല്ലെങ്കിൽ തെക്കനമേരിക്കയിലും മധ്യപൗരസ്ത്യ ദേശങ്ങളിലും യൂറോപ്പിലും ആസ്ത്രേലിയായിലും അല്ലെങ്കിൽ വടക്കൻ അമേരിക്കയിൽ വസിക്കുന്നവരായാലും അവരെല്ലാം എനിക്ക് വളരെ പ്രധാനപ്പെട്ടവരാണ്. കാരണം ഇവർ ഇക്കാലത്തിന്റെ പരിഷ്കർത്താവിനെ വിശ്വസിച്ചവരാണ്. ഇദ്ദേഹത്തെ സംബന്ധിച്ച് ഇസ്ലാമിന്റെ പ്രവാചകൻ നബി(സ) തിരുമേനി പ്രവചനം ചെയ്തിരുന്നു. അവസാനകാലത്ത് ഒരാൾ വരും. അയാൾ ഇസ്ലാമിന്റെ യഥാർഥ അധ്യാപനങ്ങളെ ജീവിപ്പിക്കുന്നതായിരിക്കും. നബി(സ) തിരുമേനി പറഞ്ഞു: അദ്ദേഹം വരികയും വാദിക്കുകയും ചെയ്താൽ അദ്ദേഹത്തെ വിശ്വസിക്കണം. ആരാണോ അദ്ദേഹത്തെ വിശ്വസിക്കുന്നത് അവരെല്ലാവരും എനിക്ക് പ്രധാനപ്പെട്ടവരാണ്. അവർ ജർമൻകാരാവട്ടെ, ആഫ്രിക്കക്കാരാവട്ടെ, ഏഷ്യക്കാരാവട്ടെ എവിടെനിന്നുള്ളവരായാലും വേണ്ടില്ല.

☆ജേർണലിസ്റ്റ് ചോദിച്ചു: യൂറോപ്പിൽ മുസ്ലിം ലോകത്തിന്നെതിരിൽ വർധിച്ചിരിക്കുന്ന വെറുപ്പിനെ നിങ്ങൾ എങ്ങനെയാണ് കാണുന്നത്?

ഹുദൂർ പറഞ്ഞു: വർധിച്ചിട്ടുള്ള ഈ വെറുപ്പ് വളരെ വിഷമത്തോടെ പറയാനാഗ്രഹിക്കുകയാണ്. ഇതിനു കാരണം ചില മുസ്ലിംകളുടെ ദുഷ്കർമങ്ങളാണ്. അല്ലെങ്കിൽ ചില ഭീകരവാദങ്ങളും അക്രമങ്ങളും ഇസ്ലാമിന്റെ പേരിൽ ചെയ്യപ്പെട്ട കർമങ്ങളാണ്. ആരെങ്കിലും അതിക്രമം കാണിച്ചാൽ ജനങ്ങൾ നിങ്ങൾക്കെതിരിൽ ശബ്ദമുയർത്തുന്നതാണ്. നിങ്ങൾ മുസ്ലിമാണെങ്കിലും വേണ്ടില്ല. മറ്റേതെങ്കിലും മതവുമായി ബന്ധംവെക്കുന്നവരാണെങ്കിലും വേണ്ടില്ല. ഞാൻ അങ്ങേയറ്റം വിഷമത്തോടെ പറയുകയാണ്. കുറച്ച് മുസ്ലിം സംഘങ്ങൾ വാദിക്കുന്നത് അവർ ഈ കർമങ്ങൾ ഇസ്ലാമിന്റെ പേരിൽ ചെയ്തുകൊണ്ടിരിക്കുന്നവെന്നാണ്. കാരണം അവരുടെ പക്കൽ ഇത് ഇസ്ലാമിന്റെ യഥാർഥ അധ്യാപനമാണ്. യഥാർഥത്തിൽ അത് അങ്ങനെയല്ല. അതുകൊണ്ട് യൂറോപ്പിൽ വസിക്കുന്ന അമുസ്ലിംകളുടെ പ്രതികരണം അങ്ങനെതന്നെയാണ്. അത് നോർമൽ ആയിരിക്കേണ്ടതാണ്. അതുകൊണ്ട് ഈ ആളുകൾ ഇസ്ലാമിന്റെ യഥാർഥവും സത്യസന്ധവുമായ അധ്യാപനത്തിന്റെ വക്താക്കളല്ലെന്നാണ് ഞങ്ങൾ പറയുന്നത്. ഇവർ ഇസ്ലാമിന്റെ സത്യസന്ധരായ പ്രതിനിധികളല്ല. ഞാൻ ആദ്യമേ പറഞ്ഞുകഴിഞ്ഞിട്ടുള്ളതുപോലെ നബി(സ) തിരുമേനിയുടെ പ്രവചനമായിരുന്നു ഇസ്ലാമിന്റെ സത്യസന്ധമായ അധ്യാപനത്തെ വീണ്ടും ജീവിപ്പിക്കുന്ന ആൾ അവസാനകാലത്ത് വെളിപെടുമെന്ന്. അഹ്മദികളായ ഞങ്ങൾ ഈ യഥാർഥമായ അധ്യാപനങ്ങൾ ലോകത്തിന് പരിചയപ്പെടുത്തിക്കൊടുക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു.

☆ജേർണലിസ്റ്റ് ചോദിച്ചു ധാരാളം മുസ്ലിംകൾ നിങ്ങളുമായി യോജിക്കുന്നവരല്ലല്ലോ?

ഹുദൂർ പറഞ്ഞു: ഇതുതന്നെയാണ് ഞാൻ പറഞ്ഞത്, അവർ ഞങ്ങളുമായി യോജിക്കാറില്ല. പക്ഷേ, ഇസ്ലാമിന്റെ പ്രവാചകൻ നബി(സ) തിരുമേനിയുടെ പ്രവചനം, മുസ്ലിംകളുടെ ഭൂരിഭാഗവും ഇസ്ലാമിന്റെ യഥാർഥ അധ്യാപനം മറന്നുപോകുമെന്നും അവർ ഇസ്ലാമിന്റെ പരിശുദ്ധഗ്രന്ഥമായ വിശുദ്ധഖുർആനെ തെറ്റായി വ്യാഖ്യാനിക്കുമെന്നുമാണ്. അപ്പോഴാണ് ഒരു സത്യവാനായ പരിഷ്കർത്താവ് വരുന്നത്. അദ്ദേഹം ഇസ്ലാമിന്റെ സത്യസന്ധമായ അധ്യാപനത്തെ ജീവിപ്പിക്കുന്നതാണ്. അവരുടെ ഭൂരിപക്ഷവും ഞങ്ങളുമായി യോജിക്കുന്നില്ലെങ്കിൽത്തന്നെയും ധാരാളം മുസ്ലിംകൾ ഓരോ വർഷവും ഞങ്ങളിൽ ചേർന്നുകൊണ്ടിരിക്കുന്നുണ്ട്. ഇന്നേക്ക് ഏകദേശം 127 വർഷം മുമ്പേ ഒരേയൊരു വ്യക്തിയായിരുന്നു ഉണ്ടായിരുന്നത്. ഖാദിയാൻ എന്ന ദൂരനാട്ടിലായിരുന്നു അദ്ദേഹം. അദ്ദേഹം ഇസ്ലാമിന്റെ പ്രവാചകൻ നബി(സ) തിരുമേനി പ്രവചനം ചെയ്ത പരിഷ്കർത്താവാണെന്ന് വാദിച്ചു. ഇന്ന് ആ ഒരു വ്യക്തി 30, 20 മില്യണായി മാറിക്കഴിഞ്ഞിരിക്കുന്നു. ഈ കമ്യൂണിറ്റി ഇപ്പോൾ ലോകത്തിന്റെ എല്ലാ സ്ഥലത്തുമുണ്ട്. ഞങ്ങൾ പറയുന്നത് വിശുദ്ധഖുർആന്റെ യഥാർഥ വ്യാഖ്യാനമാണെന്നും അതുതന്നെയാണ് ഇസ്ലാമിന്റെ പ്രവാചകന്റെ നടപടിക്രമമനുസരിച്ചിട്ടുള്ളതെന്നും അവർക്ക് ബോധ്യമാകുമ്പോൾ അവർ ഞങ്ങളെ വിശ്വസിക്കുന്നു. ഞങ്ങളുടെ കൂടെ ചേരുകയും ചെയ്യുന്നു. ഒരു നാൾ ഇവരെല്ലാവരും അല്ലെങ്കിൽ അവരിൽ ഭൂരിഭാഗവും തീർച്ചയായും ഇത് മനസ്സിലാക്കുമെന്നും ഞങ്ങളോടൊപ്പം ചേരുമെന്നും ഞങ്ങൾക്ക് പ്രതീക്ഷയുണ്ട്. ഇതിന് സമയമെടുക്കും. മതപരമായ ജമാഅത്തുകൾ ധാരാളം സമയമെടുക്കാറുണ്ട്. ക്രൈസ്തവ മതം ഒരൊറ്റ ദിവസംകൊണ്ടാണോ വ്യാപിച്ചത്. അല്ല, മറിച്ച് മുന്നൂറ് വർഷത്തിലേറെ കാലം ക്രൈസ്തവമതത്തെക്കുറിച്ച് ഇവർ അറിഞ്ഞു

**കലാമുൽ ഇമാം:-**

"വിശുദ്ധഖുർആൻ മനസ്സിലാക്കുന്നതിനും അതനുസരിച്ച് സന്മാർഗം പ്രാപിക്കുന്നതിനും തഖ്വ അത്യാവശ്യമായ മൂലധനമാണ്."
(മൽഫൂദാത്ത്, വാല്യം 5, പേജ് 121)

**ത്വാലിബെ ദുആ:**
കെ. മുഹമ്മദ് ശരീഫും കുടുംബവും അഹ്മദിയ്യാ ജമാഅത്ത്, വാണിയമ്പലം (കേരള)

**കലാമുൽ ഇമാം:-**

"ഇസ്ലാം യഥാർഥമായ ഈശ്വരജ്ഞാനം പ്രദാനം ചെയ്യുന്നു. അതുമുഖേന മനുഷ്യന്റെ പാപപങ്കിലമായ ജീവിതത്തിനുമേൽ മരണം സംഭവിക്കുന്നു."(മൽഫൂദാത്ത്, വാല്യം 4, പേജ് 344).

**ത്വാലിബെ ദുആ:**
അഹ്മദിയ്യാ ജമാഅത്തംഗങ്ങൾ മുറിയക്കണ്ണി (കേരള)

EDITOR
H.Shamsuddin
Sub Editor : Mohammad Ismail
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551
ബദ്ർ വീക്കിലി ഖാദിയാൻ The Weekly BADAR Qadian
Distt. Gurdaspur (Pb.) INDIA Qadian - 143516
POSTAL REG NO GDP- 44/2017-2019 Vol-2 Thursday 19 October 2017 Issue-42

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 300/- (Per Issue : Rs. 6/-) (**WEIGHT** - 20-50 gms/issue)

കൊണ്ടിരുന്നു. അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകർ പറഞ്ഞു 300 വർഷത്തിനുള്ളിൽ ജന ങ്ങളുടെ ഭൂരിഭാഗവും ഇസ്ലാമിന്റെ യഥാർഥ അധ്യാപനത്തെ അംഗീകരിക്കുന്നതായിരിക്കും. അത് അഹ്മദിയ്യത്താണ്.

☆ജേർണലിസ്റ്റ് ചോദിച്ചു: ഈ പരിതഃസ്ഥിതി യിൽ യൂറോപ്പിലെ രാഷ്ട്രീയക്കാരും അവിടത്തെ സമൂഹവും ഭീകരതയ്ക്കെതിരെ എന്താണ് ചെയ്യേണ്ടത്? മുസ്ലിംകളുടെ ഭീകരതയ്ക്കെതി രിൽ നമ്മൾ എന്താണ് ചെയ്യേണ്ടത്?

ഹുദൂർ പറഞ്ഞു: ഞങ്ങൾതന്നെയും ഈ ഭീക രതയ്ക്കെതിരാണ്. രാഷ്ട്രീയക്കാരെന്ന നിലയി ൽ നിങ്ങൾ ലോകത്തിന് ശരിയായ സന്ദേശം അഹ്മദിയ്യാ കമ്യൂണിറ്റി എത്തിച്ചുകൊണ്ടിരി ക്കുന്നതുപോലെ എത്തിക്കേണ്ടതാണ്. എപ്പോ ഴെങ്കിലും അക്രമികളിൽനിന്ന് അക്രമം ഉണ്ടാവു കയാണെങ്കിൽ അതിൽനിന്ന് പ്രകടമാകുന്നത് ജനങ്ങൾ ആകർഷിക്കപ്പെടുന്നുണ്ടെന്നാണ്. ഉദാ ഹരണത്തിന് ചാവേർ ആക്രമണം. അല്ലെങ്കിൽ വെടിവെപ്പ്. അല്ലെങ്കിൽ വണ്ടി ഇടിച്ച് കൊല്ലൽ. ഇത്തരം സംഭവങ്ങൾ പ്രസ്സിലും മീഡിയകളിലും വലിയ വാർത്തയാകാറുണ്ട്. പക്ഷേ, മറുഭാഗത്ത് ആയിരക്കണക്കിന് ലക്ഷക്കണക്കിന് ആളു കൾ സമാധാനം നിറഞ്ഞ ഇസ്ലാമിനെ- അത് അഹ്മദിയ്യത്താണ് -സ്വീകരിക്കുന്നു. പക്ഷേ, നി ങ്ങൾ അതിന്റെ വാർത്ത നൽകുന്നില്ല. നിങ്ങ ളോട് കുറച്ചാളുകളാണ് ഇസ്ലാമിന്റെ പേരിൽ ദുഷ്കർമങ്ങൾ ചെയ്യുന്നതെന്ന് പറയുമ്പോൾ ഇസ്ലാമിന്റെ പേരിൽ സൽകർമങ്ങൾ ചെയ്യു ന്നവരുമുണ്ടല്ലോ. അവർ ശാന്തിയുടെ, സ്നേ ഹത്തിന്റെ, സാഹോദര്യത്തിന്റെ സന്ദേശം പ്ര ചരിപ്പിച്ചുകൊണ്ടിരിക്കുന്നവരാണ്. അതിനാൽ അത്തരക്കാരേയും നോക്കണം. നിങ്ങൾ ഇരുഭാ ഗത്തിന്റേയും യഥാർഥമായ ചിത്രം അവതരിപ്പി ക്കുകയാണെങ്കിൽ ജനങ്ങൾ ഇസ്ലാമിന്റെ ഒരു ചിത്രം മാത്രം എടുക്കുകയില്ല. അവർ ഇസ്ലാമി ന്റെ യഥാർഥ ധ്വജവാഹകരായ ആ കുറച്ചാളുക ളേയും കാണുന്നതായിരിക്കും.

☆ജേർണലിസ്റ്റ് ചോദിച്ചു: മറ്റൊരു പ്രശ്നമു ണ്ട്. താങ്കൾ integrationന്റെ പക്ഷത്താണോ? നിങ്ങൾ സ്ത്രീകളേയും പുരുഷന്മാരേയും വെവ്വേറെയാണ് കാണുന്നത്. ഇപ്രകാരം താ ങ്കൾ integrationന്റെ പക്ഷത്താണോ ഉള്ളത്?

ഹുദൂർ പറഞ്ഞു: ഇതാണൊരു പ്രശ്നം. ഇത് യഥാർഥമായ integrationന് അനിവാര്യമാണ്. അല്ല. വെറും ഒരു പ്രശ്നമല്ല. എന്റെ പക്കൽ integration എന്നു പറയുന്നത് നിങ്ങൾ നി ങ്ങളുടെ ദേശത്തെ സ്നേഹിക്കുക എന്നതാ ണ്. നിയമങ്ങൾ പാലിക്കുക എന്നതാണ്. നി ങ്ങളുടെ എല്ലാ കഴിവുകളുംകൊണ്ട് രാജ്യ ത്തിന്റെ പുരോഗതിക്കായി പ്രവർത്തിക്കുക. ഇതാണ് ശരിയായ integration. നിങ്ങൾ ഏതെ ങ്കിലും രാജ്യങ്ങളിൽനിന്ന് വന്നയാളാണെങ്കിൽ നിങ്ങൾ ഈ രാജ്യത്തിന്റെ Nationality എടു ത്തതാണെങ്കിൽ പിന്നീട് നിങ്ങൾക്ക് ഈ രാ ജ്യത്തേയും ഇവിടത്തെ ജനങ്ങളോടും ആത്മാ ർഥതയോടും വിശ്വസ്തതയോടുംകൂടി പ്രവ ർത്തിക്കേണ്ടിവരും. ഇതാണ് ഒരു കാര്യം. രണ്ടാമത്തെ കാര്യം ഞങ്ങൾ പുരുഷന്മാരേയും സ്ത്രീകളേയും വെവ്വേറെ കാണുകയാണെ ങ്കിൽ ഇതൊരു മതപരമായ കാര്യമാണ്. മത പരമായ അധ്യാപനത്തിന്റെ കാരണത്താ ലാണ് അങ്ങനെയുള്ളത്. എന്നിട്ടും ഞങ്ങളുടെ സ്ത്രീഡോക്ടർമാർ ആശുപത്രികളിൽ പുരുഷ ഡോക്ടർമാരോടൊപ്പം പ്രവർത്തിച്ചുകൊണ്ടിരി ക്കുന്നു. പുരുഷനേഴ്സുമാരോടൊപ്പം സ്ത്രീനേ ഴ്സുമാരും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. പു രുഷനും സ്ത്രീയും രോഗികൾക്ക് തുല്യമായ ശുശ്രൂഷ നൽകിക്കൊണ്ടിരിക്കുന്നു. ലബോറട്ട റികളിൽ പുരുഷന്മാരും സ്ത്രീകളും ചേർന്നു കൊണ്ട് പ്രവർത്തിച്ചുവരുന്നു. എവിടെയൊക്കെ പുരുഷനും സ്ത്രീയും കൂടിച്ചേർന്ന് പ്രവർത്തി ക്കാൻ ആവശ്യമുണ്ടോ ഞങ്ങളത് ചെയ്യുന്നു ണ്ട്. ഞങ്ങൾ ആരാധിക്കുമ്പോൾ പുരുഷന്മാരും സ്ത്രീകളും ഈ വ്യത്യാസം വെക്കുകയാണ്. അതിന്റെ പിന്നിൽ യുക്തിയുണ്ട്. അത് ഞാൻ വിവരിക്കുകയാണെങ്കിൽ സമയമെടുക്കും. ചില യാളുകൾ എന്നെ പ്രതീക്ഷിച്ചിരിക്കുന്നുണ്ട്. ഇതൊരു ദീർഘമായ വിഷയമാണ്. പക്ഷേ, ഞങ്ങൾ വളരെ നല്ലനിലയിൽ integratedാണ്. integrationന്റെ ഉദ്ദേശ്യം ഒരിക്കലും ഞങ്ങൾ മതപരമായ അധ്യാപനങ്ങളെ കൈവിടുക എന്ന തല്ല. അത് എന്താണെന്നുവെച്ചാൽ ഞങ്ങൾ മതപരമായ അധ്യാപനങ്ങളെ ഉപേക്ഷിക്കലല്ല. അത് ഇതാണ്. ഞങ്ങളുടെ സ്ത്രീകൾ ഉചിത മായ വസ്ത്രങ്ങൾ ധരിക്കുകയും അവർ തല കൾ മറയ്ക്കുകയും ചെയ്യുന്നു. പുരുഷന്മാർക്ക് ആകർഷണത്തിന് കാരണമാകാതിരിക്കാനാണ് ഇത് ചെയ്യുന്നത്. ദുഷ്ടദൃഷ്ടികളിൽനിന്ന് രക്ഷ പ്പെടുന്നതിനാണ്. ഇതാണ് കാരണങ്ങൾ. എ ന്നാൽ, എവിടെ കൂടിച്ചേർന്ന് പ്രവർത്തിക്കേണ്ട ആവശ്യമുണ്ടോ ഞങ്ങൾ അവിടെ കൂടിച്ചേർന്ന് പ്രവർത്തിക്കുന്നുണ്ട്. ഞങ്ങളുടെ സ്ത്രീകൾ വെ ളിയിൽ ചന്തകളിലും മറ്റും പോകുന്നു. അവർ പോകാറില്ലേ? ഇവിടെ ധാരാളം അഹ്മദി മുസ് ലിം സ്ത്രീകളുണ്ട്. അവരെ എനിക്ക് അറിയാം. അവർ ഷോപ്പിംഗ് സ്റ്റോർ തുടങ്ങിയ സ്ഥലങ്ങ ളിൽ ജോലി ചെയ്യുന്നു. ചിലർ സ്വന്തം ജോലി കൾ ചെയ്യുന്നവരുമുണ്ട്. അപ്പോൾ പിന്നെ inte- grationന്റെ അർഥമെന്താണ്?

☆ജേർണലിസ്റ്റ് ചോദിച്ചു: സാമാജികവും സാമൂ ഹികവുമായ പ്രവർത്തനങ്ങളിലുള്ള പങ്കെടു ക്കൽ?

ഹുദൂർ പറഞ്ഞു: ഞങ്ങൾ ഇത്തരം പരിപാടി കളിൽ പങ്കെടുക്കാറുണ്ട്. എന്താണ് മൂല്യങ്ങൾ? നിങ്ങൾ പറയുന്നത് ക്ലബ്ബിൽ പോകുക, മദ്യപി ക്കുക, തുടങ്ങിയ കാര്യങ്ങളിലൂടെയാണ് inte- grate ആകാൻ സാധിക്കുന്നതെന്നാണെങ്കിൽ ഇത് തെറ്റായ കാര്യമാണ്. ഹുദൂർ പറഞ്ഞു: ഇത് കൂടാതെയും ഒരുപാട് മൂല്യങ്ങളുണ്ട്. ഞങ്ങളുടെ ചില മതപരമായ നിർബന്ധകടമ കളുമുണ്ട്. മതപരമായ നിർബന്ധകാര്യങ്ങളോ ടൊപ്പം ഞങ്ങൾ ഞങ്ങളുടെ എല്ലാ കഴിവുകളും രാജ്യത്തിന്റെ പുരോഗതിക്കായി ഉപയോഗിക്കേ ണ്ടതാണ്. എന്റെ പക്കൽ ഇതാണ് ശരിയായ integration. ഹുദൂർ പറഞ്ഞു: ഞാൻ വിചാരി ക്കുന്നത് താങ്കൾ ഇത്രമാത്രം ചോദിച്ചതിൽ മറ്റു ള്ളവർ ചോദിച്ചതുമുണ്ടെന്നാണ്. ഇനി അവരു ടെയും കുറച്ച് ചോദ്യങ്ങളുണ്ടെങ്കിൽ അവർക്ക് ചോദിക്കാൻ കഴിയുന്നില്ലെങ്കിൽ അത് താങ്കൾ കാരണത്താലായിരിക്കും ഞാൻ കാരണത്താ ലായിരിക്കുകയില്ല.

പ്രസ് കോൺഫറൻസിനുശേഷം അമീറുൽ മുഅ്മിനീൻ ഹാളിന്റെ പുറത്തുഭാഗത്തേക്ക് വന്നു. അവിടെ ഹുദൂർ മുറ്റത്ത് നട്ടിരുന്ന ഒരു ചെടിക്ക് വെള്ളമൊഴിച്ചു. ഈ ചെടി ഗിസ്സൻ നഗരത്തിന്റെ ലോഡ് മേയർ മിസ്സിസ്സ് Dietlind Grabe Bols മസ്ജിദ് ബയ്ത്തുസ്സമദിന്റെ ഉദ്ഘാ ടനത്തിന്റെ സന്തോഷത്തിൽ ജമാഅത്തിന് ന ൽകിയതാണ്. ആ ചെടിക്ക് വെള്ളമൊഴിച്ചു. ആ വെള്ളം നഗരത്തിന്റെ ഘമവി നദിയിൽനിന്ന് പ്ര ത്യേകമായ നിലയിൽ കൊണ്ടുവന്നതായിരുന്നു. അമീറുൽ മുഅ്മിനീൻ ചെടിക്ക് വെള്ളമൊഴി ച്ചുകൊണ്ട് മേയറോട് താങ്കളും ഈ ബക്കറ്റിന്റെ ഒരു ഭാഗം പിടിക്കുക എന്ന് പറഞ്ഞു. ഇപ്രകാ രം ഹുദൂർ അൻവറും മേയറും ചേർന്ന് ചെടിക്ക് വെള്ളമൊഴിച്ചു.

(2017 ആഗസ്ത് 31 - സപ്തംബർ 14)

## 123-ാമത്
## ജൽസ സാലാന ഖാദിയാൻ

സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീ ഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്ത ആല ബിനസ്രിഹിൽ അസീസ് 123-ാമത് ജൽസ സാലാന (വാർഷികസമ്മേളനം) ഖാദിയാൻ 2017 ഡിസംബർ 29,30,31(വെള്ളി, ശനി, ഞായർ)തിയതി കളിൽ നടത്താൻ സമ്മതം നല്കിയിരിക്കുന്നു. ജമാ അത്തംഗങ്ങൾ ഇപ്പോൾമുതൽതന്നെ ദുആയോടു കൂടി ഈ അനുഗൃഹീത ജൽസയിൽ പങ്കെടുക്കാൻ തയ്യാറെടുപ്പുകൾ തുടങ്ങുക. അല്ലാഹു നമുക്കെല്ലാ വർക്കും ഈ ദൈവിക ജൽസയിൽനിന്ന് ഉപകാരമെ ടുക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. ജൽസസാലാന എല്ലാവിധത്തിലും വിജയകരവും അനുഗൃഹീതവും ആകുന്നതിനും സൗഭാഗ്യരായ ആളുകൾക്ക് സന്മാർഗപ്രാപ്തിക്ക് കാരണമാകുന്നതിനുംവേണ്ടി ദുആചെയ്തുകൊണ്ടിരിക്കുക. ജസാക്കുമുല്ലാഹ്

***(നാളിർ ഇസ്ലാഹ്-ഒ-ഇർശാദ് മർക്കസിയ്യ ഖാദിയാൻ)***




**പേജ് 1ൽ നിന്ന്**

അങ്ങയിൽ തെണ്ടമാണെന്ന് അല്ലാഹു ഏറ്റവും ന ന്നായി അറിയുന്നവനാണ്. ഞാൻ ആയിരം ജീവനേ ക്കാൾ അങ്ങയിൽ തെണ്ടമാണ്. എന്റെ സഹോദരനും മാതാപിതാക്കളും അങ്ങയിൽ ബലിയർപ്പിക്കപ്പെട്ടിരി ക്കുന്നു. എന്റെ പര്യവസാനം അല്ലാഹു അങ്ങയോ ടുള്ള സ്നേഹത്തിലും അനുസരണത്തിലുമാക്കുമാറാ കട്ടെ. ആമീൻ.

മീ പരീദം സോയേ കൂവേ തൊ മുദാം
മൻ അഗർ മേയദ് അശ്ത്തം ബാലോ പരേ.

വിനീതൻ സയ്യിദ് നാസ്വിർശാഹ് ഓവർസിയർ, ബാരാ മുല്ലാ, കശ്മീർ, 1906, ആഗസ്ത് 15. യഥാർഥത്തിൽ ഈ യുവാവ് ആത്മാർഥനും അങ്ങേയറ്റം ആത്മാർഥത വെച്ചുപുലർത്തുന്ന ആളുമാണ്. ഈ അടുത്ത് 2000 രൂപയോ അതിലധികമോ തന്റെ സ്നേഹത്തിന്റെ ആവേശത്തള്ളിച്ചയാൽ നൽകിക്കഴിഞ്ഞിട്ടുള്ളതേയു ള്ളു. ഈ കത്തിനോടൊപ്പവും (50 രൂപ 1 പൈസ) എത്തിയിരിക്കുന്നു.

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin